# കാർമ്മൽ

QUARTERLY

CARMEL



OCTOBER

1957

ത്രൈമാസികം

വർഷം 10 പു. 10 ലക്കം 4

ഒക്ടോബർ — 1957

കാർമ്മൽ

വർഷം 10 പു. 10 } ഒക്ടോബർ 1957 { ലക്കം 4

# ആ വെല്ലുവിളി

വൈദികവിദ്വേഷിയും മതവിരോധിയുമായിരുന്ന റെനാൻ-ഒരു ഫ്രഞ്ചുകാരൻ ഒരിക്കൽ—എഴുതുകയുണ്ടായി: "റോമായിൽനിന്ന പുണ്യവാന്മാരെ നാമകരണം ചെയ്തുകൊണ്ടിരിക്കും; എന്നാൽ പണ്ടത്തേപ്പോലെ ജനങ്ങൾ നാമകരണം ചെയ്യുന്ന പുണ്യവാന്മാർ ഇനിയുണ്ടാകയില്ല.''

ദൈവം ഈ വെല്ലുവിളിയെ എല്ലാപ്രകാരം സ്വീകരിച്ചെന്നു് വി. കൊച്ചുത്രേസ്യായുടെ നാമകരണനടപടി സാക്ഷ്യം വഹിക്കുന്നു.

റെനാനേയും അയാളെപ്പോലെയുള്ളവരേയും ലജ്ജിപ്പിക്കുവാൻ ദൈവം തിരഞ്ഞെടുത്തതു് ഫ്രാൻസിലെ ഒരപ്രസിദ്ധമായ പട്ടണത്തിൽ ഒരു കർമ്മെലിത്താമഠത്തിന്റെ കനത്തഭിത്തികൾക്കുള്ളിൽ അജ്ഞാതവാസം കഴിച്ചിരുന്ന ഒരു യുവകന്യകയേയാണു്. വി. കൊച്ചുത്രേസ്യായെ സംബന്ധിക്കുന്ന കാര്യങ്ങളെല്ലാം അന്നു് എത്രയ്ക്കു് അജ്ഞാതവും അന്ധകാരനിബിഡവും വിനയസമന്വിതവും ആയിരുന്നുവോ, ഇന്നു് അത്രയ്ക്കു് ഭുവനപ്രസിദ്ധവും പ്രകാശമാനവും ബഹുമാനസമ്പൂർണ്ണവും ആയിരിക്കുന്നു.

പരസ്യജീവിതത്തിൽ യാതൊരു കീർത്തിയും ആർജ്ജിച്ചിട്ടില്ലാത്ത ഒരിടത്തരം കുടുംബത്തിൽ അവൾ ജനിച്ചു. സാധാരണ പെൺകുട്ടികളേപ്പോലെ, എങ്കിലും വളരെ നിഷ്കളങ്കയായി, അവൾ വളർന്നു. ചെറുപ്പത്തിലേതന്നെ മഠത്തിൽ ചേർന്നു. അവിടെയും അസാധാരണ ജീവിതത്തിന്റെയോ പ്രവൎത്തനങ്ങളുടേയോ ബാഹ്യചിഹ്നങ്ങൾ ഒന്നും പ്രകടിപ്പിച്ചിട്ടില്ല. വലിയ ജോലികാര്യങ്ങളൊന്നും നിർവ്വഹിക്കാൻ ശക്തിയില്ലാത്തവളായി, ക്ഷയരോഗിണിയായി ജീവിച്ചു് 24-ാമത്തെ വയസ്സിൽ മരണം പ്രാപിച്ചു ലിസ്യൂവിലെ പൊതുസിമിത്തേരിയിൽ വളരെ കുറച്ചു ആളുകളുടെ സാന്നിദ്ധ്യത്തിൽ മൃതശരീരം അടക്കപ്പെട്ടു. അധികമാളുകളൊന്നും അവളുടെ മരണവൃത്താന്തം അറിഞ്ഞുമില്ല.

എന്നാൽ ഇന്നു് അവൾ ലോകപ്രസിദ്ധയാണു്; ജനങ്ങളുടെ ആരാധ്യഭാജനമാണു്. എന്താണു് കാരണം? പതിനൊന്നാം പീയൂസ് മാർപ്പാപ്പാ 1925 മേയ് മാസത്തിലെ ഒരു സുപ്രഭാതത്തിൽ അവളെ വിശുദ്ധയായി നാമകരണം ചെയ്തതല്ലാ അതിന്റെ കാരണം. വിശുദ്ധന്മാരുടെ നാമകരണത്തിനു കത്തോലിക്കസഭ ബുദ്ധിപൂർവ്വം കണ്ടുവച്ചിരിക്കുന്ന കാലാവധി കൊച്ചുത്രേസ്യായുടെ കാര്യത്തിൽ വെട്ടിക്കുറയ്ക്കുന്നതിനു പ. പിതാവിനെ പ്രേരിപ്പിച്ചതു് ജനങ്ങൾ തന്നെയാണു്.

കൊച്ചുത്രേസ്യായുടെ മരണാനന്തരം അധികനാൾ കഴിയുന്നതിനുമുമ്പേ, അവളുടെ പുണ്യപരിമളം ലിസ്യൂവിൽ നിന്നു് പുറത്തേയ്ക്കു വ്യാപിച്ചുതുടങ്ങി. അതു് ശീഘ്രം ഫ്രാൻസിന്റെ അതിർത്തി വിട്ടു് ഇതരരാജ്യങ്ങളിലേക്കും കടൽ കടന്നു് ഇതരഭൂവിഭാഗങ്ങളിലേക്കും പരന്നു. തീർത്ഥസംഘങ്ങൾ തീവണ്ടിവഴിയും കപ്പൽ വഴിയും ലിസ്യൂവിലേക്കു് ഒഴുകിത്തുടങ്ങി. ഈ യുവവിശുദ്ധയേക്കുറിച്ചു് കൂടുതൽ അറിയാനുള്ള അഗ്രഹം ആളുകളിൽ വർദ്ധിച്ചതോടെ അവളുടെ സ്വയം

കൃത ജീവചരിത്രം വിവിധ ഭാഷകളിലേക്ക് വിവർത്തനം ചെയ്യപ്പെട്ടു. ലോകത്തിന്റെ നാനാഭാഗത്തുനിന്നും വിശ്വാസികളും, വൈദികരും മെത്രാന്മാരും അവളെ തങ്ങളുടെ അൾത്താരകളിൽ പ്രതിഷ്ഠിച്ചു വണങ്ങുന്നതിന് അനുവദിക്കണമെന്ന് പ. സിംഹാസനത്തോട് കൂട്ടംകൂട്ടമായി അഭ്യർത്ഥിച്ചു.

ജനങ്ങളുടെ വർദ്ധിച്ചുവരുന്ന തീക്ഷ്ണതയും ഉത്സാഹവും കണ്ടിട്ട് ഒരു കർദ്ദിനാൾ 1919-ൽ പറയുകയുണ്ടായി: "ജനസ്വരം നമുക്കു മുമ്പ് തെരീസായെ നാമകരണം ചെയ്യണമെന്ന് നാം ആഗ്രഹിക്കുന്നില്ലെങ്കിൽ, നമ്മുടെ യുവവിശുദ്ധയുടെ നാമകരണ നടപടികൾ നാം ത്വരിതപ്പെടുത്തണം. ജനങ്ങൾ കരഘോഷം കൊണ്ട് പുണ്യവാന്മാരെ പേരുവിളിച്ചിരുന്ന പുരാതനസഭയുടെതുപോലെയുള്ള കാലമായിരുന്നു ഇന്നത്തേതെങ്കിൽ, സിസ്റ്റർ തെരീസാ വളരെ മുമ്പുതന്നെ വാഴ്ത്തപ്പെട്ടവളാകുമായിരുന്നു."

വാസ്തവത്തിൽ പൊതുജനങ്ങളാണ് പുണ്യവതിയുടെ നാമകരണനടപടികൾക്കു വേഗത കൂട്ടിയതു്. ജനാധിപത്യത്തിന്റെ ഇക്കാലത്തു് ഒരു ജനകീയ വിശുദ്ധയെന്ന അപരനാമം വി. കൊച്ചുത്രേസ്യായ്ക്കു തികച്ചും യോജിച്ചതാണ്.

റോമായിൽ വിശുദ്ധന്മാരെ നാമകരണംചെയ്തുകൊണ്ടിരിക്കും; ജനങ്ങൾക്ക് അതിൽ പങ്കൊന്നും ഉണ്ടാകുകയില്ല എന്നൊക്കെ പറഞ്ഞ റെനാന്റെ രാജ്യമായ ഫ്രാൻസിന്റെ ഒരു പുത്രിയേ തന്നെയാണു ദൈവപരിപാലന തിരഞ്ഞെടുത്തതു് അയാളുടെ സാഹസികസമർത്ഥനം തെററിപ്പോയി എന്ന്, തെളിയിക്കുവാൻ.

അജ്ഞാതജീവിതത്തിന്റെ മറവിൽനിന്ന് അത്ഭുതകരമായവിധത്തിൽ സാമാന്യജനത വഴി ദൈവം വെളിക്കു കൊണ്ടുവന്ന ഈ വിശുദ്ധയേയാണ് ഈ അടുത്തകാലങ്ങളിൽ വാണിരുന്ന നാലു മാർപ്പാപ്പാമാർ ആധുനികലോകത്തിനു ഒരു മാതൃകയായി ചൂണ്ടിക്കാണിക്കുന്നതു്. നോക്കുക, തങ്ങളെത്തന്നെ താഴ്ത്തുന്നവരെ ദൈവം എപ്രകാരം ഉയർത്തുന്നു എന്ന്.

വി. കൊച്ചുത്രേസ്യാവഴി ഒരു ദൗത്യം ലോകത്തിനു നൽകുവാൻ കൂടി ദൈവം തിരുമനസ്സായി. അതിനുവേണ്ടിയാണ് അവളെ ഇത്രവേഗം അൾത്താരയുടെ വണക്കത്തിനു യോഗ്യയാക്കിയതു്.

വൻകാര്യങ്ങൾ ദൈവമഹത്വത്തിനോ ആത്മാക്കളുടെ രക്ഷയ്ക്കോ ചെയ്യെങ്കിലേ ഒരാൾ വിശുദ്ധനാകുകയുള്ളൂ എന്ന ധാരണ അവൾ ഇതാ മാററിയിരിക്കുന്നു. നിങ്ങൾ ഏതു ജീവിതസ്ഥിതി ആശ്ലേഷിച്ചിരുന്നാലും, ഏതു ജോലിയിൽ ഉൾപ്പെട്ടിരുന്നാലും നിങ്ങളുടെ കർത്തവ്യങ്ങളേയും അവയോടനുബന്ധിച്ചുള്ള എല്ലാ നിസ്സാരകാര്യങ്ങളേയും പരിപൂർണ്ണ വിശ്വസ്തതയോടുകൂടി ദൈവസ്നേഹത്തേപ്രതി നിർവ്വഹിക്കുന്നു എങ്കിൽ നിങ്ങൾക്ക് വലിയ വിശുദ്ധരാകാം. നിസ്സാരകാര്യങ്ങളിലുള്ള പരിപൂർണ്ണ വിശ്വസ്തതയിൽ നിഷ്കർഷിച്ചുകൊണ്ട്, വി. കൊച്ചുത്രേസ്യാ ഒരു പുതിയതരം പുണ്യപൂർണ്ണതയുടെ അധ്യാപികയായിത്തീർന്നിരിക്കുന്നു. നിസ്സാരതയിൽനിന്ന് വീരോചിത പദവിയിലേയ്ക്കാണ് അവൾ ആത്മാക്കളെ ക്ഷണിക്കുന്നതു്. കുഞ്ഞുങ്ങളെ വളർത്തേണ്ട ഒരു മാതാവിനും, കുടുംബം പുലർത്തേണ്ട ഒരു പിതാവിനും, ഭാവിയെ ലാക്കാക്കി അധ്വാനിക്കുന്ന ഒരു യുവാവിനും, അല്ലെങ്കിൽ യുവതിക്കും എന്താശ്വാസമാണ് വി. കൊച്ചുത്രേസ്യായുടെ ഈ ദൗത്യം നൽകുന്നതു്. അവരുടെ ജീവിതാന്തസ്സിന്റെ കടമകളെ വിശദാംശങ്ങൾവരെ ശരിക്കു നിർവ്വഹിക്കുന്നെങ്കിൽ, അവർക്കും വിശുദ്ധി പ്രാപിക്കാം. കൊച്ചുത്രേസ്യായെപ്പോലെ, ആരും അറിയാത്ത ചെറിയ ചെറിയ പുണ്യപ്രവൃത്തികൾ അഭ്യസിക്കുന്നതിന് അനുദിനം ലഭിക്കുന്ന അസംഖ്യം അവസരങ്ങൾ നഷ്ടപ്പെടുത്തരുതു്. അവളുടെ ഏററവും വലിയ ശക്തി ചെറിയ ചെറിയ കാര്യങ്ങൾ സ്നേഹത്തിന്റെ മുദ്രപതിച്ച് സദാ ദൈവത്തിനർപ്പിച്ചുകൊണ്ടിരുന്നതിലായിരുന്നു. "ഒരുത്തനും അറിയാത്ത ചെറിയ സുകൃതകൃത്യങ്ങൾ ചെയ്യുന്നതിനു ഞാൻ പ്രത്യേകം ശ്രമിച്ചിരുന്നു" എന്ന് വി. കൊച്ചുത്രേസ്യാ സ്വയംകൃതചരിത്രത്തിൽ പറയുന്നു.

ഇപ്രകാരം ചെയ്യുന്നെങ്കിൽ പ. കന്യകമറിയത്തേപ്പോലെ, ബാഹ്യദൃഷ്ട്യാ വെറും സാധാരണജീവിതം നയിച്ചുകൊണ്ട്, ആർക്കും പുണ്യപരിപൂർണ്ണത പ്രാപിക്കാം എന്ന പാഠമാണ് വി. കൊച്ചുത്രേസ്യാ ലോകത്തെ പഠിപ്പിക്കുന്നതു്.

# ഞാൻ ഒരു സ്ത്രീ ആയിപ്പോയല്ലോ ദൈവമെ!

(ഫാ. ഫിലിപ്പ് ഓ. സീ. ഡി)

ഈയിട ഒരു കൊച്ചുമിടുക്കി, നില മുന്നണി രംഗത്തു് പ്രത്യക്ഷപ്പെട്ടു് ഇപ്രകാരം അവലാതിപ്പെടുകയുണ്ടായി. "ഞാൻ ഒരു സാധു പെൺകുട്ടി ആയിപ്പോയല്ലൊ. സ്ത്രീ സമുദായം കൂട്ടിൽ അടയ്ക്കപ്പെട്ട കിളിയല്ലെ?......ഞാൻ ഒരു പുരുഷനായിരുന്നെങ്കിൽ എന്നു് ഇപ്രകാരമുള്ള അവസരങ്ങളിൽ വിചാരിക്കാറുണ്ടു്."

ഈ വാക്കുകൾ വായിച്ചപ്പോൾ ഞാൻ വേറൊരു സ്ത്രീയെപ്പററി ഓർത്തുപോയി. നാന്നൂറു കൊല്ലങ്ങൾക്കു മുമ്പു് ജിവിച്ചിരുന്ന ഒരു സ്ത്രീ, അവളും വിലപിച്ചു: "ഞാൻ ഒരു സ്ത്രീ ആയിപ്പോയല്ലൊ ദൈവമെ!" എന്നു്. ആവിലായിലെ അമ്മത്രേസ്യാ ആയിരുന്ന ആ സ്ത്രീ, പുനരുദ്ധരിക്കപ്പെട്ട കർമ്മല സഭയുടെ പ്രഥമമഠം സ്ഥാപിച്ചു്, അവിടെ തൻെറ പുത്രികളോടൊന്നിച്ചു്, ദൈവസ്നേഹത്തിൽ ലയിച്ചു്, പരിത്യാഗ പ്രവൃത്തികളാൽ പരിശുദ്ധീകൃതയായി അവർ ജിവിച്ചിരുന്ന കാലത്തു് അലോൺസോ മൽദൊനാദോ എന്ന ഒരു ഫ്രാൻസിസ്കൻ വൈദികൻ ആ മഠം സന്ദർശിച്ചു. നവമായി കണ്ടുപിടിക്കപ്പെട്ട അമേരിക്കയിൽ വേദപ്രചരണ വേലചെയ്തിരുന്ന പ്രസ്തുതവൈദികൻ, അനാഗതരുടെ ആ നാട്ടിൽ എത്രമാത്രം ആത്മാക്കൾ സത്യവിശ്വാസത്തിൻെറ സജീവജലം പാനം ചെയ്യാതെ മൃതിയടയുന്നുവെന്നു് അവരെ വിവരിച്ചു് കേൾപ്പിച്ചു, അതെല്ലാം കേട്ടപ്പോൾ അമ്മത്രേസ്യായുടെ വ്യസനം അതിരില്ലാത്തതായിരുന്നു. തനിക്കും ആ ദൂരദേശത്തു് പോയി വേദപ്രചരണവേലചെയ്യാൻ സാധിച്ചിരുന്നെങ്കിൽ എന്നു് അവർ ആശിച്ചു. പക്ഷെ, സ്ത്രീകൾക്കു് അന്നു് മഠത്തിനു് പുറത്തിറങ്ങി ഏതാദൃശ പ്രവൎത്തനങ്ങളിൽ ഏർപ്പെടുകയെന്നതു് ചിന്തനീയമല്ലായിരുന്നു.

ആ വന്ദ്യ വൈദികൻ യാത്രപറഞ്ഞു പിരിഞ്ഞപ്പോൾ, മഠത്തിൻെറ തോട്ടത്തിൽ സ്ഥിതിചെയ്തിരുന്ന ഒരു ചെറിയ കപ്പേളയെ അവർ ശരണം പ്രാപിച്ചു. അവിടെ ദിവ്യനാഥൻെറ സ്വരൂപത്തിൻ മുമ്പിൽ മുട്ടുകുത്തി അവർ കരയുവാൻ തുടങ്ങി. ദൈവമെ, ഞാൻ അബലകളുടെ വൎഗ്ഗത്തിൽ അവതരിച്ചുപോയല്ലൊ എന്നു് അവർ വിലപിച്ചു. കേവലം ഏഴു വയസ്സു് പ്രായമുള്ളപ്പോൾ മൂർവൎഗ്ഗക്കാരുടെ ദേശത്തു് പോയി വേദസാക്ഷിത്വം പ്രാപിക്കുന്നതിനു് വേണ്ടി സ്വസഹോദരനോടൊന്നിച്ചു് ഒളിച്ചോടിപ്പോകുന്നതിനു് ധൈര്യപ്പെട്ട ആ വനിതയ്ക്കു്, താൻ ഒരു സ്ത്രീ അല്ലായിരുന്നുവെങ്കിൽ തൻെറ ദിവ്യനാഥനുവേണ്ടി എന്തെല്ലാം ചെയ്യാൻ സാധിക്കുമായിരുന്നുവെന്നു് വിചാരിച്ചപ്പോൾ ഹൃദയം തകൎന്നുപോയി. പോരെങ്കിൽ, തിരുസഭയുടെ ശത്രുക്കളായിരുന്ന ലൂതരും മററു് പ്രോട്ടസ്റ്റണ്ടുകാരും ദിവ്യനാഥനെ വീണ്ടും കുരിശിൽ തറയ്ക്കുന്നതിനോ എന്നു് തോന്നുമാറു് നടത്തിക്കൊണ്ടിരുന്ന നശീകരപ്രവൎത്തനങ്ങളെപ്പററിയും അക്കാലത്തു് അവർ കേൾക്കുകയുണ്ടായി.

ഇങ്ങനെ മനോവ്യഥയാൽ തകൎന്ന കണ്ണുനീരിൽ കുളിച്ചു് വിലപിക്കുന്ന ആ സ്ത്രീരത്നത്തിനു് ദിവ്യനാഥൻ കാണപ്പെട്ടു് ഇപ്രകാരം അരുളിച്ചെയ്തു. "പ്രിയമകളെ, അല്പം ക്ഷമിക്കുക. നീ വലിയ കാര്യങ്ങൾ ദർശിക്കും." എന്താണു് ഈ വലിയ കാര്യങ്ങൾ എന്നു് അവർ അത്ഭുതപ്പെട്ടു. എങ്കിലും ഒരു സ്ത്രീയായ തനിക്കും സർവ്വശക്തനായ ദൈവത്തിൻെറ ഉപകരണമായിത്തീർന്നു് എന്തോ വലിയ കാൎയ്യങ്ങൾ നിർവ്വഹിക്കാൻ സാധിക്കും എന്നു് അവർ ആത്മാൎത്ഥമായി വിശ്വസിച്ചു.

അമ്മത്രേസ്യാ പില്ക്കാലത്തു് ദർശിച്ച - അവർ മുഖേന ദൈവം നിർവ്വഹിച്ച ആ വലിയ കാൎയ്യങ്ങൾ ഏവയായിരുന്നു?

ഒന്നാമതായി, അവർതന്നെ ഒരു വലിയ വിശുദ്ധയായി. സ്വയം വിശുദ്ധീകരിക്കുന്നവൻ അനേകരാജ്യങ്ങൾ കീഴടക്കുന്നവനെക്കാൾ ധീരനാണു്. അന്യരുടെ രാജ്യങ്ങൾ ആക്രമിച്ചു് കീഴടക്കുന്നവൻ അഹംഭാവത്തിൻേറയും അത്യാഗ്രഹത്തിൻേറയും അടിമയാണു്. അനവധി ആളുകളുടെ ജിവനും വസ്തു

വകകളും സ്വാർത്ഥതാല്പര്യമാകുന്ന കാളീവിഗ്രഹത്തിന് മുമ്പിൽ അവൻ ബലികഴിക്കുന്നു. എന്നാൽ സ്വയം വിശുദ്ധീകരിക്കുന്നവൻ തന്റെ അഹംഭാവത്തേയും ദ്രവ്യാഗ്രഹത്തേയും, അനാശാസ്യങ്ങളായ മററനേകം പൈശാചിക പ്രലോഭനങ്ങളേയും കീഴടക്കി, സർവ്വശക്തനും സ്നേഹസ്വരൂപനുമായ ദൈവത്തോട്ട് അനുരൂപപ്പെടുന്നു.

രണ്ടാമതായി അമ്മത്രേസ്യാ ദർശിച്ച മഹത് കാര്യം, അബലയും അശരണയുമായി സ്വയം ഗണിച്ചിരുന്ന ആ വനിത മുഖേന ഒരു വലിയ സന്യാസ സഭയുടെ നവീകരണം ദൈവം സാധിച്ചുവെന്നുള്ളതാണ്.

ഏലിയാസ് ദീർഘദർശിയുടെ കാലത്ത് കർമ്മെലമലയിൽ ആരംഭിച്ച കർമ്മെലീത്താസഭ 13-ാം നൂറ്റാണ്ടിൽ യൂറോപ്യൻ രാജ്യങ്ങളിലേയ്ക്ക് പ്രയാണം ചെയ്തുവെങ്കിലും അതിന്റെ പ്രാരംഭദശയിലുണ്ടായിരുന്ന തീക്ഷ്ണതയും കർശനമായ ജീവിതചര്യയും അഭംഗമായി പാലിച്ചുപോന്നു. എന്നാൽ പില്ക്കാലത്ത് യൂറോപ്യൻ രാജ്യങ്ങളെ ബാധിച്ച മഹാമാരി മൂലം സഭയുടെ കർശനനിയമങ്ങളിലും ജീവിതചര്യയിലും ചില വ്യതിയാനങ്ങൾ അനുവദിക്കുന്നതിന് തിരുസ്സഭാധികാരികൾ നിർബന്ധിതരായി. ഒരു സന്യാസ സഭയുടെ നിയമങ്ങൾ ലഘൂകരിക്കുകയെന്നത് ക്ഷിപ്രസാധ്യമായ ഒരു സംഗതിയാണ്. എന്നാൽ ലഘൂകരിക്കപ്പെട്ട ജീവിതചര്യയിൽ തഴങ്ങിയ ഒരു സന്യാസ സമൂഹത്തെ പ്രാഥമിക നിയമത്തിന്റെ കാർക്കശ്യത്തിലേക്ക് തിരിച്ചുകൊണ്ടുവരികയെന്നത്, ഒരു പുതിയ സന്യാസസഭ ആരംഭിക്കുന്നതിനെക്കാൾ പതിന്മടങ്ങ് പ്രയാസമേറിയ ഒരു കാര്യമാണ്. ഈ മഹാകൃത്യമാണ് അബലയായി ജനിച്ചതിൽ അശരണയായിത്തീർന്ന അമ്മത്രേസ്യാ വഴിയായി, സ്ത്രീകളുടെയിടയിൽ മാത്രമല്ല, പുരുഷന്മാരുടെയിടയിൽപ്പോലും ദൈവം നിർവ്വഹിച്ചത്.

1562-ാണ്ട് ആഗസ്റ്റ്മാസം 24-ാ തീയതി നവീകൃതകർമ്മെല സഭയുടെ പ്രഥമമഠം സ്ഥാപിതമായി. മൂന്നു നാല് പാവപ്പെട്ട സ്ത്രീകൾ, ആവിലാ പട്ടണത്തിന്റെ ഒരു മൂലയിൽ, ഒരു ചെറിയ കുടിലിൽ ദൈവത്തെ സ്നേഹിച്ചും കർമ്മെലസഭയുടെ നിയമങ്ങൾ അഭംഗം പാലിച്ചും ജീവിക്കുവാൻ തുടങ്ങി. ഇതിൽ ലോകം അറിയേണ്ടതായിട്ടോ, ആവലാതിപ്പെടേണ്ടതായിട്ടോ എന്തെങ്കിലും ഉള്ളതായി അമ്മത്രേസ്യാ വിചാരിച്ചില്ല. പക്ഷെ, അങ്ങനെയല്ല ആവിലായിലെ ജനങ്ങൾക്ക് തോന്നിയത്. തങ്ങൾ നശിച്ചാലും തങ്ങളേക്കാൾ നല്ലവരായി ആരും ജീവിക്കരുത് എന്നായിരുന്നു അവരുടെ അഭിമതം. ആ മഠം നശിപ്പിക്കണം, ആ കന്യാസ്ത്രീകളെ പുറത്താക്കണം എന്ന് അവർ മുറവിളികൂട്ടി. അമ്മത്രേസ്യായുടെ ആദ്യത്തെ മഠം നശിപ്പിക്കാൻ ശ്രമിച്ചവർ നിരീശ്വരന്മാരോ നിർമ്മതക്കാരോ ആയിരുന്നില്ല. ഭക്തരെന്ന് സ്വയം അഭിമാനിച്ചിരുന്ന അവർ തിരുസ്സഭയുടെ നിയമങ്ങൾ മുഖേനയാണ് കർമ്മലസഭയുടെ പുനരുദ്ധാരണം നാമാവശേഷമാക്കാൻ പുറപ്പെട്ടത്. അനുസരണത്തിന്റെ പേരുപറഞ്ഞാണ് അന്യായം പ്രവർത്തിക്കാൻ അവർ തുനിഞ്ഞത്.

എങ്കിലും അമ്മത്രേസ്യായുടെ സാക്ഷാത്തായ അനുസരണവും വിനയശീലവും അവൾക്ക് വിജയം നേടിക്കൊടുത്തു. ഈ ഒരു മഠം മാത്രമല്ല, വേറെ പതിനേഴ മഠങ്ങൾകൂടെ സ്ഥാപിച്ച ശേഷമാണ് അവൾ നിത്യസമ്മാനത്തിന് വിളിക്കപ്പെട്ടത്.

സ്ത്രീകൾക്കുവേണ്ടി മഠങ്ങൾ തന്നെയല്ല, സന്യാസസഭകളും സ്ഥാപിക്കുകയും പുനരുദ്ധരിക്കുകയും ചെയ്തിട്ടുള്ള വിശുദ്ധകൾ കത്തോലിക്കാ സഭയിൽ വേറെയും ഉണ്ടായിട്ടുണ്ട്. എന്നാൽ പുരുഷന്മാരുടെ സന്യാസസഭ പുനരുദ്ധരിച്ച സ്ത്രീ ആവിലായിലെ ത്രേസ്യാമാത്രമാണ്. സ്ത്രീയായി ജനിച്ചതിൽ പരിതപിച്ച ഈ സ്ത്രീ, മററ് പല കാര്യങ്ങളിൽ എന്നപോലെ ഇക്കാര്യത്തിലും പുരുഷന്മാരെ അതിശയിക്കുകയാണ് ചെയ്തത്.

1567-ൽ മെദീനദെൽകാമ്പോ എന്ന സ്ഥലത്ത്വെച്ച് അവൾ ഒരു കൊച്ചു മനുഷ്യനെ കണ്ടുപിടിച്ചു. കുരിശിന്റെ യോഹന്നാൻ എന്ന പേരിലാണ് അദ്ദേഹം പില്ക്കാലത്ത് അറിയപ്പെട്ടിട്ടുള്ളത്. കുരിശുവഹിക്കുന്നതിനും കുരിശിന്റെ മാഹാത്മ്യം മനസ്സിലാക്കുന്നതിനും പഠിച്ചിരുന്ന ഈ കൊച്ചച്ചനെ കർമ്മെലീത്താ സഭയിൽ പുരുഷന്മാരുടെ വിഭാഗം പുനരുദ്ധരിക്കുന്നതിന് അവൾ തെരഞ്ഞെടുത്തു. അങ്ങനെ ദുരുവേലോ എന്ന സ്ഥലത്ത് ഒരു പഴയ കെട്ടിടത്തിൽ നവീകരിക്കപ്പെട്ട കർമ്മെലസഭയുടെ ആദ്യത്തെ ആശ്രമം രൂപമെടുത്തു. ഇതിന് ശേഷം 13 ആശ്രമങ്ങൾ കൂടെ സ്ഥാപിക്കപ്പെടുന്നതും നവീ

# ധർമ്മ പ്രവൃത്തികൾക്കു പലിശ നൂറു ശതമാനം

(റവ: ഫാദർ തോമസ് മൂത്തേടൻ എം. എ; ഡി. ഡി.)

ഒരു പ്രസിദ്ധനായ ഫ്രഞ്ചുചിത്രകാരനാണു ഫെർഡിനൻറ് ഡെലക്രൂവാ. നല്ല മോഡലുകൾ തിരിഞ്ഞെടുത്തു ഭംഗിയായി ചിത്രം വരക്കുവാൻ കഴിവുണ്ടായിരുന്ന ഈ കലാകാരന് ഒരു ചിത്രം മുഴുവനാക്കുവാൻ ഒരു റോമൻ ഭിക്ഷുവിൻെറ മോഡൽ ആവശ്യമായിവന്നു. പല ഭിക്ഷുക്കളെ അദ്ദേഹം കണ്ടുമുട്ടിയിരുന്നെങ്കിലും അവരുടെ മുഖഭാവം നമ്മുടെ കലാകാരനു രസിച്ചില്ല. ഒരിക്കൽ അദ്ദേഹം പ്രസിദ്ധന്മാരായ ജെയിംസു ഡിറോത്ത്ഷിൽഡു് അവർകളെ ഒരു വിരുന്നിനു ക്ഷണിച്ചു. വിരുന്നിൻെറ സമയത്തു നമ്മുടെ കാലാകാരൻ അതിഥിയെ നല്ലവണ്ണം ഒന്നു നോക്കി. അദ്ദേഹത്തിനുതോന്നി റോമൻ ഭിക്ഷുവാകാൻ ഏററം പററിയ ആൾ ഈ ബാങ്കറാണെന്നു്, അതിഥിയോടായി ചിത്രകാരൻ പറഞ്ഞു. "താങ്കൾക്കു സമ്മതമാണെങ്കിൽ, എൻെറ ചിത്രത്തിലെ ഭിക്ഷുവായിരിക്കാം."

"അതിനെന്താവിരോധം," ധനികനായ ബാങ്കർ മറുപടി നൽകി. "ഈദൃശചിത്രകാരന് ഒരു മോഡലായിരിക്കുന്നതു് ബഹുമാനമായി ഞാൻ കരുതുന്നു. നിങ്ങളുടെ സമയം പറയൂ ഞാൻ വരാം."

"നാളെ ഒമ്പതുമണിക്കു വരിക"എന്നു ചിത്രകാരൻ സസ്മിതം പ്രതിവചിച്ചു.

ബാങ്കർ ഒരു കീറിയ തുണിയും ധരിച്ചു് ഒരു വടിയും പിടിച്ചു പൊട്ടിപ്പൊളിഞ്ഞു കിടക്കുന്ന ഒരു ദൈവാലയത്തിൻെറ നടയിലെന്നപോലെ ഇരിപ്പായി. കലാകാരൻെറ ജോലി ഏറെക്കുറെ തീരാറായപ്പോൾ അദ്ദേഹത്തിൻെറ ഒരു ശിഷ്യൻ അവിടെയെത്തി. "ഗുരോ", അവൻ പറഞ്ഞു "ഭിക്ഷുവിൻെറ ഒരു മോഡൽ കിട്ടിയല്ലോ. നന്നായിരിക്കുന്നു എൻെറ ഹാർദ്ദമായ അനുമോദനങ്ങൾ."

ശിഷ്യൻ ഗുരുവിൻെറ കൈവേല അങ്ങനെ നോക്കി നിന്നുകണ്ടു. അതിനിടയ്ക്കു ഗുരു എവിടെ


---

കരിക്കപ്പെട്ട കർമ്മലസഭ, അനവധി അപകടങ്ങൾ തരണം ചെയ്തു് തിരുസ്സഭയുടെ അംഗീകരണം സ്വീകരിക്കുന്നതും കണ്ടശേഷമാണു് അമ്മത്രേസ്യാ ചരമമടഞ്ഞതു്.

പുരുഷന്മാരുടെ സന്ന്യാസസഭ നവീകരിക്കുന്നതിനു് മാത്രമല്ല, പുരുഷന്മാരെ പഠിപ്പിക്കുന്നതിനു് കൂടെ അമ്മത്രേസ്യാ ആളായിത്തീർന്നു. ധ്യാനപരമായ ജീവിതത്തിൽ മനുഷ്യാത്മാവിനു് സിദ്ധിക്കുന്ന അഗാധവും നിഗൂഢവുമായ ദൈവൈക്യം സ്വാനുഭവത്തിൽ നിന്നു് മനസ്സിലാക്കി വ്യക്തമായ ഭാഷയിൽ വ്യാഖ്യാനിക്കുന്നതിനു് അവൾക്കു് സാധിച്ചു. ആന്തരിക ജീവിതത്തിൽ അവൾക്കു് ലഭിച്ച അനന്യസുലഭങ്ങളായ അനുഭവങ്ങളെ അനിതരസാധാരണമായ വ്യക്തിപ്രഭാവത്തോടുകൂടി വിവരിച്ചു് കാണിക്കുന്ന അവളുടെ സ്വയംകൃത ജീവചരിത്രത്തിനു് പുറമെ, ആന്തരികസൌധം, സുകൃതസരണി, മഠസ്ഥാപനചരിത്രം എന്നിങ്ങനെ മൂന്നു് ഗ്രന്ഥങ്ങൾ കൂടെ നിഗൂഢവേദശാസ്ത്രത്തിൻെറ പരിപക്വഫലങ്ങളായി അവൾ ലോകത്തിനു് പ്രദാനം ചെയ്തു.

താൻ സ്ത്രീയായിപ്പോയതിൽ പരിതപിച്ച അമ്മത്രേസ്യാ, സ്ത്രീകളേയും പുരുഷന്മാരേയും ഒരുപോലെ അത്ഭുതസ്തബ്ധരാക്കിത്തീർക്കുന്ന ഒരു മഹാതാരമായി തിരുസ്സഭാനഭോമണ്ഡലത്തിൽ പരിശോഭിക്കുന്നു.

ആവിലായിലെ അമ്മത്രേസ്യായ്ക്കു് സാധിച്ചതു് കേരളക്കരയിലെ കന്യകാമണികൾക്കും ദൈവസഹായത്താൽ സാധിക്കുകയില്ല എന്നു് ആർക്കു് പറയുവാൻ സാധിക്കും? പ്രിയപുത്രികളെ, നിങ്ങൾ സ്ത്രീകളായിരിക്കരുതു് പുരുഷന്മാരായിരിക്കണം; സ്ത്രീകളുടെ ചാപല്യങ്ങളാൽ നിങ്ങൾ നയിക്കപ്പെടരുതു്, പുരുഷസഹജമായ ധീരതയോടുകൂടി ആധ്യാത്മിക ജീവിതത്തിൽ മുന്നേറണം എന്നാണു് അവൾ തൻെറ ആത്മീയ പുത്രികൾക്കു് നൽകിയ സദുപദേശം. ഈ ഉപദേശം സ്വീകരിക്കുന്ന കൊച്ചുമിടുക്കികൾ ഒരിക്കലും അവർ സ്ത്രീകളായി ജനിച്ചുപോയതുകൊണ്ടു് നിരാശപ്പെടേണ്ടി വരികയില്ല.



(ലേഖകൻ)

ക്കോ ഒന്നുമാറി. വലഞ്ഞു കിടക്കുന്ന ഭിക്ഷുവിനെ കണ്ടു് ആ കൊച്ചുപയ്യൻ അയാളുടെ കൈയിൽ ഒരു ചെറിയ നാണയം ഇട്ടുകൊടുത്തു. ബാങ്കർ റോത്ത്ഷിൽഡിന് ഉള്ളിൽ ചിരിവന്നുവെങ്കിലും അതടക്കിക്കൊണ്ടു്, ആ നാണയം വാങ്ങി കീശയിലിടുകയും കൃതജ്ഞതാപൂർവ്വം ആ ബാലനെ നമിക്കുകയും ചെയ്തു.

ശിഷ്യൻ സ്ഥലം വിട്ടപ്പോൾ റോത്ത്ഷിൽഡ്ഡ് ആ കുട്ടിയുടെ സ്ഥിതിഗതികളെപ്പററി ചിത്രകാരനോടു ചോദിച്ചു. അയാൾ ഇങ്ങനെ മറുപടി നൽകി. "സമർത്ഥനായ ഒരു ബാലനാണവൻ; എന്നാൽ തീരെ ദരിദ്രനാണ്". ആ പ്രഭു ഒന്നു ചിരിച്ചു. താമസിയാതെ ആ ബാലന് ഒരു എഴുത്തു കിട്ടി. അതിൽ റോത്ത്ഷിൽഡ്ഡ് പ്രഭു ഇങ്ങനെ എഴുതിയിരുന്നു. "ധർമ്മകാര്യങ്ങൾക്കു പലിശ നൂറു ശതമാനമാണ്". പ്രിയകുഞ്ഞേ, സാധുവെന്നു തോന്നിയ ഒരാൾക്കു നീ ധർമ്മം നൽകി. അയാൾ കൃതജ്ഞതാപൂർവ്വം പതിനായിരം ഫ്രാങ്ക് അയക്കുന്നു. ഡെലക്രൂവായുടെ ചിത്രത്തിലെ ഭിക്ഷു പ്രതീക്ഷിക്കുന്നതു് നീ എത്ര കണ്ടു നല്ലവനാണോ അത്രകണ്ടു മഹാനാകുമെന്നാണ്."

ഈ സംഭവം നമ്മുടെ ദിവ്യഗുരുവിന്റെ ഒരു ചിത്രമാണു നമ്മുടെ മുമ്പിൽ വരച്ചുവെക്കുന്നതു്. അവിടുന്നു സമ്പന്നനായിരിക്കവെ, നമ്മെപ്രതി ദരിദ്രനായി. ആ ഭിക്ഷുവിന്റെ ചിത്രം നമ്മുടെ ഹൃദയത്തിൽ വരക്കുവാൻ ശ്രമിച്ചുകൊണ്ടിരിക്കയാണു നമ്മൾ—അത്യുന്നത ശില്പിയുടെ കൊച്ചുശിഷ്യന്മാർ. ആ ദിവ്യഭിക്ഷുവിന് ഒരു കൊച്ചു നാണയം നമ്മൾ ധർമ്മം കൊടുക്കുന്നു. നമ്മുടെ വിശ്വാസം ഒന്നു പരീക്ഷിക്കുന്നതിനോ എന്നു തോന്നുമാറ് അവിടുത്തെ രാജകീയ വസ്ത്രം ഉരിഞ്ഞുവച്ച് ദരിദ്രമായ ഒരു വെള്ളവസ്ത്രം അണിഞ്ഞ് അവിടുന്നു വി. കുർബാനയിൽ നമ്മുടെ മുമ്പിൽ നില്ക്കുന്നു. നമ്മുടെ സ്നേഹത്തിനുവേണ്ടി അവിടുന്നു കൈക്കുമ്പിൾ മലർത്തുമ്പോഴാണു നമ്മൾ ഒരു കൊച്ചു നാണയം അവിടുത്തെ കരത്തിൽ ഇട്ടുകൊടുക്കുന്നതു്. ആ കൊച്ചുനാണയത്തിനുപകരം അവിടുന്ന് അത്തരം പതിനായിരം നാണയമല്ല അതിലും കൂടുതൽ നമുക്കു നൽകുന്നു. വി. കുർബാനയിൽ സ്ഥിതിചെയ്യുന്ന ദിവ്യഭിക്ഷുവിനോടു നമ്മൾ എങ്ങനെയാണു വർത്തിക്കുന്നതെന്നു ചിന്തിക്കുക. അവിടുന്നു ലഘുവായ സ്നേഹപ്രവൃത്തികളേ നമ്മിൽ നിന്ന് ആവശ്യപ്പെടുന്നുള്ളു—വി. കുർബാനയുടെ സന്ദർശനം, വി. കുർബാനകാണൽ, വി. കുർബാനസ്വീകരണം. ആ കൊച്ചു നായണങ്ങൾ പോലും നാം ആ ദിവ്യഭിക്ഷുവിന് എത്ര വിരളമായിട്ടാണു നൽകുന്നതു്?

സക്രാരിയിലെ ഭിക്ഷുവിനെപ്പോലെ നമ്മുടെ ധർമ്മസഹായം കാത്തുനില്ക്കുന്ന വേറൊരുഗണം ഭിക്ഷുക്കളുണ്ട്. ശുദ്ധീകരസ്ഥലത്തിൽ കിടന്നു വെന്തുനീറുന്ന ആത്മാക്കളും നമ്മുടെ സഹായം ആവശ്യപ്പെടുന്നു. ഈലോകത്തിൽ വച്ച് ഒരു ശരീരവും ആത്മാവുംപോലെ കഴിഞ്ഞുകൂടിയ മിത്രങ്ങളേയും ഒരേ രക്തവും ഒരേ അസ്ഥിയുമായ ബന്ധുജനങ്ങളേയും നാം വിസ്മരിച്ചുകളയുന്നു. അവരോ നമ്മുടെ സഹായംമാത്രം കാത്തുനില്ക്കുന്നു. അവർക്കു സ്വയം ഒന്നും ചെയ്യാൻ നിവൃത്തിയില്ല; നമ്മുടെ പ്രാർത്ഥനകളും പ്രായശ്ചിത്തങ്ങളും തപഃക്രിയകളും ദാനധർമ്മങ്ങളും മാത്രമേ അവർക്ക് ഉപകരിക്കുകയുള്ളു. നമ്മളാണെങ്കിൽ മൺമറഞ്ഞ നമ്മുടെ ബന്ധുമിത്രാദികളെ അനുസ്മരിക്കപോലും ചെയ്യുന്നില്ല. മക്കബായരുടെ പുസ്തകത്തിൽ നമ്മൾ വായിക്കുന്നു; "മരിച്ചവർക്കു വേണ്ടി

പ്രാർത്ഥിക്കുന്നതു് എത്രയും പരിശുദ്ധവും രക്ഷാകരവുമായ ഒരു ചിന്തയാണ്." നമ്മൾ പങ്കുകൊള്ളുവാനിടയാകുന്ന ശവസംസ്കാരങ്ങളും മരിച്ചവൎക്കുവേണ്ടി നടത്തുന്ന റാസ, പാട്ടുകുർബാന, ഒപ്പീസു, അന്നീദ മുതലായ തിരുക്കർമ്മങ്ങളും രാത്രിതോറും മരിച്ചവർക്കുവേണ്ടി പ്രാർത്ഥിക്കുവാൻ ആഹ്വാനം നല്കുന്ന മണിനാദവും ശുദ്ധീകരസ്ഥലത്തിൽ കിടന്നു നമ്മളോടു ധർമ്മം ചോദിക്കുന്ന ഭിക്ഷുക്കളുടെ കാര്യം അനുസ്മരിപ്പിക്കുന്നു.

തിരുസഭ സഹകരണപ്രസ്ഥാനത്തിനു് ഒരുത്തമോദാഹരണമാണ്. സഹകരണ സംഘടന അഥവാ കൊഓപ്പറേറ്റിവു സൊസൈററി ചെയ്യുന്നതെന്താണ്? പലർചേർന്നു വലിയ ഒരു മൂലധനമുണ്ടാക്കി എല്ലാവർക്കും ആവശ്യമുള്ള സാധനങ്ങൾ ലാഭകരമാം വിധം വാങ്ങിക്കുന്നതിനും വില്ക്കുന്നതിനും പരിശ്രമിക്കുന്നു. കൂടുതൽ ആവശ്യമുള്ളവർക്കു കൂടുതൽ സഹായം ലഭിക്കുന്നുണ്ടു്; അതേ സമയ എല്ലാവർക്കും ആദായത്തിൽ ഓഹരിസിദ്ധിക്കുകയും ചെയ്യുന്നു. ജേതൃസഭയിലും സമരസഭയിലും സഹനസഭയിലുമുള്ള അംഗങ്ങൾ, അഥവാ, മരിച്ചു സ്വർഗ്ഗത്തിലെത്തിയിരിക്കുന്ന പുണ്യവാന്മാരും ലോകത്തിൽ ജീവിക്കുന്നവരും ശുദ്ധീകരസ്ഥലത്തിൽ വേദന അനുഭവിക്കുന്നവരും ചേർന്നു് ഒരു സഹകരണ സംഘടനയുണ്ടാകുന്നു, അതിലെ സജീവപ്രവർത്തകരാണു ലോകത്തിൽ ജീവിക്കുന്ന നമ്മൾ. പുണ്യവാന്മാരുടെ മുതൽക്കൂട്ടു സ്വർഗ്ഗീയഭണ്ഡാഗാരത്തിൽ കുമ്പാരമായികിടക്കുന്നു. അതിൽനിന്നു് താൽകാലികാവശ്യങ്ങൾക്കായി ഒരു ഭാഗം ശുദ്ധീകരസ്ഥലത്തിൽ വേദനയനുഭവിക്കുന്ന ആത്മാക്കൾക്കു കൊടുക്കുവാൻ മുതൽ സൂക്ഷിപ്പുകാരനായ നമ്മുടെ ദിവ്യഗുരുവിനോടു നമ്മൾ ആവശ്യപ്പെടുമ്പോൾ അർഹതയും യോഗ്യതയുമനുസരിച്ചു് അവിടുന്നു് ഓരോ ആത്മാവിനും അനുഗ്രഹങ്ങൾ നൽകുന്നു. ഈ സഹകരണപ്രസ്ഥാനമാണ് ഏറെക്കുറെ "പുണ്യവാന്മാരുടെ ഐക്യം" അഥവാ (Communion of Saints) എന്നു പറയുന്നതു്. ഇതു് എത്രയും ആശ്വാസകരമായ ഒരു ക്രിസ്തീയതത്വമാണ്. ശുദ്ധീകരസ്ഥലത്തു വേദനപ്പെടുന്ന ആത്മാക്കൾക്കു് അവരുടെ പീഡകൾ കുറക്കുവാൻ സ്വയമായി യാതൊന്നും ചെയ്യാൻ നിവൃത്തിയില്ല. നമ്മുടെ സൽക്രിയകൾ അവർക്കു് ഉപകരിക്കുന്നു; സ്വർഗ്ഗവാസികളുടെ മദ്ധ്യസ്ഥാപേക്ഷ നമുക്കും പ്രയോജകീഭവിക്കുന്നു. ഇതെല്ലാം പുണ്യവാന്മാരുടെ ഐക്യമെന്നു പറയുന്ന ആ സഹകരണ പ്രസ്ഥാനത്തിന്റെ, കൊഓപ്പറേറീവുസൊസൈററിയുടെ ഫലമാണ്.

കോഓപ്പറേറീവു സൊസൈററിയിലെന്നപോലെ ഈ ബിസിനസ്സിലും ആദായവിഭജനം നടക്കുന്നുണ്ടു്. ശുദ്ധീകരസ്ഥലത്തിൽ വേദനപ്പെടുന്ന ആത്മാക്കൾക്കു നാം നൽകുന്ന സഹായം വ്യർത്ഥമായി പോകയില്ല; സ്വർഗ്ഗത്തിൽ ചെല്ലുമ്പോൾ അവർ നമ്മളെ സഹായിക്കുമെന്നു തീർച്ചയാണ്. ശുദ്ധീകരസ്ഥലത്തിൽ കിടക്കുമ്പോൾത്തന്നെ അവർ നമ്മളെ സഹായിക്കുന്നുണ്ടെന്നാണു് തോമസ്സു് അക്വിനസ്സുപുണ്യവാന്റെ അഭിപ്രായം.

ഒരു സംഭവംകൊണ്ടു് ഇക്കാര്യം ഉദാഹരിക്കാം; അന്നു് എസ്. എസ്. എൽ. സി. പരീക്ഷാഫലം അറിഞ്ഞ ദിവസമാണ്. എൽസിയും കൂട്ടരും പരീക്ഷയിൽ ജയിച്ചുവെന്നു് അറിഞ്ഞയുടനെ ഓരോരുത്തരും ഭാവിയെപ്പററി ഓരോ അഭിപ്രായങ്ങൾ പ്രകടിപ്പിച്ചു. ഒന്നോ രണ്ടോ പേർ നേരേ സന്യാസസഭയിലേക്കാണെന്നു് ഉറക്കെ വിളിച്ചുപറഞ്ഞു, കുറേപേർ കോളേജിലേക്കു പോകാനാണു് നിശ്ചയിച്ചതു്. എൽസി ഒന്നും പറഞ്ഞില്ല. കൂട്ടുകാർ ഓരോ പ്ലാൻ പറഞ്ഞപ്പോൾ അവളുടെ കണ്ണിൽനിന്നു് ഒന്നോ രണ്ടോ കണ്ണീർത്തുള്ളി അടർന്നുവീണു. അവൾക്കു് ഉപരിപഠനത്തിനു കാശില്ല; പണംകൊടുത്തു സഹായിക്കാൻ ആളുമില്ല.

കുറേ ദിവസങ്ങൾ ഇങ്ങനെ കഴിഞ്ഞു. നേഴ്സിങ്ങു് പഠിക്കുവാൻ കുട്ടികളെ എടുക്കുന്നുണ്ടെന്നു് ആരോപറഞ്ഞു് അവൾ കേൾക്കുവാനിടയായി. സർട്ടിഫിക്കററ പുസ്തകമെടുത്തു് എൽസി നേഴ്സിങ്ങു തിരിഞ്ഞെടുപ്പു് ഉദ്യോഗസ്ഥന്മാരുടെ പക്കലെത്തി. അവർ ആ സർട്ടിഫിക്കററപുസ്തകം മറിച്ചുതിരിച്ചു നോക്കി രണ്ടുചോദ്യവും ചോദിച്ചു. "നിന്റെമാർക്കു വളരെ കുറവാണ്; നിന്നെ ഇവിടെ ചേർക്കാൻ സാദ്ധ്യമല്ല." എന്നു് ആ വീരന്മാർ മറുപടി നൽകി.

എൽസി കരഞ്ഞുകൊണ്ടു തിരികെപോന്നു. വിവരമൊക്കെ വല്യപ്പനോടു പറഞ്ഞു. ആ വൃദ്ധൻ കുഞ്ഞിന്റെ കരച്ചിൽ കണ്ടിട്ടു് ഇങ്ങനെ പറഞ്ഞു. മരിച്ചവരുടെ ആത്മാക്കളെപ്രതി നീ ഒരു മാസം ദിവസന്തോറും വി. കുർബാന സ്വീകരിക്കു

# അമ്മാവിയമ്മ

(സാഹിത്യതിലകൻ സി. കെ. മററം കെ. എച്ച്. എസ്; മെമ്പർ കേരളസാഹിത്യ അക്കാടമി)

ഏകാങ്കം (ആസ്പദം—മാത്യ VIII–14–18)

രംഗം ഒന്ന്

[കഫർണാമിൽ ഒരു ചെറിയ വീട്. ഒരു കട്ടിലിൽ മദ്ധ്യവയസ്സയായ ഒരു യഹൂദസ്ത്രീ പുതച്ചു മൂടി കിടന്ന് ഞെരങ്ങുകയും മൂളുകയും ചെയ്യുന്നു സമീപെ 20 വയസ്സുതോന്നിക്കുന്ന ഒരു വേലക്കാരിയുണ്ട്........ പേരു സാറാ.]

സാറാ:—[രോഗിയുടെ കാലിൽ തലോടിക്കൊണ്ട്] കൊച്ചമ്മേ, ഇപ്പം വേദന എങ്ങനെ?

രോഗിണി:—എൻെറ സാറായെ എന്താ പറയാനാ? വൈത്യൻ വന്നോ?

സാറാ:—അയ്യാളിപ്പം പണ്ടേയ്ക്കു പണ്ടേ വരേണ്ട താർന്നു.

രോഗിണി:—എൻെറ മോൻ പത്രോച്ചനെ ഇതുവരേ കണ്ടില്ലല്ലോടി; [ചങ്കിൽ അടിച്ചുകൊണ്ട്] എൻെറ യഹോവെ! അവനെന്താ പിണഞ്ഞു? ഞാനീ കിടപ്പു കിടക്കുന്നതു കണ്ടേച്ചിന്നലേ പോയതാണവൻ! അല്ലേലും! – [ദീർഘശ്വാസം വിട്ടുകൊണ്ട്] എന്താ പറയാനാ? എന്തിനു പറയാനാ? എല്ലാം ദൈവത്തിൻെറ ഇഷ്ടം [കരയുന്നു]

സാറാ:—കൊച്ചമ്മെ! കരയാതെ! എൻെറ കൊച്ചമ്മയല്ലേ? [രോഗിയുടെ കണ്ണുനീർ തുടച്ചുകൊണ്ട്] അടങ്ങിക്കിടാന്നേ!

രോഗിണി:—[മയക്കത്തിൽനിന്ന്, ഉറക്കപ്പിച്ചോടെ] പ–ത്രോ–ച്ചാ–നി–എന്നെ–മറന്നോ?

സാറാ;—എൻെറ കൊച്ചമ്മേ! അത്തേഹം ആ നസ്രായെൻെറകൂടെ നടക്കാൻ തുടങ്ങിയതിപ്പിന്നെ എല്ലാം വലിയ കുഴപ്പമാ. വലയെല്ലാം കെട്ടുപിണഞ്ഞു കിടക്കാ. തോണിയും ഉണങ്ങിപ്പൊട്ടിക്കിടക്കാ. ശകലം മീൻകൂട്ടിയിട്ടു എത്രനാളായി. പണ്ടൊക്കെ എന്തു മീനാർന്നു? എല്ലാം തകന്റു. കൊച്ചമ്മ കട്ടിലേലും – ക്ലീലാതടാകത്തിലേ മീനെല്ലാം പെരുകിപ്പെരുകിവരാ.

---

കയും അവക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുക. അവർ നിൻെറ കാര്യം ശരിയാക്കും."

എൽസി അങ്ങനെതന്നെ ചെയ്തു. എന്തൊക്കെയാണു പിന്നീടു നടന്നതെന്ന് അറിഞ്ഞുകൂടാ. എൽസിക്കു സ്റ്റൈപൻെറാടുകൂടി നേഴ്സിങ്ങു സ്കൂളിലേക്കു പ്രവേശം കിട്ടി. അചിരേണ അവരം നേഴ്സിങ്ങു പഠിച്ചു. എൽസി ഒരു സക്കാർ ആശുപത്രിയിൽ ശ്രദ്ധാപൂർവ്വം രോഗികളെ ശുശ്രൂഷിക്കയാണു; എന്നാൽ എല്ലാപ്പോഴും അവളുടെ ഹൃദയം ശുദ്ധീകരാത്മാക്കളോടുള്ള കൃതജ്ഞതകൊണ്ടു തുടിക്കുകയാണു.

ശുദ്ധീകരാത്മാക്കൾക്കു ചെയ്തുകൊടുത്ത സഹായങ്ങൾക്കു ഇങ്ങനെ പ്രതിഫലം സിദ്ധിച്ചിട്ടുള്ള ധാരാളം പേരേ പല സ്ഥലങ്ങളിലും കാണാം. ശുദ്ധീകരസ്ഥലത്തിൽ കിടക്കുമ്പോൾത്തന്നെ ആ ആത്മാക്കൾ നമ്മളെ സഹായിച്ചു തുടങ്ങുന്നുവെന്നു സാരം. ആ പരിശുദ്ധഭിക്ഷുക്കൾക്കു നമ്മൾചെയ്യുന്ന പ്രാർത്ഥനാദാനം ഒന്നിനു പതിനായിരമായിട്ടു അവർ പകരം വീട്ടുന്നു.

ആകയാൽ വി. കുർബാനയിൽ നമ്മളെ സമീപിക്കുന്നദിവ്യഭിക്ഷുവിനായാലും ശുദ്ധീകരസ്ഥലത്തിൻ കിടന്ന് വേദനയനുഭവിക്കുന്ന ആത്മാക്കൾക്കായാലും നമ്മൾ നൽകുന്ന ധർമ്മസഹായങ്ങൾക്കു ഒന്നിനു പതിനായിരമായിട്ടാണു പ്രതിഫലം, ശുദ്ധീകരാത്മാക്കൾക്കുവേണ്ടി വി. കുർബാന കാണുകയും വി. കുർബാന സ്വീകരിക്കുകയും വി. കുർബാനയെ സന്ദർശിച്ച് ആരാധിക്കുകയും ചെയ്യുകയാണെങ്കിൽ ദിവ്യഭിക്ഷുവായ ഈശോയേയും ശുദ്ധീകരസ്ഥലത്തിൽ വെന്തുനീറുന്ന പരിശുദ്ധാത്മക്കളേയും ഒരേസമയത്തുതന്നെ നമുക്കു സമാശ്വസിപ്പിക്കുവാൻ കഴിയും. അങ്ങനെ അവരെ സമാശ്വസിപ്പിക്കുവാനായി നാം ചെയ്യുന്ന സമസ്ത പ്രവൃത്തികൾക്കും ഒന്നിനു പതിനായിരമാണു പ്രതിഫലം.

രോഗിണി:—സാറായെ [ഉറക്കേ] സാറായെ നീയെ വിടാ.

സാറാ:—ഞാനിവിടെത്തന്നെയുണ്ടല്ലോ

രോഗിണി:—എടീ. ആ വൈത്യനെന്ത്യേവരാത്തു?

സാറാ:—ഇപ്പം വരും കൊച്ചമ്മ രണ്ടുപേക്ക് ആള യച്ചിട്ടൊണ്ട്. ഒരു വമ്മാണിക്കും ഒരു നാട്ടുവൈ ത്യനും [കണിയാൻെറ വേഷത്തിൽ ഒരാറം ദൂരെ നിന്നു വരുന്നു] "താണ്ടെ, ഒരുത്തൻ വരുന്നുണ്ട് കൊച്ചമ്മേ.

[കണിയാൻ വേഷധാരി പ്രവേശിച്ചു രോഗിണിയുടെ നാഡി പരിശോധിക്കുന്നു.]

കരിമുകൻ അടിയേവാഴ്ത്തി
കൈതന്നിൽ നാഡിപാക്കിൽ
ഒരുവിരൽ ഓടിൽവാതം
ഉയർന്നാട്ടവിരൽപിത്തം.
പെരുവിരൽ മൂൻറിൽ ഓടിൽ
ചേത്തുമനാഡിയാമേ
ആകിയനാഡിമൂൻവം
പടപടന്നോടിൽ സന്നി
പാകിനിഅന്നാം, കോഴി,
മെലിനനടക്കിൽ വാതം
ഏകിയ ആമ, അട്ട, ഇവയതിൽ
നടക്കിൽ പിത്തം—
പോകിയ തവള, പാമ്പ്,
ചേത്തുമനാഡിയാമേ!

സാറാ:—എങ്ങിനെയിരിക്കുന്നു വൈത്യരെ, കൊച്ചമ്മക്ക്!

വൈദ്യൻ:—നാഡിമൂന്വം പടപടത്തോടിൽ സന്നി!! അതിനാൽ രോഗം പനിയാണ് പേയും പിച്ചും പറയും. വിശപ്പില്ല ദാഹമുണ്ടുതാനും പക്ഷെ ഒന്നും കുടിയ്ക്കുകയില്ല

സാറാ.—അതൊക്കെ ശരിയാ വൈത്യാ!

വൈദ്യൻ—പിന്നെ ഒരു കാര്യം, അടിയൻ വിടകൊണ്ടേക്കാം—

"പ്രായശോരുപഭേദേന—എന്നും സാഹചര്യാശ്ച കുത്രചിൽ—എന്നും ആനാ പ്രമാണം കിടക്കുന്നു. പ്രായശോ=പ്രായം കടന്ന രോഗിയാണെന്നു കാണുന്നു. രൂപഭേദേന=വിഷമജ്വരം മൂർഛിച്ച്, രൂപഭേദംതന്നെ വന്നിരിക്കുന്നു. കുത്രചിൽ എന്നു വച്ചാൽ, വെറും കുത്രചില്ലം മററുമല്ല "സാഹചര്യാശ്ച"യാണ് അതുകൊണ്ടാ അടിയൻ വിടകൊണ്ടതു സാമാന്യവിഷമജ്വരമൊന്നുമല്ലെന്നു!

സാറാ:—വൈത്യാ കൊച്ചമ്മക്കു ദീനം അപകടമാണെന്നാണൊ കാണുന്നതു്?

വൈദ്യൻ:—രണ്ടുമാകാം.

സാറാ:—എന്നു വച്ചാൽ?

വൈദ്യൻ:—രണ്ടുമാകാമെന്ന്! ജീവിക്കാം—മരിക്കാം.

സാറാ—അയ്യൊ! [ചങ്കിലടിക്കുന്നു] എൻെറ കൊച്ചമ്മെ! [കാലിൽ കെട്ടിപ്പിടിച്ചു കരയുന്നു]

വൈദ്യൻ:—രണ്ടു കണ്ണിവെററിലയും രണ്ടു തുളസിഇലയും കൊണ്ടുവരു. ആ നീററിൽ ഒരു ഗുളിക അരച്ചുകൊടുക്കാം.

"സോല്ലണ്ടനം തുസോൽപ്രാസം,
മണിതംരതികൂജിതം.
നികപണോ നികപണാഃ (ഹാ, ഹാ)
കപാണഃ കപണഃകപണനമിന്ര്യപി"

എന്ന് പ്രമാണം തെളഞ്ഞാണു കിടക്കുന്നതു്. പിന്നെ അടിയൻ പടിച്ചുഉണ്ണി പതിനെട്ടും എടുക്കാൻ നോക്കാം.

[സാറാ വെററിലയും തുളസിയുമെടുത്തു നീരു കൊണ്ടുവരുന്നു—വൈദ്യൻ ഗുളിക അരച്ചു കുടിക്കാൻ രോഗിണിക്കു കൊടുക്കുന്നു.]

"നികപാണോ! നികപണഃ നികപണഃ"
[എന്നു മന്ത്രംചൊല്ലി കൈകൾ ഉയത്തിപ്പിടിച്ചുകൊണ്ട്.]

വൈദ്യൻ:—ഇപ്പോളെങ്ങനെ?

രോഗിണി:—കുറച്ചു് ആശ്വാസമുണ്ട്.

വൈദ്യൻ:—അതുതന്നെയാ ഞാനും പറഞ്ഞതു്. ഞാൻ തൊട്ടാൽ മററുവിധം വരില്ല. കൈപ്പുണ്യമുണ്ടെനിയ്ക്കു്, അറിയാമോ? ഞാനെവിടെ ചെന്നാലും ഈരാറു പന്ത്രണ്ടാ ഇന്നാളങ്ങതിലെ കാരണോത്തിക്ക് ഇതുതന്നെ സൂചക്കട്ടെ. ഞാനീ മരുന്നുതന്നെ കൊടുത്തു.

"വെള്ളം ജടാന്തവിദ്രാണാം
വെള്ളിമാമല വിഗ്രഹം"

ആ കാരണോത്തി വെള്ളം കുടിച്ചു. മുടികഴകി. വെള്ളിമലയിലെ വിഗ്രഹംപോലിരിക്കുന്നു ഇപ്പോൾ കണ്ടാൽ. അറിഞ്ഞൊ?

രോഗിണി:—അയ്യോ എൻെറ തല പുകയുടന്ന വയററിത്തീയ്യാണേ. [വലിയ സംഭ്രമം പ്രദർശിപ്പിക്കുന്നു.]

സാറാ:—[തക്കംപൃക്കം നോക്കിക്കൊണ്ടു്] എവിടാടാ ആ വൈത്യൻ? എൻെറ കൊച്ചമ്മേ, അവൻകൊന്നു. [കൊച്ചമ്മയുടെ വയററിൽ നിരുമ്മുന്നു.]

[വൈദ്യൻ രോഗിണിയുടെ സംഭ്രമംകണ്ടു് ആരും കാണാതെ കടന്നുകളയുന്നു.]

രോഗിണി:—എടി, അഞ്ചേതിലെഏലിയേയും റാക്കേലിനേയും ഒന്നു വിളിച്ചോണ്ടുവാ - [സാറാ ചെന്നു ഇരുവരേയും കൂട്ടി കൊണ്ടുവരുന്നു] [ഏലിയാമ്മയും റാക്കേലും ഒരുമിച്ചു്] എന്നാമ്മേ! എന്നാമ്മേ!

രോഗിണി:—ഒന്നും പറയാനില്ല. ഒരു നാട്ടുവൈദ്യൻ വന്നു ഏതാണ്ടുതന്നു ഞാനങ്ങു കുടിച്ചു ഉടനെ തുടങ്ങിയതാ ഈ വയറവേദന.

സാറാ:—അതേന്നേ! "കൊണോ, കൊണോ"എന്നു മന്ത്രിച്ചാ മരുന്നുകൊടുത്തേ. അപ്പംതന്നെ ഞാൻ നിശ്ചയിച്ചുതാ, ഇതുകൊണത്തിനല്ലന്നു്!

രോഗിണി:—നീ പോടി! അവിടുന്നോറ.

സാറാ:—ഞാനെന്താ പിഴച്ചേ കൊച്ചമ്മേ-[പതുക്കെ] താണ്ടെ, ആരാണ്ടുവരുന്നു!

[ലാട ഗുരുവിൻെറ വേഷത്തിൽ ഒരുവൻ കയറിവരുന്നു-തലക്കെട്ടു, ഭസ്മം, വെള്ളികെട്ടിയ ഊന്നുവടി തോളിൽ, രണ്ടു വശത്തും കിടക്കുന്ന മാറാപ്പു്] ശിവശംഭോ! നാരായണ! ഹരിഗോവിന്ദ! ഹരോഹര!

ആക്കാണിവിടെ ചീക്കു്?

സാറാ:—ഇവിടെ ഒന്നും ചീഞ്ഞിട്ടില്ല. കൊച്ചമ്മക്കു പനിയാ. അതുതന്നെ

ലാടൻ:—ഓ. സരി! സരി! പണി!!

രോഗിണി:—[വൈദ്യരെ നോക്കിക്കൊണ്ടു്]

എൻെറ കുരുവേ, എൻെറയീ വയററി വേതന ഒന്നു നിവുത്തിത്തരാമോ?

ലാടൻ:—അമ്മാ, നാക്കു് പാക്കട്ടും! [എന്നു പറഞ്ഞു് നാക്കു നോക്കിയശേഷം] വാതമാരോകം പണിയെന്നും ശൊല്ലും, പച്ചേ,

കൈയ്യുംമേലാ
കാലുംമേലാ
വാതമേ, വാ-തം!
സരിതന്നല്ലേ? അമ്മാങ്കളേ?

രോഗിണി:—എനിക്കൊന്നുമറിയാൻ മേലേ! എൻെറ കുരുവേ, എൻെറ വയററിലാ വേദന-തലകറങ്ങുന്നുമുണ്ടു്.

വൈദ്യൻ:—ഒരു കശായംവക്കണം. രണ്ടുഗുളിക നാൻ താരേൻ. [സഞ്ചി അഴിച്ചു ഗുളിക എടുത്തു കൊടുക്കുന്നു.]

പിന്നെ കശായത്തിൻെറ മരുന്തുകൾംബേണം.

സാറാ:—ഒരുപാട്ട മരുന്നുവേണോ? അങ്ങാടിയോ പച്ചയോ?

വൈദ്യൻ:—ചീക്കു് റൊമ്പം കട്ടപ്പമാക്കും. ആനാൽ മരുന്തുകളും റൊമ്പം കട്ടിതാൻ വേണ്ടിയിരിക്കിറതു.

നീറിൻെറ മുട്ടെ രണ്ടു കളഞ്ചു്,
തവളൈൻകരളൈ മൂൻറുകളഞ്ചു്,
ശാണകപ്പുളുവൈ നാലുകളഞ്ചു്,
തേളിൻെറ കൊമ്പൈരണ്ടു്,
ചുണ്ടെലിയുടെ തലൈ മൂൻറു്,
മൂങ്ങയുടെ ചുണ്ടരെണ്ടു്,
നത്തിൻെറ പൂടൈരണ്ടു കളഞ്ചു്,
കാവാലിഞ്ഞിൻെറ കാലു്രെണ്ടു്,
പുള്ളിപ്പുലിയുടൈ വാലുമണ്ണു,
ഇത്രയും പോതും.

സാറാ:—[പതുക്കെ] ഈയ്യാക്കു പ്രാന്താ.

രോഗിണി:—വൈത്യരെന്താ പറഞ്ഞെ? പുലിയുടെ വാലോ.

വൈദ്യൻ:—അതേ! പുള്ളിപ്പുലിയിടെ വാല്ു്. വാലു മാത്രം പത്താതു. രെണ്ടു് നഖവും ഇരിക്കട്ടും.

സാറാ:—[ചിരിച്ചുകൊണ്ടു്] കഷായം എന്നാ കൊടുക്കേണ്ടതു്.

വൈദ്യൻ:—ഇപ്പോത്താൻ.

സാറാ:—മരുന്നുകളെല്ലാം ഈ തഞ്ചിയിൽ തന്നെ ഇല്ലേ?

വൈദ്യൻ:—പേശൊല്ലാതും. നാൻ കച്ചബടക്കാരനോ? എനക്കു് വമ്മാണി, ചിന്താമണി എല്ലാം നയോതെരിയും. വൈദ്യമാ. ഓർമ്മയിരിക്കട്ടും. അപ്പുറം, പെൺസിംകത്തിൻെറ തലൈചുട്ട ഭസ്മവും കുതിരയുടെ വായിലേ നരയും കൂടിയിരിക്കട്ടും ഒരോകളഞ്ചു്.

സാറാ:—എന്റൊ ഹോവേ! ഇയ്യാക്ക് മുഴുപ്രാന്താ! പ്രാന്താണേ! നിശിറിന്റെ മൊട്ട-സിംഹത്തിന്റെ തല-കുതിരയുടെ നര-ഹാ! ഹാ!! [പൊട്ടി ചിരിക്കുന്നു ]

രോഗിണി:— അയ്യാൾ പോയൊ?

സാറാ:—ഇല്ല കൊച്ചമ്മേ!

രോഗിണി:--ഗുരുവേ, വല്ല നീറവുമരുന്നും ഉണ്ടെങ്കിൽ താ.

വൈദ്യൻ:—നല്ല കൂത്ത്! അന്തമരുന്നുകൾ വാങ്കി കശായംവച്ചു കുടിത്താലിപ്പോത്താൻ രോഗം ശമിക്കുമതുക്ക് സന്തേകമില്ലെല്ല-അല്ലാ വിട്ടാൽ.

സാറാ:—"അല്ലാവിട്ടാൻ"താൻ പോടൊ തന്റെ പാട്ടിനു്. കൊച്ചമ്മ ഇനി മറേറ വൈദ്യൻ ഇപ്പം വരും.

രോഗിണി:—വേണ്ട, വേണ്ടാ. നീ ഇനി ആരേയും വിളിയ്ക്കേണ്ടാ.

(കർട്ടൻ)

രംഗം രണ്ടു്

[രംഗം പഴയതുതന്നെ രോഗിണി കട്ടിലിൽ സാറാ താഴെ ഇരുന്നു വീശുന്നു.]

സാറാ:—പരവേശത്തിനു കുറവുണ്ടോ കൊച്ചമ്മേ!

രോഗിണി:—എന്റെ മോനെ, ഇതുവരെയും കണ്ടില്ലല്ലോ ശ്ശോ! വല്ലതും പിണഞ്ഞോ അവനു്? എന്റെ മോളുണ്ടായിരുന്നേൽ-[ദീർഘശ്വാസം വിടുന്നു.]

സാറാ:—താണ്ടെ, ആരോ വരുന്നു!

രോഗിണി:—എന്റെ മോനായിരിക്കും. [പത്രോസു പതുക്കെ പതുക്കെ വരുന്നു. അമ്മാവി അമ്മയുടെ അടുത്തു ചെന്നു മുട്ടുകുത്തി നിന്നുകൊണ്ടു്.]

"അമ്മേ! അമ്മയ്ക്കു ദീനം കൂടുതലാണോ?"

രോഗിണി:—പൊന്നുമോനെ: നീ എവിടായിരുന്നു?

[പത്രോസിന്റെ കൈയ്ക്കുപിടിക്കുന്നു ]

പത്രോസ്:—എന്റെ അമ്മേ; ഞാനാ ദീർഘദർശിയുടെ കൂടായിരുന്നു, എത്ര നല്ലയാൾ! എന്തൊരു പ്രസംഗം; അദ്ദേഹത്തിന്റെ അടുക്കൽ ഇരിക്കുമ്പോൾ, മറേറല്ലാം മറക്കും.

രോഗിണി:—എങ്കിലും നീ പോയിട്ടിന്നെത്രയായി? നിന്നെ കാണാഞ്ഞു ഞാനെന്തു കരഞ്ഞെന്നോ?

പത്രോസ്:—അതകട്ടേ, ഇപ്പോൾ എങ്ങനെ ഇരിക്കുന്നു?

രോഗിണി:—ഒരു കുറവുമില്ല മോനെ! രണ്ടു വൈദ്യന്മാർ വന്നു. ഈ സാറായാണു ആളയച്ചു വരുത്തിയതു്. രണ്ടുപേരും നോക്കിട്ടു ഒരു വിശേഷവുമില്ല. പനി കൂടികൂടിവരുവാ.

പത്രോസ്:—ഒന്നും പേടിക്കേണ്ടമ്മേ! ഞാനാ ദീർഘദശിയെ കൂട്ടിക്കൊണ്ടു വരാം - അപ്പോളെല്ലാം ശരിപ്പെടും.

രോഗിണി:—നീ പോടാ! ദീർഘദശിക്കുണ്ടോ വൈദ്യം?

സാറാ:—കൊച്ചേമാനാ-ഒരു മമ്മാണിയും ഒരു നാട്ടുവൈദ്യനും വന്നു. രണ്ടു പേക്കും പ്രാന്തായിരുന്നു. ഞാനുണ്ടോ? അതറിഞ്ഞു? ഒരുത്തൻ പറഞ്ഞു. നത്തിനേം, മൂങ്ങയേം, പുലിയേം, ഒക്കെവേണോന്നു്. ഹാ, ഹാ, [ചിരിക്കുന്നു ]

പത്രോസ്:—അമ്മയ്ക്കു പനിയായെന്നു അങ്ങേതിലെ നപ്താലി പറഞ്ഞാണു ഞാനറിഞ്ഞതു്, അവനിപ്പോളിങ്ങോട്ടുവരും. ഏതായാലും ഞാനദ്ദേഹത്തെ ഒന്നു പോയി കാണട്ടെ! (കർട്ടൻ)

രംഗം മൂന്നു്

[വീടു്, മുമ്പിലത്തേതു പോലെതന്നെ, രോഗിണി കട്ടിലിൽ കിടക്കുന്നു. കൂടുതൽ വിഷമം കാണിക്കുന്നു. ശുശ്രൂഷിക്കാൻ സാറായ്ക്കു പുറമേ, ആൻഡ്രൂ, ജയിംസ്, ജോൺ, നാഥാനിയേൽ, നപ്താലി, തുടങ്ങിയവർ ഓരോ ബെഞ്ചിൽ സ്ഥലം പിടിച്ചിരിക്കുന്നു ]

ജോൺ:—പത്രോസ് ഗുരുനാഥനെ കൂട്ടിക്കൊണ്ടു വരുമെന്നാണല്ലോ കേട്ടതു്.

ജയിംസ്:—അതിനെന്താ സംശയം?

ആൻഡ്രൂ:—പത്രോച്ചൻ, ഗുരുവിന്റെ പക്കലേയ്ക്കു തന്നെയാണു പോയിട്ടുള്ളതു്.

സാറാ:—ദാണ്ടെ, ആരോ വരുന്നു!

[ഗുരുനാഥൻ മുമ്പിലും പത്രോസ് പിറകേയും പ്രവേശിക്കുന്നു. [എല്ലാവരും എഴുന്നേററു നിന്നുകൊണ്ടു്] നമസ്കാരം!! [എന്നു പറഞ്ഞു ഗുരുപാദത്തിൽ തൊഴുന്നു. ഗുരു തൃക്കൈകളുയർത്തി എല്ലാവരേയും അനുഗ്രഹിക്കുന്നു.]

ഗുരുനാഥൻ:—രോഗിയ്ക്കു എങ്ങനെ ഇരിയ്ക്കുന്നു? കുറവൊന്നുമില്ലേ?

[എന്നു ചോദിച്ചുകൊണ്ടു രോഗിണിയേ സമീപിക്കുന്നു ]

എല്ലാവരും ഇല്ല ഗുരോ!!

[ഗുരുനാഥൻ രോഗിണിയുടെ കൈയ്യിൽ തൊടുന്നു. അവർ നിരസത്തോടെ തിരിഞ്ഞു കിടക്കുന്നു അല്പം കഴിഞ്ഞ്, അവർ ഗുരുവിന്റെ നേരെ രൂക്ഷമായി നോക്കുന്നു പക്ഷേ ഗുരുനാഥൻ ദയാവായ്പോടെ അവളുടെ നേരെ നോക്കുകയാണ്. അതിനോടു കൂടി രോഗിണി ചാടി എഴുന്നേററു ഗുരുപാദത്തിങ്കൽ വീണുകൊണ്ട്. "യേശുദേവാ കാരുണ്യമൂർത്തേ" എന്നു വിളിച്ചു പറയുന്നു.]

ഗുരുനാഥൻ:—സുഭഗേ, എഴുന്നേല്ക്കു, [അവരും എഴുന്നേററു ഓരോരുത്തരേയും മാറി മാറി വന്ദിക്കുന്നു. സാറായും, രോഗിണി ആയിരുന്ന കുടുംബിനിയും, പത്രോസും, ആൻഡ്രൂവും കൂടി അതിഥികളേയും, ഗുരുദേവനേയും പഴങ്ങൾ കൊടുത്തു് സല്ക്കരിക്കുന്നു] (കർട്ടൻ)

രംഗം നാല്

[വീട് പഴയതുതന്നെ, സമയം പ്രഭാതം. ഒരു ബാലൻ കണ്ണുപൊട്ടനെ വടിയിൽ പിടിച്ചുകൊണ്ട് പ്രവേശിക്കുന്നു]

കണ്ണുപൊട്ടൻ:—കണ്ണുകാണാൻ പാക്യമുള്ള പൊന്നച്ചന്മാരെ കണ്ണുപൊട്ടന് കാക്കാശ്ശ്-കാക്കാശ്ശ്

[ബാലനും പൊട്ടനും ഒന്നിച്ച്] കാ-ക്കാശ്ശ്. കണ്ണുള്ള പാക്യവാന്മാരെ! കണ്ണില്ലാത്ത കുരുടനു കാ-ക്കാശ്. എടാ, നായിന്റെ മോനെ, അത്തേകം ഇവിടെങ്ങാനുമുണ്ടോടാ?

ബാലൻ.—ആ! ഞാനറിഞ്ഞില്ല

കണ്ണുപൊട്ടൻ:—പിന്നെ നിന്നെ എന്തോട്ടാ കെട്ടി എടുക്കണതു്.

ബാലൻ:—ദാ ഇതു പത്രോച്ചന്റെ വീടാന്നാ അയ്യാൾ പറഞ്ഞതു്.

കണ്ണുപൊട്ടൻ:—എവിടാട?

ബാലൻ:.....ഇവിടാരെം കണ്ടില്ലന്നേ!

കണ്ണുപൊട്ടൻ.—താണ്ടെടാ, ആരോ വരുന്നു!

ബാലൻ:—അതൊരു ഞൊണ്ടിയാ

[ഒരു ഞൊണ്ടി, നൊണ്ടി, നൊണ്ടി പ്രവേശിക്കുന്നു.]

നൊണ്ടി:—നൊണ്ടിക്കു വല്ലതും കൊടുക്കണെ, അമ്മാപെങ്ങന്മാരെ! കാലുള്ള പാക്യവന്മാരെ! നൊണ്ടിക്കു കാ-ക്കാശ്ശ്.

കണ്ണുപൊട്ടൻ:—ആണ്ടെടാ, പിന്നെ ആരാണ്ടു വരുന്നു. ആ മണിയെന്താടാ. [ഒരു കുഷ്ഠരോഗി മണി കിലുക്കിക്കൊണ്ടു] "മാറിക്കോ! മാറിക്കോ കുഷ്ഠരോഗി" എന്നു വിളിച്ചു പറഞ്ഞുകൊണ്ടു പ്രവേശിക്കുന്നു]

കണ്ണുപൊട്ടൻ:—അണ്ടെടാ പിന്നെം ആരാണ്ടു വരുന്നു.

ബാലൻ—അപ്പോ, വല്യപ്പനു കണ്ണുകണ്ടൂടന്നു പറഞ്ഞതു് വെറുതെയല്ലന്നേ!

കണ്ണുപൊട്ടൻ:—ശ്ശേടാ! എന്തു കൃത്താ ഇതു! എന്റെ ചെവി കേക്കില്ലെന്നു ഞാമ്പറഞ്ഞോ?

ബാലൻ:—അതും-ശരി-തന്നെ!

[വയസ്സായ ഒരു തളർവ്വാതപ്പെണ്ണിനെ എടുത്തുകൊണ്ടു അവളുടെ അമ്മ പ്രവേശിച്ചു കുട്ടിയെ നിലത്തു ഇരുത്തുന്നു]

അമ്മ—മോളെ, അടങ്ങു, ഇതാ പത്രോച്ചന്റെ വീടു. അദ്ദേഹം ഇപ്പം നമ്മളെ കാണും. നിന്റെ സങ്കടക്കേട് മാറും—അല്ല നോക്കിക്കൊ—ഞാനാ പറഞ്ഞതു്.

മകൾ:—അമ്മേ, ഇവിടൊത്തിരിപ്പേരുണ്ടല്ലോ? കുരുടനും ചട്ടൻമൊക്കെ. ഇവരെയൊക്കെ തിക്കേൽ! സുഖപ്പെടുത്തുമോ?

അമ്മ—പെണ്ണു വിളിച്ചപാതം വേണം. ദാവീദിന്റെ പുത്രനാ, അറിഞ്ഞോ! [ഭൂതാവിഷ്ടയായ ഒരു യുവതി അലറിക്കൊണ്ടു പ്രവേശിക്കുന്നു പിറകെ രണ്ടു മൂന്നു പേരും.]

ഭൂതം:—ഞാൻ പോകത്തില്ല ഞാനും പോകുവേല ഞാനും പോകുവേലന്നേ! ഒന്നു കാണാമല്ലോ, എന്നെ വിടണതു്-ഞാനാരാണെന്നറിഞ്ഞോ? ഹൂ! എന്നെ ആരാണിറക്കിവിടുന്നതെന്നൊന്നു കാണണം. ഹയ്യടാ! ചാടുന്നു, മറിയുന്നു, ഇറങ്ങി ഓടാൻതക്കം നോക്കുന്നു.

[കൂട്ടത്തിൽ വന്നവരിലൊരുത്തൻ ചാടിപിടിച്ചുകൊണ്ട് "നില്ലവിടെ."

[മററുള്ളവരുംകൂടി പിടിച്ചു നിറുത്തുന്നു]

കുഷ്ഠരോഗി:—[അകലെ മാറി ഇരുന്നുകൊണ്ട് കണ്ണുപൊട്ടനെ വിളിച്ചുകൊണ്ടു പറയുന്നു.]

"പൊട്ടക്കണ്ണച്ചേട്ടാ തനിക്കെന്നെ കാണാൻമേലാലും എനിക്കു തന്നെ കാണാം. ഞാനെത്രനാ

# അത്ഭുതങ്ങൾ

(ജി. സി ടീലാർ)

അത്ഭുതങ്ങൾ എന്നു കേൾക്കുമ്പോൾ ആധുനികലോകം പുച്ഛരസത്തിൽ നെററി ചുളിക്കുകയും ഇപ്പോഴുമുണ്ടോ ഇത്തരം മൂഢന്മാർ? ദൈവവും അത്ഭുതങ്ങളും എത്ര പണ്ടേ മനുഷ്യന്റെ സാമ്രാജ്യത്തിൽ നിന്നും പമ്പ കടന്നു! ശാസ്ത്രജ്ഞാനം അന്ധവിശ്വാസത്തിന്റെ കോട്ടയെ തകർത്തുകളഞ്ഞില്ലേ! ഇത്തരം ചിന്താഗതിക്ക് ആധുനികലോകം അടിമപ്പെട്ടിരിക്കയാണ്.

ഇതാ വരുന്നു ചാറൾസ് സ്റെറയിൻമെററ്സ് (Charles Steenmetz) ആധുനികശാസ്ത്രജ്ഞന്മാരിൽ പ്രമുഖനായ ഒരാളാണ് അദ്ദേഹം. ഒരു യുഗത്തിനെത്തന്നെയും അദ്ദേഹത്തോടൊരു വലിയ കടപ്പാടുണ്ട്. അദ്ദേഹം തന്റെ സഹപ്രവർത്തകന്മാരോട് ഒരിക്കൽ പറഞ്ഞു: "നാം ഏതു വഴിയിൽ കൂടിയാണു ഏററം വലിയ ഗവേഷണങ്ങൾ നടത്തേണ്ടതെന്നു നിങ്ങൾക്കറിയാമോ? നിങ്ങൾ ഓരോരുത്തർക്കും ഓരോന്നും പറയുവാനുണ്ടാകും. എന്നാൽ എനിക്കു തോന്നുന്നത്, നാം പ്രാർത്ഥന എന്ന മഹാശക്തിയെപ്പററി ഗവേഷണങ്ങൾ നടത്തണമെന്നാണ്."

ഡോക്ടർ അലെക്സിസ് കാറൽ (Dr. Alexis Carel) എന്ന ശാസ്ത്രജ്ഞനെപ്പററി കേട്ടിട്ടില്ലാത്തവർ ഉണ്ടായിരിക്കയില്ലല്ലോ. ഗവേഷണങ്ങൾക്കുള്ള റോക ഫെല്ലർ സ്ഥാപനത്തിന്റെ ഡയറക്ടർ എന്ന നിലയിൽ അദ്ദേഹം അമേരിക്കൻ ജനതയ്ക്കു സുപരിചിതനാണ്. ജീവോല്പത്തിയെക്കുറിച്ചു വളരെ അഗാധമായി പഠിക്കുവാൻ ശ്രമിച്ചിട്ടുള്ള അദ്ദേഹം പറയുന്നു പ്രാർത്ഥനയുടെ ശക്തിയാണ് ലോകത്തിലെ ഏററവും വലിയ ശക്തിയെന്ന്.

---

ളായെന്നറിഞ്ഞോ ആ നസ്രായക്കാരനെ അന്വേഷിച്ചു തുടങ്ങിയിട്ടു! ഇന്നലെ ഈ വീട്ടിൽ വന്നെന്നു കേട്ടു ഇറങ്ങിയതാ!

കണ്ണൻപൊട്ടൻ:— ചങ്ങാതി, അദ്ദേഹം ഇവിടത്തന്നെയുണ്ട്. ഇവിടെ പലരും കൂടീട്ടൊണ്ടല്ലോ!

[കൂടക്കൂടെ എമ്പക്കം വിട്ടുകൊണ്ടും വിറച്ചുകൊണ്ടും വടി കുത്തിപ്പിടിച്ച് ഒരാൾ കയറി വരുന്നു.]

ഏ-എല്ലാ (എമ്പക്കം) എല്ലാവരും വന്നി (എമ്പക്കം) ട്ടുണ്ടല്ലോ. കുട്ട (എമ്പക്കം) രോകി, കു-കു (എമ്പക്കം) രുടൻ, പ-പട്ടൻ (എമ്പക്കം) പ-പടന്തൻ എല്ലാം എല്ലാം—ഏ

എന്റെ കാ-കാര്യമെ-മെങ്ങനെയാകുമോ
ദൈ-ദൈവമേ (എമ്പക്കം)
(ഒരു വിക്കൻ കയറി വരുന്നു)
ആ-അദ്ദേ്യം ഇ-ഇപ്പം വാ-വരുമോ?

കണ്ണൻപൊട്ടൻ —എന്റെ വിക്കൻചേട്ടാ തീർക്കതശിവരാററായി, താനെന്തിനാവന്നതു്? തന്റെ വിക്കുമാററാനാണൊ?

വിക്കൻ — ആ-അ-തു്-അതേ!

[ക്രിസ്തുനാഥൻ, പത്രോസ് തുടങ്ങിയുള്ള ഏതാനും ശിഷ്യന്മാരുടെ അകമ്പടിയോടുകൂടി മന്ദം മന്ദം എഴുന്നെള്ളുന്നു. സർവ്വരും എഴുന്നേററു നിന്ന് തൊഴുന്നു. ഒരേ സ്വരത്തിൽ] "നസ്രായനീശോ! ദാവീദിന്റെ പുത്രാ! ഞങ്ങളുടെ മേൽ കാരുണ്യമുണ്ടാകണെ [എന്നു വിളിച്ചു പറയുന്നു ]

ക്രിസ്തുനാഥൻ —ഓരോരുത്തരുടെ മേലും കൈവച്ച് പ്രാർത്ഥിക്കുന്നു. [എല്ലാവരും മുട്ടിന്മേൽ.]

ക്രിസ്തുനാഥൻ — നിങ്ങൾ സമാധാനത്തിൽ പോവുക. നിങ്ങളുടെ പാപം ഞാൻ പൊറുത്തിരിക്കുന്നു.

[രോഗികളും ശിഷ്യന്മാരും കൂടി പാടുന്നു]

സർവ്വേശ്വരാ! സർവ്വേനാഥാ! പരാപരാ!
സർവ്വേശഗുണാംബുരാശേ!
സർവ്വസ്തുതിക്കും നീ കാരണമാകയാൽ!
സർവ്വേശാനിന്നെ സ്തുതിച്ചിടുന്നേൻ.
"ആദപിഴയാലുദിതപാപമതൊഴിപ്പാൻ
മേദിനിയിൽബേതലപുരെയവതരിച്ചോൻ
വേദനിധിയായ പരമേശ്വരമിശിഹാതാൻ
വേദനയകററുകനമുക്ക് ഗുണനാഥാ"
പിത്രേ ച പുത്രായ സദാത്മനേ ച
സത്യൈകദേവായ നമോസ്തുനിത്യം.

ശുഭം.

(കർട്ടൻ)



(ലേഖകൻ)

ഒരു സ്വതന്ത്ര ചിന്തകനാണ് ഫ്രാൻസിസ് തൊരൻറൻ (Francis Thornton · ചാറൽസ് സ്റ്റെയിൻമെററസും അലെക്സിസ്കാറലും തികഞ്ഞ മതവിശ്വാസികളെപ്പോലെ പ്രാത്ഥനയുടെ ശക്തിയിൽ വിശ്വസിച്ചതിൽ അദ്ദേഹത്തിന് അത്ഭുതം തോന്നി. പ്രാത്ഥനയെപ്പററി ഒരു ഗവേഷണംതന്നെ നടത്തണമെന്നാണല്ലൊ സ്റ്റെയിൻമെററ്സ് പറഞ്ഞതു്. ഗവേഷണം നടത്തുവാൻ എവിടെ പോകണമെന്നായി അദ്ദേഹത്തിൻെറ ചിന്ത. ലൂർദ്ദിൻെറ ചിത്രം അദ്ദേഹത്തിൻെറ മുമ്പിൽ വന്നുനിന്നു. ഓക്സ്ഫോർഡിൽ ഒരു വിദ്യാത്ഥിയായിരുന്ന കാലത്തു് അദ്ദേഹം അവിടെ പോയിട്ടുള്ളതാണ്. എന്നാൽ അന്നത്തെപ്പോലെ ഇന്ന് അതു തന്നെ സ്പശിക്കുമോ എന്നദ്ദേഹം സംശയിക്കുന്നു.

ഏതായാലും 1954-ൽ ഫ്രാൻസിസ് ലൂർദ്ദിലേക്കു പുറപ്പെട്ടു. അദ്ദേഹത്തിൻെറ സ്വന്തം വാക്കുകളിൽ പറയാം ഇനിയത്തെ ചരിത്രം. "എൻെറ യുവഹൃദയത്തിൽ ലൂർദ്ദ് ഒരു കോളിളക്കം സൃഷ്ടിച്ചതാണ്. എന്നാൽ ഇന്ന് അതു തന്നെ സ്പശിക്കുമെന്നു് തോന്നുന്നില്ല. ഈ ചിന്താഗതിയായിരുന്നു എൻെറ രണ്ടാമത്തെ യാത്രയിൽ എനിക്കുണ്ടായതു്. അവിടെ ഒരു ഹോട്ടലിൽ ഞാൻ താമസമാക്കി. ജന്നൽ തുറന്നു ഞാൻ പുറത്തേക്കുനോക്കിയപ്പോൾ കണ്ട കാഴ്ചതന്നെ എന്നെ കോരിത്തരിപ്പിച്ചുകളഞ്ഞു. സമുദ്രത്തിലെ തിരമാലകൾപോലെ ഒന്നിനു പുറകേ ഒന്നായി ഉയന്നുയന്നു കിടക്കുന്ന പവ്വതപംക്തികൾ ലൂർദ്ദിലെ ഒരു മഹാകാഴ്ചയാണ്. മലഞ്ചരുവുകൾക്കിടയിൽക്കൂടി വളഞ്ഞു പുളഞ്ഞൊഴുകുന്ന ഗാവ്നദിയുടെ തീരത്താണ് സുപ്രസിദ്ധമായ ലൂർദ്ദിലെ ഗ്രോട്ടോ. അനേകം തിരികൾ കത്തി അവിടമെല്ലാം ഒരു പ്രകാശപ്രളയത്തിൽ മുങ്ങിക്കിടക്കുന്നതായി തോന്നി. 96 കൊല്ലങ്ങൾക്കുമുമ്പ് അവിടെ മുട്ടുകുത്തി നിന്നിരുന്ന ബർണർദെത്ത് എന്നബാലിക എൻെറ മനോമുകുരത്തിൽ വന്നുനിന്നു ഒരജ്ഞാതശക്തിക്കു ഞാൻ വിധേയനായി എന്നുതന്നെ ഞാൻ പറയട്ടെ. ഹോട്ടലിൽനിന്നും പുറത്തിറങ്ങി ഒരു പാലം കടന്ന് ഗ്രോട്ടായുടെ സമീപം ഞാൻ എത്തി. അവിടെ കണ്ട കാഴ്ച ഞാൻ എങ്ങനെ വർണ്ണിക്കും?

"ലോകത്തിലെ ഏററം വലിയ ഒരാശുപത്രിയാണതെന്നു തോന്നി. തീരാവ്യാധികൾ പിടിപെട്ട അനേകർ അവിടെ കൂടിയിരിക്കുന്നു. ചിലരുടെ ശരീരം ചീഞ്ഞഴുകിത്തുടങ്ങിയിരിക്കയാണ്. ഉന്തുവണ്ടിയിൽകിടക്കുന്ന തളർവ്വാതരോഗികൾ വടിയേൽകുത്തിനിൽക്കുന്ന മുടന്തന്മാർ, മററൊരാളുടെ താങ്ങിൽ നടക്കുന്ന കുരുടന്മാർ, വേദനകൊണ്ടു പുളയുന്ന കാൻസർ രോഗികൾ ഇങ്ങനെ അനേകരുണ്ടവിടെ. പ്രത്യാശയുടെ വിസ്മയകരമായ ഒരു പ്രകാശം ഏവരുടെയും മുഖത്തു്. അവർ ഒരു പ്രാത്ഥന ഉരുവിട്ടുകൊണ്ടിരുന്നു. പാപികളായ ഞങ്ങൾക്കുവേണ്ടി പ്രാത്ഥിക്കണമേ; ഇപ്പഴും ഞങ്ങളുടെ മരണസമയത്തും പാപികളായ ഞങ്ങൾക്കുവേണ്ടി പ്രാത്ഥിക്കണമേ, മന്ദമാരുതനിൽ വിറയ്ക്കുന്ന ദീപാവലിയോടൊപ്പം അന്തരീക്ഷത്തിൽ ആ പ്രാത്ഥനയുടെ സ്വരം തിരതല്ലിക്കൊണ്ടിരുന്നു."

"ആ കാഴ്ച നിന്നിമേഷനായി നോക്കിക്കൊണ്ടു നില്ക്കുവാൻ എനിക്കു കഴിഞ്ഞില്ല. കണ്ണുനീർ വന്നു നിറഞ്ഞു എൻെറ കണ്ണുകളിൽ. ഒരു വിധത്തിൽ ജപമാലയുടെ കപ്പേളയിൽ ഞാൻ ചെന്നുകയറി വിദ്യുത് പ്രവാഹത്തിലെന്നപോലെ പ്രാത്ഥനയുടെ ശക്തിയാൽ ഞാൻ അമന്നുപോയി. ലൂർദ്ദിനെപ്പററിയുള്ള ഓമ്മ വരുമ്പോഴെല്ലാം ആ ദീപപ്രളയവും പ്രാത്ഥനയുടെ സ്വരവും എൻെറ മുമ്പിൽവന്നു നിൽക്കാറുണ്ട്. ലൂർദ്ദിൽ ഒന്നു പോകുന്നവൻ ഭാഗ്യവാനാണ്. ലൂർദ്ദിൻെറ രഹസ്യം പഠനവിഷയമാക്കുന്നവൻ അതിലും

ഭാഗ്യവാനാണ്. ലൂർദ്ദിലെ പ്രത്യക്ഷങ്ങളുടെ ചരിത്രം വളരെപ്പേർ എഴുതിയിട്ടുണ്ട്. എന്നാൽ ഫ്രാൻസ് വെർഫെൽ (Franz Werfel) എന്ന യഹൂദ പണ്ഡിതൻ 'ബർണർദെത്തയുടെഗീതം' എന്നഗ്രന്ഥം വഴിയായി ചെയ്തതുപോലെ അത്ര സ്നേഹനിർഭരമായ ശൈലിയിൽ മററാരും ലൂർദ്ദിന്റെ മാഹാത്മ്യം പ്രകീർത്തിച്ചിട്ടില്ല. വർഫെൽ നിറുത്തിയ സ്ഥാനത്തു് ഇതാ ഇപ്പോൾ റൂത്തു് ക്രാൻസ്റ്റൺ (Ruth Cranston) എന്ന പ്രോട്ടസ്റ്റൻറുവനിത ലൂർദ്ദിന്റെ ചരിത്രം തുടങ്ങിയിരിക്കുന്നു. തികഞ്ഞ ഒരു നിഷ്പക്ഷമതിയുടെ ശാന്തതയോടും ഗവേഷണതല്പരതയോടും കൂടിയാണ് റൂത്തു് ക്രാൻസ്റ്റൺ ലൂർദ്ദിന്റെ ഉള്ളിലേക്കു കടക്കുന്നതു്."

"ലൂർദ്ദിൽ നടക്കുന്ന രോഗശമനങ്ങളുടെ മുമ്പിൽ ശാസ്ത്രം ഞെട്ടററു നിലംപതിച്ചു പോകുന്നു. സകലതിനും ശാസ്ത്രീയമായ ഒരു വ്യാഖ്യാനം കൊടുക്കാമെന്നു പറയുന്ന ശാസ്ത്രം ലൂർദ്ദിന്റെ മുമ്പിൽ മൂകയായിത്തീരുകയാണ്. അത്ഭുതം എന്നു സമ്മതിക്കുവാൻ സയൻസ് നിർബന്ധിക്കപ്പെടുന്നു"

"ചാറൽസ് മക്ഡൊനാൾഡിന്റെ (Chanles Mc Donald) ചരിത്രം ഞാൻ പറയാം. അദ്ദേഹം ഡബ്ളിൻ സ്വദേശിയായിരുന്നു. ഇടത്തെ തോളിനും നട്ടെല്ലിനും ക്ഷയം ബാധിച്ചു് അദ്ദേഹം രോഗിയായിപ്പോയി. 15 മാസത്തോളം അനങ്ങാൻ വയ്യാതെ കട്ടിലിൽ കിടന്നിരുന്നു. ദേഹത്തു രണ്ടു വലിയ വ്രണങ്ങളുണ്ടായി. ദിവസത്തിൽ രണ്ടു പ്രാവശ്യം മരുന്നു വെച്ചു കെട്ടിയെങ്കിലേ ദുർഗ്ഗന്ധം ശമിക്കുമായിരുന്നുള്ളു. തോളിന്റെ അസ്ഥിതന്നെയും യഥാസ്ഥാനത്തു നിന്നു വിട്ടിരിക്കുന്നതായിട്ടാണ് ഡബ്ളിൻ ആശുപത്രിയിലെ എക്സ്റേഫോട്ടോ പ്രത്യക്ഷപ്പെടുത്തിയതു്. 'ഇനി രക്ഷയില്ല?' എന്നു വിദഗ്ദന്മാരായ ഭിഷഗ്വരന്മാർ പ്രഖ്യാപിച്ചു. എങ്കിലും ലൂർദ്ദിലെ ഈ ചെറിയ പട്ടണത്തിൽ വച്ചു് അദ്ദേഹത്തിനു പൂർണ്ണമായ രോഗശമനമുണ്ടായി. അതെങ്ങനെ, എപ്പോൾ സംഭവിച്ചു എന്നുകൂടി പറയണമല്ലോ. മരണവക്ത്രത്തിലെത്തിയിരുന്ന ആ മനുഷ്യനെ ഒരു സ്ട്രെച്ചറിൽ എടുത്തു് ലൂർദ്ദിലെ അരുവിയിൽ ഒന്നുമുക്കി എടുത്തതു മാത്രം.

"രോഗവിമുക്തനായ ചാറൽസ് മക്ഡൊനാൾഡിനെ പരിശോധിക്കുവാൻ അന്നു 32 ഡോക്ടറന്മാരാണ് അവിടെ സമ്മേളിച്ചിരുന്നതു്. വിവിധ രാജ്യങ്ങളിൽ നിന്നുമുള്ള പ്രതിനിധികളായിരുന്നു അവർ. ക്രൈസ്തവരും അക്രൈസ്തവരും നിരീശ്വരന്മാരും ആണ് ആ സംഘത്തിലുണ്ടായിരുന്നതു്. ഏകകണ്ഠമായ അവരുടെ അഭിപ്രായം അവർ രേഖപ്പെടുത്തി. ജീവശാസ്ത്രത്തിലെ സകല നിയമങ്ങളേയും വെല്ലുവിളിച്ചുകൊണ്ടു് പൊന്തിനില്ക്കുന്ന ഒരു സംഭവമാണിതെന്ന്. സുഖം പ്രാപിച്ച മക്ഡൊനാൾഡിൽ യാതൊരു പ്രത്യേകതയും അവർ കണ്ടില്ല. മഹാരോഗിയായി കിടന്നിരുന്ന ആ മനുഷ്യനെ ലൂർദ്ദിലെ മഞ്ഞുപോലെ തണുത്ത വെള്ളത്തിൽ ഒന്നു മുക്കി. ക്ഷണനേരം കൊണ്ടു് അതു കഴിഞ്ഞു. കരയിൽ വച്ചപ്പോൾ രോഗത്തിന്റെ യാതൊരു ലക്ഷണവുംമക്ഡോനാൾഡിൽ കണ്ടില്ല. അത്രപെട്ടന്നായിരുന്നു രോഗശാന്തി. ഇതെങ്ങനെ സംഭവിച്ചു എന്നാന്വേഷിക്കുന്നതിനു് അവർ സമയം കളഞ്ഞില്ല. ലൂർദ്ദിൽ ഇത്തരം സംഭവങ്ങൾ അനുദിനം നടക്കുന്നുണ്ടു്. അവിടത്തെ ഡോക്ടറന്മാർ അതിനു സാക്ഷികളുമാണ്. അവിടെ നടന്ന പതിനായിരത്തിൽ ഒന്നുമാത്രമാണ് ചാറസ് മക്നൊനാൾഡിന്റെ അത്ഭുതകരമായ രോഗശമനം."

"മറെറാരു ചാറൽസിന്റെ കാര്യംകൂടിപറഞ്ഞുകൊള്ളട്ടെ. ഒരു മതവിദ്വേഷിയായി ജീവിതം നയിച്ചുപോന്ന ഒരാളായിരുന്നു ചാറസ്ഗാർഗൻ (Chanles Gargan) ഒരിക്കൽ ഒരു ട്രെയിനപകടത്തിൽപ്പെട്ടു് അദ്ദേഹത്തിന്റെ കാലുകൾ ഒടിഞ്ഞു പോകയും അരക്കെട്ടിനു കീഴ്പ്പോട്ടുള്ള ഭാഗം മുഴുവനും തളർന്നുപോകയും ചെയ്തു. റെയിൽവേ കമ്പനിക്കാരുടെ ചെലവിൽതന്നെ പല ആശുപത്രികളിലും അദ്ദേഹം സ്വീകരിക്കപ്പെട്ടു. പക്ഷേ ഡോക്ടരന്മാരെല്ലാവരും പറഞ്ഞു അതിനു പ്രതിവിധി ഇല്ലെന്നും ഗാർഗൻ ഇനി അധികം നാൾ ജീവിക്കയില്ലെന്നും. അസഹനീയമായ വേദന സഹിച്ചുകൊണ്ടാണ് അദ്ദേഹം കിടന്നിരുന്നതു്.

"സ്വന്തക്കാരുടെ ഇടയിൽ കിടന്നു് മരിക്കുവാൻ വേണ്ടി ഗാർഗനെ വീട്ടിലേക്കു കൊണ്ടുവന്നു. ജനിച്ച മനുഷ്യൻ ഒരിക്കൽ മരിക്കണമല്ലോ. ഗാർഗൻ മരിക്കുന്നതിനെക്കുറിച്ചു് അദ്ദേഹത്തിന്റെ അമ്മയ്ക്കു സങ്കടമുണ്ടായിരുന്നില്ല. എങ്കിലും കൂദാശകൾ സ്വീകരിക്കാതെ മരിക്കുന്നതിൽ ആ മാതാവിനു് അതി

യായ മനഃക്ലേശമുണ്ടായിരുന്നു. ലൂർദ്ദിൽ പോയാൽ ഗാർഗനു കുമ്പസാരം കഴിക്കുവാനുള്ള മനസ്സ് ഉണ്ടാകുമെന്നു അവർ വിചാരിക്കയുണ്ടായി. എന്നാൽ അക്കാര്യം നേരിട്ടു പറയുവാൻ ശങ്കിച്ചു. മകനേ, നീ ലൂർദ്ദിലേക്കൊന്നുപോയാൽ മാതാവു നിന്നെ സുഖപ്പെടുത്തും എന്നാണ് അവർ പറഞ്ഞതു്. ലൂർദ്ദ എന്നു് കേട്ടപ്പോൾ ഗാർഗനു കോപമുണ്ടായി. ഒരു ലൂർദ്ദിലേക്കും ഞാൻ പോകുന്നില്ല. എനിക്കിവിടെ കിടന്നു മരിക്കണം. ഇതായിരുന്നു അദ്ദേഹത്തിന്റെ മറുപടി. എങ്കിലും അമ്മ നിരാശപ്പെട്ടില്ല. അവർ വീണ്ടും വീണ്ടും നിർബന്ധിച്ചു. ഒടുവിൽ അമ്മയെ പ്രതി ഞാൻ പോയേക്കാം എന്നദ്ദേഹം സമ്മതിക്കയും ചെയ്തു

മററുള്ളവർ തൊടുന്നതുപോലും വേദനാജനകമായിരുന്നു ഗാർഗനു്. ആ മനുഷ്യനെ എങ്ങനെ ലൂർദ്ദിൽ എത്തിക്കും? നാലഞ്ചുപേർ കൂടി ഒരു സ്ട്രെച്ചറിൽ അദ്ദേഹത്തെ എടുത്തുകൊണ്ടുപോയി. പരവേശവും വേദനയും വർദ്ധിച്ചതിനാൽ വഴിക്കുവച്ചുതന്നെ അദ്ദേഹം മൃതിയടഞ്ഞേക്കുമെന്നു ചിലർ അഭിപ്രായപ്പെട്ടു. തിരിയെ വീട്ടിലേക്കു മടങ്ങുന്നതാണുചിതമെന്ന് എല്ലാവർക്കും തോന്നി. "എന്റെ മകൻ ലൂർദ്ദിൽ കിടന്നു മരിക്കട്ടെ" എന്നായിരുന്നു അമ്മയുടെ ദൃഢമായ അഭിപ്രായം. അവരുടെ യാത്ര പുരോഗമിച്ചു. അത്യാഹിതമൊന്നും കൂടാതെ അവർ ലൂർദ്ദിലെത്തി. അവിടത്തെ അന്തരീക്ഷം തന്നെ ഗാർഗനിൽ ഒരു പരിവത്തനം സൃഷ്ടിച്ചു. വളരെ കൊല്ലത്തെ കുമ്പസാരം മുടക്കമുണ്ടായിരുന്ന ഗാർഗൻ അന്നു് ആദ്യമായി ഒരു വൈദികനെ കാണുവാൻ ആഗ്രഹിച്ചു. അദ്ദേഹം ഒരു മുഴുവൻ കുമ്പസാരം നടത്തി. അതിൽ കൂടുതലൊന്നും ആഗ്രഹിച്ചിരുന്നില്ല ഗാർഗന്റെ അമ്മ. അവർ സന്തോഷഭരിതയായി.

ഗാർഗനെ ഡോക്ടറന്മാർ പരിശോധിച്ചു. യാതൊരൗഷധം കൊണ്ടും അദ്ദേഹത്തിനു ഗുണം കിട്ടുകയില്ലെന്നാണ് അവർ അഭിപ്രായപ്പെട്ടതു്. ഒരുന്തുണ്ടിയിൽ ഗാർഗനെ അരുവിയിലേക്കു കൊണ്ടുപോയി. ആ തണുത്തവെള്ളത്തിൽ അദ്ദേഹത്തെ മുക്കിയ മാത്രയിൽ അദ്ദേഹം 'അന്ത്യയാത്ര' പറഞ്ഞു. അല്ലെങ്കിൽ അങ്ങനെ അടുത്തുനിന്നവർക്കു തോന്നി. അല്പം കഴിഞ്ഞ് പ. കുർബാനയുടെ പ്രദക്ഷിണമായിരുന്നു. പ്രദക്ഷിണത്തിന്റെ സമയത്തു് ഒരു പ്രേതം വഴിയിൽ വച്ചേയ്ക്കുന്നതു നന്നല്ല എന്നു തോന്നി. പക്ഷേ മാററുവാൻ സൗകര്യമുള്ള ഒരു സ്ഥലം അവർ കണ്ടില്ല. ഒരു കമ്പിളികൊണ്ടു് പ്രേതം മുഴുവനായി അവർ മൂടി ഇട്ടുകളഞ്ഞു

പ. കുർബാന വഹിച്ചിരുന്ന വൈദികൻ ആ ഉന്തുവണ്ടിയുടെ നേരെ വന്നു പതിവുപോലെ ശ്രു. കുർബാനകൊണ്ടു് അദ്ദേഹം അതിന്മേൽ ഒരു കുരിശടയാളം വരച്ചു. മരിച്ച ഒരാളിന്റെ മേൽ പ. കുർബാനയുടെ ആശീർവാദം എന്തുഗുണം ചെയ്യും? അടുത്തു നിന്നവരാരും ഒന്നും പ്രതീക്ഷിച്ചില്ല. "എന്റെ കാലു നിവിർന്നേ, എന്റെ കണ്ണുതെളിഞ്ഞേ" എന്നിങ്ങനെ പല ഭാഗത്തുനിന്നും ഓരോരുത്തർ പറയുന്നതും മാതാവിനെയും തന്റെ ദിവ്യതിരുക്കുമാരനെയും സ്തുതിക്കുന്നതും അവർക്കു കേൾക്കാമായിരുന്നു. എന്നാൽ അവരുടെ മുമ്പിൽ ഒരു വലിയ അത്ഭുതം നടന്നതു് അവർ അറിഞ്ഞില്ല


ഗാർഗൻ ഉറക്കത്തിൽ നിന്നെന്നപോലെ ആ കമ്പിളി തട്ടിമാററിയിട്ടു് ഉന്തുവണ്ടിമേൽ എഴുന്നേററിരുന്നു. ഊഹാതീതമായ വിസ്മയത്തോടുകൂടി അവർ അടുത്തപ്പോഴേയ്ക്കും അദ്ദേഹം കാലേൽ നിന്നു കഴിഞ്ഞു. ദൈവത്തെയും മതത്തെയും ഉപേക്ഷിച്ചു നടന്നിരുന്ന ഗാർഗനിൽ സംഭവിച്ച പരിവത്തനം ശാരീരികമെന്നതിനെക്കാൾ ആദ്ധ്യാത്മികമായിരുന്നു. അദ്ദേഹം നാട്ടിലേയ്ക്കോ വീട്ടിലേയ്ക്കോ പിന്നെ തിരിച്ചുപോയില്ല. ശേഷിച്ച ആയുഷ്കാലം മുഴുവൻ അദ്ദേഹം ലൂർദ്ദിലെ ഒരു വിനീതസേവകനായി അവിടെ വസിച്ചു.

അക്കാലത്തു് ലൂർദ്ദിൽ ചെല്ലുവന്നവർക്കെല്ലാം ഒരു സംസാരവിഷയമായിരുന്നു ചാറത്സ് ഗാർഗൻ

കണ്ണുണ്ടായിട്ടും കാണാത്തവരും ചെവിയുണ്ടായിട്ടും കേൾക്കാത്തവരുമില്ലെ? ഫ്രാൻസിലെ ഒരു ചെറിയ പട്ടണത്തിൽ അനേകം അത്ഭുതങ്ങൾ നടക്കുന്നു. എങ്കിലും ഫ്രാൻസിൽതന്നെ നിരീശ്വരന്മാരുടെയും നിർമ്മതസ്ഥരുടെയും സംഖ്യ എത്ര വലുതു്? മനുഷ്യരെ അവിശ്വാസത്തിൽനിന്നും അധോമാർഗ്ഗത്തിൽ നിന്നും രക്ഷിക്കുന്നതിനുവേണ്ടി ദൈവം വേണ്ടതെല്ലാം ചെയ്യുന്നുണ്ടു്. എന്നാൽ മനുഷ്യൻ അവന്റെ കഴിവിനു തക്കവണ്ണം ദൈവത്തുങ്കലേക്കുയിരുന്നില്ല.

# പാവനസൂനം

(എൻ. സി. മാത്യു, പൊൻകുന്നം)



(കവനകർത്താ)

കാട്ടുപൂവൊരു കല്പകസൂനമായ്
ഞെട്ടിൽനിന്നടർന്നഹാ വീണുപോയ് !!
വർണ്ണഭംഗിയെഴുന്ന മലരുകൾ
കണ്ണിന്നുത്സവമേകിക്കഴിയവേ,
കൊച്ചിളം കാററിലാലോലമാടിയ-
ക്കൊച്ചുകോരകം പുഞ്ചിരിതൂകവേ,
പച്ചില തളിർത്തൊത്തുകളുമൊന്നാ-
ങ്ങുചരഗീതികൾ പാടിയാടീടവേ,
മാഞ്ഞു മൺമറഞ്ഞാമലർ ഭാരത-
ഭൂവിന്റെ പുണ്യരൂപമായ്ത്തീർന്നാവൾ !!

കാട്ടുപൂവതിൻകാന്തിയും മൂല്യവും
കേട്ടറിഞ്ഞവരന്നു ചുരുക്കമായ്
എങ്കിലുമതുകല്പകസൂനമായ്
ഞെട്ടിൽനിന്നടർന്നഹാ വീണുപോയ്!!
രൂപവും പരിപാവനശീലവും
കേട്ടറിഞ്ഞവരെത്ര നിൻ സന്നിധി
എത്തി സ്വായത്തമാക്കുവാൻ ലോകത്തിൻ
സൌഖ്യമാം മധുവാഹരിച്ചീടുവാൻ !!
ഇക്ഷിതിയിൽ നീയാരെയും വിഭ്രമ
നീർച്ചുഴിയിലേയ്ക്കാഴ്ത്തിയതില്ലഹോ
ലോകസൌഖ്യത്തെയല്ല നീയാശിച്ചു
ലോകമോഹിതയായില്ല നിശ്ചയം !!
വിത്തവുമതിൻ മത്തപ്രതാപവും
ചിന്തവച്ചില്ല സ്വന്തമായ്ത്തീർക്കുവാൻ !
മേടയിൽ മണിവേദിയിൽ നിൻമൃദു-
മേനി, സൂനമേ ! യർച്ചനചെയ്തില്ല !!
എങ്കിലുമതു കല്പകസൂനമായ്
ഞെട്ടിൽനിന്നടർന്നഹാ വീണുപോയ്.

നീറിനീറിക്കരയുവാൻ നീ പിറ-
ന്നാരിലും ചിത്തശുദ്ധിപരത്തുവാൻ !
കഷ്ടതയതിൽക്രൂരത്തുള്ള ദംഷ്ട്രകൾ
ആഴ്ത്തു നിന്നങ്കമേറിക്കഴിഞ്ഞപ്പോൾ
നാലുപാടും പരിഹാസമാം വെയിൽ
ഏററുനിൻ മൃദുമേനിതളർന്നപ്പോൾ,
നിൻമുഖം ഹാ വിടർന്നു, നൽപ്പുഞ്ചിരി
തൂകി,നീ നാകഭാഗ്യംസ്വദിച്ചതോ—?
ദിനദീനം കരയേണ്ടും നാഴിക-
യൂറിയൂറിച്ചിരിച്ച നീയാരഹോ—?
കന്യകാലയഭിത്തികൾക്കുള്ളിലായ്
കണ്ടിരുന്നൊരു കാട്ടുപൂവായ് നിന്നെ
എന്തുമെന്നും സഹിച്ചിടാനുൾക്കരു-
ത്തന്തമില്ലാത്ത പ്രാർത്ഥനാശീലവും
ക്രിസ്തുവിൻതിരുക്കാലിണചേർത്ത നിൻ
സ്വൈരജീവിതപ്പോരാട്ടമൊത്തവും
നിൻമഹിമാവിൻ മാററുരച്ചീടുവാ-
നുള്ള ശാണോപലംതന്നെ നിശ്ചയം !!
രാഗമല്ല നിൻ സൗരഭമല്ലനി-
ന്നംഗഭംഗിയാലല്ലതു നിശ്ചയം!

ആർത്തലക്ഷങ്ങളായിരമായിരം
ആർത്തിരമ്പിയടുക്കുന്നതെന്തിനോ—?
ജാതിവർഗ്ഗമതമിതി ചിന്തകൾ
ജാതമാകുന്നതില്ലനിൻ സന്നിധി !
ദേവദാസിയാംനിന്നുടെ പ്രാർത്ഥന
തേടി, സംതൃപ്തിനേടിടുന്നായവർ
ആരിതിക്കൊച്ചുകാട്ടുപൂ—വല്ലല്ല-
നാകസൂനമി'തൽഫോൻസാ'തന്നെയാം
വിഷ്ടപത്തിൽ നിൻ കാന്തി പരത്തിയ-
പ്പുഷ്ടസൗരഭം ക്ഷോണിയിൽ വീശുവാൻ
പ്രാർത്ഥനാസുമമർച്ചന ചെയ്യുന്നേൻ
ആർത്തി തീർക്കുകെൻ നാഥനാമേശുവേ !

# പ്രകൃത്യാതീത ദൈവസാന്നിദ്ധ്യം (തുടർച്ച)

(ഫാ. അക്വെയിൻജൽ ഒ. സി. ഡി)

## കരുത്തേറിയ സംരക്ഷകൻ

ദാനമായി നല്കപ്പെട്ടിരിക്കുന്ന പ്രസാദവരം നമ്മുടെ സ്വന്തശക്തിയാൽ സംരക്ഷിക്കപ്പെടാവുന്നതല്ല. അതിനാൽ ആത്മാവിൽ അധിവസിക്കുന്നദൈവം തന്നെ പ്രവൎത്തക പ്രസാദവരം വഴി സ്ഥിര പ്രസാദവരത്തെ പുലൎത്തുവാനും പ്രവൎത്തിപ്പിക്കുവാനും സഹായിക്കുന്നു. ബുദ്ധിക്കു പ്രകാശമാണാവശ്യമെങ്കിൽ വെളിച്ചങ്ങളുടെ പിതാവായ ദൈവം വേണ്ടത്ര പ്രകാശം നൽകുന്നു. സച്ചിന്തകൾക്കും സൽപ്രവൃത്തികൾക്കും ആവശ്യമുള്ള ഉത്തേജനവും പ്രോത്സാഹനവുമാണു് ആവശ്യമെങ്കിൽ, മനസ്സിന്നു് അവ നല്കപ്പെടുന്നു "ഇച്ഛിക്കുവാനും ഇച്ഛിക്കുന്നതു് പ്രവൎത്തിക്കുവാനും നിങ്ങളിൽ താല്പര്യം ജനിപ്പിക്കുന്നതു് പിതാവാകുന്നുവല്ലൊ" എന്നാണു് വി. അപ്പോസ്തലൻ അറിയിക്കുന്നതു്. (ഫിലി. 2/13).

പ്രേരക പ്രസാദവരത്താൽ മാത്രമല്ല, അതിനും ഉപരിയായി പരിശുദ്ധാത്മാവിയുടെ ദാനങ്ങൾ നല്കിക്കൊണ്ടും ആത്മാവിലെ അതിഥി നമ്മെ സഹായിക്കുന്നു. ഇങ്ങനെ പ്രലോഭനങ്ങളെ ജയിക്കുന്നതിനും ദുരാശകളെ അമൎത്തുന്നതിനും ആവശ്യമായ ശക്തി ദൈവം നമുക്കു നൽകുന്നു എന്നു മാത്രമല്ല, ഈദൃശ പ്രലോഭനങ്ങളിൽ നിന്നു് ഗുണഫലം സിദ്ധിക്കത്തക്കവണ്ണം നമ്മെ സഹായിക്കുകയും ചെയ്യുന്നു.

അതിഥിയുടെ ആധിപത്യം ആത്മാവിനു് അത്യധികം ഗുണപ്രദമാണു്. സ്വശക്തിയെ അതിലംഘിക്കുന്ന പ്രലോഭനങ്ങൾപോലും നേരിടാതെ ദൈവം ആത്മാവിനെ പരിരക്ഷിക്കുന്നു. "മാനുഷികമല്ലാത്ത പരീക്ഷകൾ നിങ്ങൾക്കു നേരിട്ടിട്ടില്ല. ദൈവം വിശ്വസ്തനാകുന്നു, നിങ്ങൾക്കു് കഴിയുന്നതിൽ അധികമായി പരീക്ഷിക്കപ്പെടുവാൻ ദൈവം നിങ്ങളെ കൈവിടുകയില്ല. എന്നാല്ല സഹിക്കാൻ കഴിയത്തക്കവണ്ണം നിങ്ങളുടെ പരീക്ഷയ്ക്കു് അവിടുന്നു നീക്കുപോക്കുണ്ടാക്കുകയും ചെയ്യും." (1 കൊറി. 10/13). അതിനാൽ നാം നിസ്സഹായരോ നിരാശാഭരിതരോ ആശ്വാസരഹിതരോ ആകുന്നില്ല. ഏകാകികളെന്നൊ സർവ്വരാലും പരിത്യക്തരെന്നോ വിചാരിച്ചു് അകലപ്പെടേണ്ടതുമില്ല. നമ്മെ സംരക്ഷിക്കുവാനും സഹായിക്കുവാനും പ്രാപ്തനും മനസ്സുള്ളവനും നമ്മുടെ ഉത്തമ സ്നേഹിതനുമായ ബലവാൻ നമ്മോടുകൂടി ഉണ്ടു്. നമ്മുടെ ദൗർബല്യാവസ്ഥകളിൽ വി. പൗലോസിനോടുകൂടി നമുക്കു പറയാം, "എന്നെ ബലപ്പെടുത്തുന്നവനിൽ എനിക്കെല്ലാം ചെയ്യുവാൻ കഴിയും" (I Cor 3/16) എന്നു്.

## അതിഥിയും ആതിഥേയനും തമ്മിലുള്ള വേഴ്ച

നമ്മുടെ ആത്മാവും, ആത്മാവിന്റെ അതിഥിയായ പ. ത്രിത്വവും തമ്മിൽ ദൃഢവും ഗാഢവുമായ ഐക്യമാണുള്ളതു്. അതു് സ്നേഹത്താലുണ്ടാകുന്ന ധാൎമ്മികഐക്യം മാത്രമല്ല, ഏറെക്കുറെ സ്ഥൂലവും (Physical) കൂടിയാണെന്നാണു് ദൈവശാസ്ത്രജ്ഞന്മാരുടെ അഭിപ്രായം. അഗസ്റ്റീനോസിന്റെ വാക്കുകളിൽ നിന്നും ഈ നിഗമനത്തിൽ എത്താവുന്നതാണു്. അദ്ദേഹം പറയുന്നു: "നമ്മിൽ രണ്ടു ജീവനുണ്ടു്. ഒന്നു ശരീരത്തിന്റെ ജീവൻ, മററതു് ആത്മാവിന്റെ ജീവൻ; ശരീരത്തിന്റെ ജീവൻ ആത്മാവാകുന്നു. ആത്മാവിന്റെ ജീവൻ ദൈവവുമാകുന്നു." ഈ വാക്കുകളിൽ അടങ്ങിയിരിക്കുന്ന തത്വം ഇതാണു്; ആത്മാവും ശരീരവും തമ്മിലുള്ള ബന്ധം സാരാംശത്തെ ബാധിക്കുന്നതാണു്. അതുവഴി ഒരു സ്വഭാവവും ഒരാളും മാത്രമുള്ള മനുഷ്യൻ ആവിർഭവിക്കുന്നു. എന്നാൽ ആത്മാവും ദൈവവുമായുള്ള ഐക്യം ഇങ്ങനെ ഒരേ സ്വഭാവവും ഒരേ ആളുമായി പരിണമിക്കുന്നില്ല. പ്രത്യുത, നമ്മുടെ സ്വഭാവവും വ്യക്തിത്വവും ദൈവത്തിൽ നിന്നു് തികച്ചും വ്യത്യസ്ഥമായിത്തന്നെ സ്ഥിതി ചെയ്യുന്നു. എങ്കിലും ആത്മാവു് ശരീരത്തിനു് ജീവൻ നൽകുന്നതുപോലെ ദൈവം ആത്മാവിനു് സ്വഭാവാതീത ജീവൻ പ്രദാനം ചെയ്യുന്നു. ഇതു്

# സ്നേഹത്തിന്റെ സമ്മാനം

(കേക)

(എൻ. കെ ജാൺ)

ഉച്ചനീചത്വഭാവം ബീഭത്സരൂപംപൂണ്ട
മ്ലേച്ഛതയകററുവാൻ സ്വച്ഛതപുലർത്തുവാൻ
സ്വേച്ഛയാ സച്ചിന്മയൻ ജീവിതാമൃതസാരം
സൗഹൃദംപകർന്നേകിസഞ്ചരിച്ചെങ്ങും മുദാ.
സ്നേഹസമ്പന്നനിശനൗദാര്യത്തിൽ കേദാരം
സ്നേഹസമ്മാനമേകാൻ ജെറിക്കോ പുരിപൂകി.
പാദപാംസുക്കളേററുപാവനമായപ്പുരം
പാരിന്നു പാരംപുകൾപൊങ്ങുവാൻ പോരുന്നതായ്.

ജൂതന്മാർ പണ്ടേതന്നെ ജാത്യഭിമാനംപൂണ്ടു
മേന്മകൾനടിക്കുവോർ മാന്യതസ്വപ്നംകാണ്മോർ
തീണ്ടലും തൊടീലുമാം പണ്ടങ്ങൾ മൃത്പിണ്ഡങ്ങൾ
കുണ്ഡലങ്ങളായ് ജാതിപ്പെൺകൊടിസ്കണിയുവോർ
ചുങ്കക്കാർ ജാതിഭ്രഷ്ടർ ജൂതർതൻദൃഷ്ടിയിങ്കൽ
പാപിഷ്ഠരപകൃഷ്ടർ നിഷിദ്ധർനിന്ദ്യർ നീചർ.
ജാതിയാം പിശാചിനെത്തുരത്തിവിച്ചുജാത്യന്ധരായ്
ത്തീരുമാജാതിക്കുണ്ടോ വാനരനരഭേദ ?

---

ധാർമ്മിക ഐക്യത്തെക്കാൾ വലുതും സ്ഥൂലത്തോടു കൂടുതൽ സമീപിക്കുന്നതുമാണ്.

മേല്പറഞ്ഞ ഐക്യം ഭൂമിയിൽ ഒരു പൂമൊട്ടുപോലെ ആരംഭിച്ച് മോക്ഷത്തിൽ പുഷ്പിക്കുകയാണ് ചെയ്യുന്നത്. സ്വർഗ്ഗത്തിലെ ഐക്യവും ഇഹത്തിൽ പ്രസാദവരത്തോടുകൂടിയ ഐക്യവും ഒരേ തരത്തിലുള്ളതാണ്. ഇവിടെ ആരംഭിക്കുന്നത് അവിടെ പൂർത്തിയാകുന്നു. അതിനാൽ അവിടുത്തെ ഐക്യത്തിന്റെ സ്വഭാവംതന്നെ ഇവിടെയും, വിത്തിലെ ബീജം എന്നപോലെങ്കിലും, ഉണ്ടായിരിക്കണം

## ആതിഥ്യമാര്യാദ

മഹാനായ ഒരതിഥി, മഹാരാജാവെന്നു തന്നെയിരിക്കട്ടെ, നമ്മുടെ ഗൃഹത്തിൽ ആഗതനാകുന്ന പക്ഷം കാണിക്കേണ്ടതിൽ എത്രയോ കൂടുതൽ ബഹുമാനവും ആചാരവുമാണ്. നമ്മുടെ ആത്മാവിന്റെ അതിഥിയായ രാജാധിരാജനോടു കാണിക്കേണ്ടതു്? അവിടുത്തെ സാന്നിദ്ധ്യത്തെ അവഗണിച്ചു കൊണ്ട് നമ്മുടെ വഴിക്കുപോയാൽ അതെത്രമാത്രം നിന്ദാസൂചകവും അപമര്യാദയുമായിരിക്കും?

നമ്മുടെ പിതാവ്, പരിത്രാതാവ്, സ്നേഹിതൻ സംരക്ഷകൻ എന്നല്ല നമ്മുടെ സർവ്വസ്വവുമായ അവിടുത്തെ സവിധത്തിൽ ആത്മനാസന്നിഹിതരായിരുന്നുകൊണ്ട് അവിടുത്തെ ആരാധിക്കുക, സ്നേഹിക്കുക, തന്തിരുവടിയുടെ അഭീഷ്ടാനുസാരണം വർത്തിക്കുക, അവിടുത്തെ അനുകരിക്കുക മുതലായവ ചെയ്യുവാൻ നാം സർവ്വദാ കടപ്പെട്ടവരാണ്.

ആത്മാവിനെ വിശുദ്ധസ്ഥലവും "പരിശുദ്ധങ്ങളുടെ പരിശുദ്ധവും" ദൈവാനുഗ്രഹങ്ങളുടെ സിംഹാസനവുമാക്കിത്തീർക്കുന്ന ത്രിയേക സർവ്വേശ്വരനെ സദാ ആരാധിക്കുകയും സ്തുതിക്കുകയും മഹത്വപ്പെടുത്തുകയും അവിടുത്തോടു നന്ദി പ്രകാശിപ്പിക്കുകയും ചെയ്യേണ്ടതു് നമ്മുടെ ധർമ്മമാണ്. അതുപോലെ തന്നെ പിതാവിന്റെ അതിരററ ആർദ്രത, അവർണ്ണനീയമായ വാത്സല്യം ആദിയായവയെക്കുറിച്ച് ചിന്തിച്ച് ആത്മാർത്ഥതയോടും പുത്രനിർവ്വിശേഷമായും സ്നേഹപ്രകരണങ്ങൾ ചെയ്യണം. ''എന്റെ മകനെ നിന്റെ ഹൃദയം എനിക്കു തരിക'' (ഉപമ. 23/26) എന്ന ഹൃദയാവർജ്ജകമായ അഭ്യർത്ഥനയനുസരിച്ച്, നമ്മെത്തന്നെ പൂർണ്ണമായി പ. ത്രിത്വത്തിനു സമർപ്പിക്കണം. "സ്വർഗ്ഗസ്ഥനായ പിതാവിനെപ്പോലെ പരിശുദ്ധരാകുവിൻ'' എന്ന ദിവ്യനാഥന്റെ ആഹ്വാനപ്രകാരം പിതാവിനു യോജിച്ച പുത്രന്മാരാകുവാൻ സർവ്വാത്മനാ, നാം ഉററു പരിശ്രമിക്കണം. ദുഷ്ടരേയും ശിഷ്ടരേയും സ്നേഹിക്കുന്ന പിതാവിനെപ്പോലെ നമ്മുടെ സഹോദരങ്ങളെ നാം സ്നേഹിക്കണം. ചുരുക്കിപ്പറഞ്ഞാൽ നമ്മിൽ അധിവസിക്കുന്ന അതിഥിയുടെ സവിധത്തിൽ ഭക്തിയുടെയും സ്നേഹത്തിന്റെയും ത്യാഗത്തിന്റെയും ജീവിതം നാം നയിക്കണം.

ഇതാണ് മൂന്നാം സഭാനിയമം അംഗങ്ങളോടു ആഹ്വാനം ചെയ്യുന്നതു്–''കൂടെക്കൂടെ സുകൃതജപങ്ങൾ ചൊല്ലി ദൈവസാന്നിദ്ധ്യസ്മരണ പരിശീലിക്കുന്നതിലും ഉത്സുകരാകണം'' എന്ന്.

(മൂ. മാ. നമ്പ്ര. 51)



(കവനകർത്താ)

സക്കയ്യൂസ് ചുങ്കക്കാരിൽ പ്രമുഖൻമർത്ത്യസ്നേഹി
ജാതിപ്പിശാചുനന്നേവെറുക്കും നരോത്തംസം
വാണിയും ശ്രീയുംപോലെമാത്സര്യം വളർത്തുന്ന
സാത്വകതേജസ്സിനും രാജസസമ്പത്തിനും
ലാസ്യരംഗമായ്മേവും സാധുസേവകൻ സക്കൂസ്
നീതിപൂർവ്വകംധർമ്മം പാലിച്ചുകൃതാർത്ഥനായ്
എങ്ങനെനമ്മോടന്യർ വർത്തിക്കാനാശിച്ചീടു-
മങ്ങനെയന്യരോടും വർത്തിക്കയല്ലോ നീതി.
യേശുനാഥനെക്കാണ്മാൻ കൊതിച്ചു
[കൊതിച്ചവൻ
നാളുകളെത്രയെത്രയെണ്ണിവിട്ടസ്വസ്ഥനായ്
ഹ്രസ്വകായനാമവന്നാൾക്കൂട്ടമണഞ്ഞിടിൽ
ദൃശ്യമല്ലൊന്നുംതന്നെ ദർശനീയമാം രംഗം
അന്നൊരുദിനമീശൻ ജെറിക്കോപുരം പ്രാപി-
ച്ചെന്നതുധരിച്ചവൻ വേഗമങ്ങെത്തിച്ചേർന്നു
ആർത്തിയോടവനത്തിമരമൊന്നിന്മേലേറി-
പ്പാർത്തുപാർത്തിരിക്കയായ്നേത്രസാഫല്യം നേടാൻ.

ആവഴികടക്കവേ ഭക്തദാസനാമീശ-
നാവൃക്ഷസ്ഥനെയൊന്നു കനിഞ്ഞുകടാക്ഷിച്ചു
സക്കൂസിന്നാകക്കാമ്പുകോളുകൊണ്ടുലയവേ
ഹൃദ്ഗതവേദിയീശൻമൊഴിഞ്ഞു മന്ദം മന്ദം.
'വന്നാലുമിറങ്ങിനീയിന്നിതാ തവഗേഹേ
വന്നുഞാൻ നിവസിക്കാം സക്കൂസേ'! നിസ്സംശയം.
തേനലാവുമാമൊഴിയാലവനുൾക്കളത്തി-
ലാനന്ദാങ്കുരം തിങ്ങിപ്പൊങ്ങിവിൺപ്രഭവീശി
ശാന്തിസിന്ധുവിലെഴുമലകൾ പുല്കിപ്പുല്കി-
യന്തികമണഞ്ഞവനീശനും സംപ്രീതനായ്
കൂപ്പുകൈമൊട്ടപാർത്തിയർച്ചിച്ചാനീശൻതന്നെ
ഭക്തിയിൽലയിച്ചവൻ മുക്തനായതുപോലെ.
സ്വാഗതംചെയ്തീശനെയെങ്ങനെയെതിരേല്ക്കാ-
നാകുമെന്നോരാതവൻ കുഴങ്ങീജീവന്മുക്തൻ.
പ്രേക്ഷകരീരംഗത്തെരൂക്ഷമായ് വിമർശിച്ചൊ-
രാക്ഷേപസ്വരമുടനുയർത്തിനിസ്സങ്കോചം
ഭൗമദർശിയ്ക്കെങ്ങുവാനഭൗമസ്നേഹത്തിൻെറ
വെണ്മതിപ്രഭകാണ്മാൻകണ്ണുവിടർന്നിടും?
സത്കാരമധ്യേസക്കൂസ് സ്വന്തജീവിതഗ്രന്ഥം
തന്നിലെയദ്ധ്യായങ്ങൾ തുറന്നു കാട്ടിച്ചൊന്നു:
'എന്നുടെവിഭവത്തിൽ പാതിഞാൻ പാവങ്ങൾക്കാ
യെന്നുമേവിഭജിച്ചുനല്കുന്നുണ്ടു ഭംഗമായ്''
എന്തെന്നുനോക്കാതെ ഞാനെന്തിനും നാലിരട്ടി
യേകുന്നുണ്ടാർക്കാകിലും വരുത്തീട്ടുകിൽനഷ്ടം.
തുഷ്ടനായേവംസക്കൂസ് ധാർമ്മികതേജോരൂപം
സ്പഷ്ടമായ്കാട്ടീടവേസുപ്രസന്നനായീശൻ
തൂമൊഴിയുതിർത്തുടൻ സുസ്മിതം തൂകിത്തൂകി
ജൂതരിലദൃശ്യമാം ധർമ്മസൗരഭമേല്ക്കേ
'സക്കൂസിൻ ഗൃഹത്തിനു' രക്ഷസിദ്ധമായിന്നു
സക്കൂസ് 'എബ്രഹാമിൻെറ പുത്രൻതാനസംശയം'
പ്രസ്തുതമന്യാദൃശം സക്കൂസിൻസുഹൃദ്ഭാവം
മുക്തകണ്ഠമായ് ശ്ലാഘിച്ചീടിനാനീശൻ തദാ.
സ്നേഹമാണഖിലർക്കും ഭവസാഗരംതാണ്ടാൻ
മോഹമുക്തമാംതോണി; സ്നേഹസമ്മാനംമുക്തി.

# അദ്ധ്യാത്മിക ശൈശവത്തിന്റെ അദ്ധ്യാപിക

(ഫാ. ലൂക്കാസു് ഒ. സി. ഡി.)

വിശുദ്ധ കൊച്ചുത്രേസ്യാ – ആധുനികവിശുദ്ധരിൽ ഇത്രയധികം സ്നേഹിക്കപ്പെടുന്ന ഒരു വ്യക്തിയുണ്ടോ എന്നു തോന്നുന്നില്ല. ലിസ്യൂവിലെ ചെറുപുഷ്പത്തിന്റെ സുകൃതസൗരഭ്യം വിശ്വവ്യാപകമാകുന്നതിനു് അധികനാളൊന്നും വേണ്ടിവന്നില്ല. ഇന്നവർ ഭുവനപ്രശസ്തയാണു്, ആധുനികവിശുദ്ധരിൽ പ്രമുഖയാണു്, വേദപ്രചാരമദ്ധ്യസ്ഥയാണു്. കുട്ടികൾക്കും വലിയവർക്കും ആദർശമായി, വിശിഷ്യ ആധുനിക യുവലോകത്തിനു മാർഗ്ഗദർശനം നൽകുവാൻ കഴിവുള്ള "കൊച്ചുറാണി"യായി, ചെറുപുഷ്പം കർമ്മലാരാമത്തിൽ വിരാജിക്കുന്നു. വിശുദ്ധയുടെ ജീവചരിത്രവും മററും വായിച്ചു പഠിച്ചു്, ആ കൊച്ചുകുസുമത്തിന്റെ വിജയരഹസ്യം മനസ്സിലാക്കി, ജീവിതം അവർ ചൂണ്ടിക്കാണിച്ച ആ കുറുക്കുവഴിക്കൊന്നു തിരിച്ചുവിടുവാൻ ശ്രമിക്കുന്നവരും കുറവല്ല. കൊച്ചുത്രേസ്യാ പലർക്കും പ്രത്യേക മദ്ധ്യസ്ഥയും ആത്മസഹോദരിയുമാണു്. ചെറുപുഷ്പത്തോടുള്ള ഭക്തി ലോകമെങ്ങും നാൾക്കുനാൾ വർദ്ധമാനമായിക്കൊണ്ടുമിരിക്കുന്നു.

അഭൂതപൂർവ്വവും അത്ഭുതകരവുമായ ഈ ഭക്തിപ്രചാരത്തിന്റെയും സ്നേഹപ്രകടനങ്ങളുടെയും മറുവശത്തു് ഒരു സംഗതി മറഞ്ഞുകിടപ്പുണ്ടു്: കൊച്ചുത്രേസ്യായുടെ ആദ്ധ്യാത്മിക ശൈശവശാസ്ത്രം അഥവാ "കുറുക്കുവഴി". ഒരു കൊച്ചുകുട്ടിയുടെ വേഷം കെട്ടി സ്നേഹാത്മകജീവിതനാടകം ഈ ലോകരംഗത്തു് അവർ അഭിനയിക്കുന്ന കാഴ്ച ആരെയാണു് ആകർഷിക്കാത്തതു്? ശൈശവലാളിത്യം: അതിനൊരു ആകർഷണശക്തിയുണ്ടു്. ആരുടേയും ഹൃദയത്തെ സമാകർഷിക്കുന്നതിനുള്ള, സ്നേഹത്തെ സമാർജ്ജിക്കുന്നതിനുള്ള കഴിവതിനുണ്ടു്. ആദ്ധ്യാത്മികശിശുവായ ചെറുപുഷ്പം ആധുനികലോകത്തിന്റെ അത്യധികമായ വാത്സല്യത്തിനു പാത്രമാകുവാനുള്ള കാരണവും ഇതുതന്നെ. യഥാർത്ഥ വിശുദ്ധിയേപ്പററി പലർക്കുമുണ്ടായിരുന്ന തെററിദ്ധാരണകൾ നീക്കി ആത്മീയശിശുക്കളായി ജീവിച്ചാൽ ഏവർക്കും വിശുദ്ധരാകുക സുസാദ്ധ്യമെന്നു് കൊച്ചുത്രേസ്യാ ലോകത്തെ പഠിപ്പിച്ചു. ആദ്ധ്യാത്മികജീവിതരംഗത്തു് ഒരു നവജീവൻ പ്രത്യക്ഷമായി, ചെറുപുഷ്പത്തിന്റെ ചെറുതാകണമെന്നുള്ള ആഹ്വാനം ശ്രവിച്ചപ്പോൾ. "ശിശുക്കളെപ്പോലെ ജീവിക്കണം സ്വർഗ്ഗത്തിൽ പ്രവേശിക്കുവാൻ", ക്രിസ്തുവിന്റെ പ്രബോധനം അവർ സ്വജീവിതത്തിൽ പ്രാവർത്തികമാക്കിക്കാണിച്ചുതന്നു. സ്വർഗ്ഗത്തേക്കുള്ള ഈ കുറുക്കുവഴിയിലൂടെ വേഗം ഗമിക്കുന്നതിനു് അവർ നമ്മെ ആഹ്വാനം ചെയ്യുകയാണു്.

വിശുദ്ധ കൊച്ചുത്രേസ്യായ്ക്കു് പരിപൂർണ്ണവിജയം നേടിക്കൊടുത്ത സുഗമമായ ഈ മാർഗ്ഗം, ഈ 'കുറുക്കുവഴി', വഴിയറിയാതെ ലോകരംഗത്തു ചുററിത്തിരിയുന്ന സ്വസഹോദരലക്ഷങ്ങൾക്കും കാണിച്ചുകൊടുക്കുവാൻ അവർ എത്രമാത്രം ആഗ്രഹിച്ചിരുന്നെന്നോ? മരിക്കുന്നതിനു കുറച്ചുമുമ്പു് അവർ പറയുകയുണ്ടായി: "ഞാൻ ദൈവത്തെ സ്നേഹിക്കുന്നതുപോലെ മററുള്ളവരും അവിടുത്തെ സ്നേഹിക്കുവാൻ ഇടവരുത്തുക, എന്റെ കുറുക്കുവഴി ആത്മാക്കളെ പഠിപ്പിക്കുക എന്ന എന്റെ ജോലി ഉടനെതന്നെ ആരംഭിക്കുവാൻ പോകുന്നു എന്നെനിക്കു തോന്നുന്നു. എന്റെ സ്വർഗ്ഗീയജീവിതം ഭൂമിയിൽ നന്മചെയ്യുവാൻ ഞാനുപയോഗിക്കും. കാലത്തിന്റെ അവസാനംവരെ ജോലിയിൽ നിന്നു ഞാൻ വിരമിക്കയില്ല". വിശുദ്ധയുടെ സ്വയംകൃതജീവചരിത്രം ഉപസംഹരിക്കുന്നഭാഗം ഈ ആശയത്തെ കൂടുതൽ സ്പഷ്ടമാക്കുന്നുണ്ടു്. തുടിക്കുന്ന ഹൃദയത്തോടെ ആത്മനാഥനോടു് അവർ പ്രാർത്ഥിക്കുകയാണു്. "എന്റെ ഈശോയേ, എല്ലാ ചെറിയ ആത്മാക്കളോടും നിന്റെ അവർണ്ണനീയമായ ദയാദാക്ഷിണ്യങ്ങളേപ്പററി എനിക്കു പറയാൻ കഴിവുണ്ടായെങ്കിൽ കൊള്ളാമായിരുന്നു. എന്നേക്കാൾ അധികം ബലഹീനയായ ഒരു ആത്മാവിനെ കണ്ടെത്തുവാൻ നിനക്കു സാധിക്കുകയും അതു നിന്റെ അനന്തകരുണയിലുള്ള പൂർണ്ണവിശ്വാസത്തോടുകൂടെ സ്വയം പരിത്യജിക്കയും ചെയ്യുന്നതായാൽ ആ ആത്മാവിനു് ഇതിലേറെ ദാനങ്ങൾ

നീ നൽകുമായിരുന്നു എന്നെനിക്കു തോന്നുന്നു. എന്റെ മണവാളാ! നിന്റെ സ്നേഹരഹസ്യങ്ങൾ പ്രസിദ്ധപ്പെടുത്തണമെന്നുള്ള ഈ ആഗ്രഹങ്ങൾ എവിടെ നിന്നാണു പുറപ്പെടുന്നതു്? അവയെ എന്നെ പഠിപ്പിച്ചതു നീ തന്നെയല്ലയോ? മററുള്ളവർക്കും അവയെ വെളിപ്പെടുത്തുവാൻ നിനക്കു കഴിയുകയില്ലയോ? നിനക്കു കഴിയുമെന്നു് എനിക്കറിയാം. അങ്ങിനെ ചെയ്യണമെന്നാണു് എന്റെ അപേക്ഷ.

നിന്റെ തൃക്കണ്ണുകളെ അസംഖ്യം ചെറിയ ആത്മാവുകളുടെനേർക്കു തിരിക്കണമെന്നു് ഞാൻ അപേക്ഷിക്കുന്നു; ഈ ലോകത്തിൽ നിന്റെ സ്നേഹത്തിനു ബലിയാകുവാൻ യോഗ്യതയുള്ള ചെറിയ ആത്മാവുകളുടെ ഒരു വൃന്ദത്തെ തിരഞ്ഞെടുക്കണമെന്നു് നിന്നോടു ഞാൻ പ്രാർത്ഥിക്കയും ചെയ്യുന്നു.''

(നവമാലിക)

ഈശോയോടുള്ള സ്നേഹത്തിൽനിന്നും ഉത്ഭൂതമായ കൊച്ചുത്രേസ്യായുടെ ഈ അഭിലാഷം സാധിച്ചുകൊടുക്കുന്നതിനു് ക്രിസ്തുനാഥൻ വിശുദ്ധയേത്തന്നെ ഒരുപകരണമാക്കുകയാണുചെയ്തതു്. സ്വർഗ്ഗത്തിൽ വലിയവൻ ആരാണെന്നു് അറിയുവാൻ ആഗ്രഹിച്ച ശിഷ്യഗണത്തിനു് ഈശോ അതു മനസ്സിലാക്കിക്കൊടുത്ത രംഗം ഒന്നുകൂടി ആവർത്തിക്കപ്പെടുകയല്ലേ ചെയ്യുന്നതു് നമ്മുടെ കാലത്തു്? അന്നു് ഈശോ ഒരു കൊച്ചുകുട്ടിയെ തന്റെ അടുക്കൽ വിളിച്ചു് ആ ശിശുവിനെ ചൂണ്ടിക്കാണിച്ചുകൊണ്ടാണു് ഈ പ്രബോധനം നൽകിയതു്. "നിങ്ങൾ മാനസാന്തരപ്പെട്ടു ശിശുക്കളെപ്പോലെയാകയില്ലെങ്കിൽ സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കയില്ല." "ഈ ശിശുവിനെപ്പോലെ സ്വയം താഴ്ത്തുന്നവനാരോ അവനാകുന്നു സ്വർഗ്ഗരാജ്യത്തിൽ വലിയവൻ." ഇന്നിതാ ക്രിസ്തുനാഥൻ വേറൊരു ശിശുവിനെ, ഒരാദ്ധ്യാത്മിക ശിശുവിനെ നമ്മുടെ മുമ്പിൽ നിറുത്തിക്കൊണ്ടു പറയുന്നു. "ഈ കുഞ്ഞിനെപ്പോലെ നിങ്ങളും ദൈവരാജ്യം കരസ്ഥമാക്കുവിൻ ഞാൻ സത്യമായി നിങ്ങളോടു പറയുന്നു. ഒരു ശിശുവിനെപ്പോലെ ദൈവരാജ്യം കരസ്ഥമാക്കാത്തവൻ അതിൽ പ്രവേശിക്കയില്ല." ഇതാണു് ചെറുപുഷ്പത്തിനു് ആധുനികയുഗത്തിൽ ലഭിച്ചിട്ടുള്ള സ്ഥാനം: സുവിശേഷത്തിലെ ആദ്ധ്യാത്മിക ശൈശവ പ്രബോധനം ഇന്നത്തെ ലോകത്തിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിനു് ദൈവം തിരഞ്ഞെടുത്തിരിക്കുന്ന ഉപകരണമാണു് ലിസ്യൂവിലെ ചെറുപുഷ്പം. അദ്ധ്യാത്മശൈശവശാസ്ത്രത്തിന്റെ അദ്ധ്യാപികയാണു് വി. കൊച്ചുത്രേസ്യാ.

തിരുസഭാമാതാവു് ക്രിസ്തുനാഥന്റെ ഈ അഭിലാഷം മനസ്സിലാക്കി നമുക്കൊരാദർശമായി കൊച്ചുത്രേസ്യായെ വിശുദ്ധയായും വേദപ്രചാരമദ്ധ്യസ്ഥയായും പ്രഖ്യാപിക്കയും ആദ്ധ്യാത്മിക ശൈശവത്തിന്റെ അദ്ധ്യാപികയായി കാണിച്ചുതരുകയും ചെയ്യുന്നു.

"ദൈവത്തിന്റെ 'വചനം' എന്നപോലെ വി. കൊച്ചുത്രേസ്യാ പറയുന്നതു നമുക്കു ശ്രവിക്കാം." എന്നും, "ആദ്ധ്യാത്മിക ശൈശവത്തിന്റെ പരിപൂർണ്ണമായ പരിശീലനം, അതിന്റെ അദ്ധ്യാപിക എന്നു വിളിക്കാവുന്ന കൊച്ചുത്രേസ്യാ വഴി ലോകമഖിലം അറിയപ്പെടുന്നതിനു് ദൈവം ഇഷ്ടപ്പെടുന്നു"എന്നും പാവനസ്മരണയ്ക്കർഹനായ പതിനൊന്നാം പീയൂസ് മാർപ്പാപ്പാ പറയുന്നു. അദ്ദേഹത്തിന്റെ മുൻഗാമി 15-ാം ബനഡിക്ട് മാർപ്പാപ്പാ വിശ്വാസികളെ ഉൽബോധിപ്പിച്ചിരുന്നതു്. "ആദ്ധ്യാത്മിക ശൈശവം നിത്യജീവൻ പ്രാപിക്കുന്നതിനു് അനുപേക്ഷണീയമാണു്; ഉണ്ണിയീശൊയുടെ കൊച്ചുത്രേസ്യാ വീരോചിതവിശുദ്ധി സമ്പാദിച്ച ഈ മാർഗ്ഗത്തിൽ വിവിധദേശ്യരായ വിശ്വാസികളും പ്രവേശിക്കട്ടെ" എന്നായിരുന്നു:

ആധുനികകാലത്തെ ഏററവും വലിയ വിശുദ്ധ എന്നു് ചെറുപുഷ്പത്തെ ആദ്യമായി വിളിച്ച വിശുദ്ധ പത്താം പീയൂസ്, കൊച്ചുത്രേസ്യായുടെ ജീവചരിത്രം ഇററാലിയൻ ഭാഷയിൽ പ്രസിദ്ധീകരിച്ച സന്ദർഭത്തിൽ പറയുകയുണ്ടായി. "നിങ്ങൾ ബഹുമാനിക്കുവാൻ ഇഷ്ടപ്പെടുന്നവളെ അനുകരിക്കുവാൻ മടിക്കരുത്"എന്നു്. പരിശുദ്ധപിതാവു പന്ത്രണ്ടാം പീയൂസ് വി. കൊച്ചുത്രേസ്യായുടെ ചരമത്തിന്റെ കനകജൂബിലിയാഘോഷങ്ങളെപ്പററിക്കേട്ടപ്പോൾ പറയുകയാണു്. "ആധുനിക കാലത്തെ ഏററവും വലിയ വിശുദ്ധയായ കൊച്ചുത്രേസ്യായോടുള്ള ഭക്തി എത്രമാത്രമായാലും അതു് ആധികമായിപ്പോകയില്ല, അത്ര വലിയ ഒരു പ്രതീക്ഷയാണു് നമുക്കു വിശുദ്ധയിൽ ഉള്ളതു്." 1954-ൽ ലിസ്യൂവിലേക്കയച്ച ഒരു റേഡിയോ സന്ദേശത്തിൽ പ. പിതാവു പറയുന്നതു ശ്രദ്ധേയമാണു്. അദ്ദേഹം ചോദിക്കുന്നു. "അ

# നന്മനിറഞ്ഞമറിയം "പ്രാർത്ഥന"–V

(എണ്ണേക്കാട്ട യൗസേപ്പുകത്തനാർ)

പ്രസ്തുത പ്രാർത്ഥനയുടെ ആദ്യഭാഗത്തെപ്പററി ചില സംഗതികൾ മുൻ ലേഖനങ്ങളിൽ പ്രസ്താവിച്ചിട്ടുണ്ടല്ലൊ. അതിൻെറ കർത്തൃത്വം ഗബ്രിയേൽ മാലാകായിലും വിശുദ്ധഎലീശ്വായിലും സ്ഥിതിചെയ്യുന്ന എന്നും പറഞ്ഞിട്ടുണ്ട്. രണ്ടാം ഭാഗം, അതായത് "പരിശുദ്ധ മറിയമേ, ദൈവത്തിൻെറ മാതാവേ, പാപികളായ ഞങ്ങൾക്കുവേണ്ടി ഇപ്പോഴും ഞങ്ങളുടെ മരണനേരത്തും ദൈവത്തോട്ട പ്രാത്ഥിക്കേണമേ, ആമ്മേൻ" എന്നത് തിരുസ്സഭ കൂട്ടിച്ചേർത്തതാണ്. ആദ്യഭാഗം മറിയത്തിൻെറ ഔന്നത്യത്തെ പരാമർശിച്ചുള്ള ഒരു സ്തുതിപ്പ്, കീർത്തനം (Praise) മാത്രമാണെന്നും രണ്ടാം ഭാഗമാണ് വാസ്തവത്തിൽ പ്രാത്ഥന, യാചന (Petition) എന്നും നാം ഗ്രഹിക്കേണ്ടതാണ്. ഇതിൽ പ്രഥമഭാഗം ആദ്യശതകങ്ങളിൽ തന്നെ മറിയത്തിൻെറ സ്തുതിക്കായി നടപ്പിലുണ്ടായിരുന്നു. ദ്വിതീയഭാഗം പൂർണ്ണമായി 15–ാം ശതകത്തിലാണ് തിരുസ്സഭ അധികാരപൂർവ്വം കൂട്ടിച്ചേർത്ത് വിശ്വാസികളുടെ ഉപയോഗത്തിനായി നൽകിയത്.

"പരിശുദ്ധ മറിയമേ, ദൈവത്തിൻെറ മാതാവേ". മറിയം തക്കവിധം പരിശുദ്ധയായതുകൊണ്ടാണ ദൈവത്തിൻെറ മാതാവാകാൻ ഭാഗ്യം സിദ്ധിച്ചത്. ദൈവമാതാവായതുമൂലം പരിശുദ്ധയായതല്ല. പരമോന്നതമായ ആ പരിശുദ്ധിയാണ്, മറിയത്തിൻെറ സമസ്തമഹത്വങ്ങൾക്കും സൗന്ദൎയ്യത്തികവിനും യോഗ്യതാപൂർണ്ണതയ്ക്കും നിദാനമായിത്തീന്നത്. അത്യുന്നതമായിഅവൾ പരിശുദ്ധയായതിനാൽ പരിശുദ്ധിതന്നെയായ ദൈവതിരുമുമ്പിൽ ഈ വിധം സ്വീകൃതയായി. നമ്മുടെ നിത്യരക്ഷയുടെയും സകല അനുഗ്രഹങ്ങളുടെയും കുറവററ അച്ചാരമായി അവളുടെ നേർക്കു

---

സാധാരണമായവിധം വി. കൊച്ചുത്രേസ്യായോടുള്ള ഭക്തി പ്രചുരപ്രാരമാകുന്നതിന് ദൈവപരിപാലന അനുവദിച്ചെങ്കിൽ, അതിനുള്ള കാരണം അത്ഭുതകരമായ അധ്യാത്മികാഭിനിവേശം നൽകുന്ന ഒരു സന്ദേശം.—സവിശേഷമായ എളിമയുടേയും മനോവിശ്വാസത്തിൻേറയു സ്നേഹത്തിൻേറയും ഒരു പ്രത്യക്ഷീകരണം–അവൾ ലോകത്തിനു നൽകുകയും നൽകിക്കൊണ്ടിരിക്കുകയും ചെയ്യുന്ന എന്നതല്ലയോ"?

ഒരു തികഞ്ഞ ചെറുപുഷ്പഭക്തനായിരുന്ന കാർഡിനൽഗ്രിഫിൻ ഈ അഭിപ്രായം തന്നെ കുറച്ചുകൂടി വ്യക്തമാക്കുന്നുണ്ട്. തൻെറ അജഗണത്തോടുള്ള ഒരു പ്രഭാഷണത്തിൽ അദ്ദേഹം പറയുകയാണ്. "കൊച്ചുത്രേസ്യാ ഏററവും വലിയ ആധുനിക വിശുദ്ധയാണ്. കാരണം, സ്വർഗ്ഗപ്രാപ്തിക്കു ഏററവും എളുപ്പമായ നേർവഴി അവൾ മനുഷ്യരെ പഠിപ്പിച്ചു. അനുദിനജീവിതത്തിലെ ഓരോ ചെറിയ പ്രവൃത്തികളെയും, ദൈവസ്നേഹത്തെപ്രതി ചെയ്തുകൊണ്ട് വിലയേറിയവയാക്കേണ്ടതെങ്ങിനെയെന്ന് അവൾ നമുക്കു കാണിച്ചുതന്നു. ഇപ്രകാരം നമ്മുടെ സാധാരണ അനുദിനജീവിതം, നമുക്കും മററുള്ളവക്കും വളരെ വിലയുള്ള ഒന്നാക്കുവാൻ എല്ലാവർക്കും സാധിക്കും.

എങ്ങിനെ സഹിക്കണമെന്നും അവൾ നമ്മെ പഠിപ്പിച്ചു. സഹനംകൂടാതെ സ്വർഗ്ഗത്തിൽ പ്രവേശിക്കുക നമുക്കു സാധ്യമല്ലല്ലൊ. അവളുടെ ജീവചരിത്രം നിങ്ങൾ വായിച്ചിട്ടില്ലെങ്കിൽ അതു വായിക്കുക, വായിച്ചിട്ടുണ്ടെങ്കിൽ അതൊരു നൂറാവൎത്തി വായിക്കുക, അത്രവിശിഷ്ടമാണ് അതിൻെറ ഓരോ വശവും. അതിൻെറ പാരായണം അനേകായിരങ്ങളെ തിരുസഭയിലേക്കാനയിച്ചിട്ടുണ്ട്."

ഇങ്ങനെ വി. കൊച്ചുത്രേസ്യായുടെ ജീവിതവും ജീവചരിത്രവും, വിശുദ്ധയെ നമ്മുടെ ആദർശമായി കല്പിച്ചു നല്കുന്ന തിരുസഭയും നമ്മെ അനുസ്മരിപ്പിക്കുന്ന ഒരു പരമാത്ഥമാണിത്. ക്രിസ്തുവിൻെറ ആധ്യാത്മിക ശൈശവപ്രബോധനം ആധുനിക ലോകത്തെ പഠിപ്പിക്കുവാൻ തിരഞ്ഞെടുക്കപ്പെട്ട ഒരാധ്യാത്മിക ശിശുവാണ് ലിസ്യൂവിലെ ചെറുപുഷ്പം. ആധ്യാത്മിക ശൈശവത്തിൻെറ അധ്യാപികയാണവൾ.

നമുക്കുണ്ടായിരിക്കേണ്ട സ്നേഹബഹുമാനാദരങ്ങളോടെ ഇങ്ങനെ നമ്മൾ അവളെ സംബോധനം ചെയ്യുന്നു. തന്മൂലം അവളുടെ പുത്രനും നമ്മുടെ വിധിയാളനുമായ ദൈവത്തിന്റെ സന്നിധിയിൽ നമുക്കു



(ലേഖകൻ)

വേണ്ടി മദ്ധ്യസ്ഥത വഹിക്കുവാൻ ആസ്ത്രീരത്നത്തിന്റെ തൃച്ചേവടികളിൽ നമ്മൾ സാഷ്ടാംഗംപ്രണമിക്കയാണുചെയ്യുന്നതും. അവളുടെ എത്രയും ഉന്നതമായ പരിശുദ്ധിതന്നെയാണ് ദൈവദൃഷ്ടിയിൽ ഏററവും ആനന്ദകരമായി പരിണമിച്ചതു്. ആപരിശുദ്ധിയാൽ അവൾ സകല സൃഷ്ടങ്ങളേയും അതിശയിച്ചിരിക്കുന്നതിനാൽ "പുണ്യവാന്മാരുടെ രാജ്ഞി" എന്നു വിളിക്കപ്പെടുന്നു. ഇതിൽ മാതാവു് പുത്രനോടു് സദൃശയാണ്. പുത്രൻ നീതിസൂര്യനാണെങ്കിൽ മാതാവു് നീതിയുടെ ദർപ്പണമാകുന്നു. അവന്റെ പരിശുദ്ധിയുടെ ഓരോ കിരണവും അവളിൽ പ്രതിബിംബിക്കതന്നെ ചെയ്യുന്നുണ്ടു്. ദൈവാനുഗ്രഹത്തിന്റെ—ശുദ്ധീകരണവരപ്രസാദത്തിന്റെ-ഭണ്ഡാഗാരം മുഴുവൻ മറിയം സമ്പാദിച്ചിരിക്കുന്നു. മാത്രമല്ല ഹൃദയനിഷ്കളങ്കത, ദൃഢവിശ്വാസം, ദൈവവിധേയത്വം, അന്യൂനസ്നേഹം, ക്ഷമ, ശാന്തത മുതലായ എല്ലാ പുണ്യങ്ങളുടെയും ഉത്തമമാതൃകയായി അവൾ നിരന്തരം പരിശോഭിക്കുന്നു. പരിശുദ്ധിയിലും പുണ്യത്തിലും മററും വളരെ അകന്നവരാണെങ്കിലും നമ്മൾ അവളുടെ പ്രിയപ്പെട്ട മക്കൾ തന്നെയാണ്. ഗാഗുൽത്തായിൽവച്ചു് ഈ ഉന്നതസ്ഥാനം നമുക്കു ലഭിച്ചു. അമ്മയെ നോക്കി അനുഗമിക്കുവാനായി അതിനാൽ തന്നെ നമുക്കു് കടമയുമുണ്ടു്.

തന്റെ പരിശുദ്ധിയിൽ മറിയം ദൈവത്തിനു എത്രയും പ്രിയംകരയാണെന്നു മാത്രമല്ല. ദൈവമാതൃത്വംമൂലം തന്റെ പ്രത്യേക അനുഗ്രഹങ്ങൾക്കു് ന്യായമായ അവകാശവുമുണ്ടു്. മകൻ അമ്മയ്ക്കു എന്തു തന്നെ നൽകുകയില്ല! ത്രിലോകരാജ്ഞി എന്നും മററുമുള്ള ഉന്നതസ്ഥാനങ്ങളെക്കാൾ എത്രയോ അഭികാമ്യമാണു് "ദൈവമാതൃത്വം." പരിശുദ്ധമത്രിത്വത്തിന്റെ തിരുമുമ്പിൽ മറിയത്തിനുള്ള അനുപമശക്തിയെ ഇതു പ്രത്യോദിപ്പിക്കുന്നു. ആ ത്രിത്വത്തിന്റെ രണ്ടാമത്തെ ആളായ "പുത്രനെ"—പ്രകൃതിയെ വിസ്മയിപ്പിക്കുന്നവിധം—മറിയം തന്റെ സ്രഷ്ടാവിനെ—പ്രസവിച്ചു അതും തന്റെ കന്യാത്വത്തിനു യാതൊരു ന്യൂനതയും ഭവിക്കാതെ—സങ്കടമൊന്നും അനുഭവിക്കാതെ. എന്നാൽ നമ്മുടെ അമ്മയായിത്തീന്നതു് ഗാഗുൽത്തായിൽവച്ചു് എത്രയും കഠിനമായ വേദനകൾ ദീർഘകാലം അനുഭവിച്ചതിന്റെ ശേഷമാണു്. നമ്മുടെ അകൈതവമായ കൃതജ്ഞതയെ അവൾ അർഹിക്കുന്നു. ദൈവത്തിന്റെ അമ്മ നമ്മളുടെയും അമ്മ തന്നെ സംശയിക്കാനില്ല.

"പാപികളായ ഞങ്ങൾക്കുവേണ്ടി" (ദൈവത്തോടു പ്രാത്ഥിക്കേണമേ). മനുഷ്യർ എവരും പൊതുവെ പാപികളാണല്ലൊ. അതിനാൽ പാപമില്ലാത്ത നമ്മുടെ അമ്മയായ മറിയത്തിന്റെ മദ്ധ്യസ്ഥതയെ നമ്മൾ യാചിക്കുന്നു "പാപമാണു നമ്മളെ നികൃഷ്ടരാക്കുന്നതു്" നമുക്കു പാപമില്ലെന്നു പറയുന്നെങ്കിൽ നമ്മളെത്തന്നെ ചതിക്കുകയാണു്" എന്നും മററും വേദപുസ്തകത്തിൽ കാണാം. മറിയത്തിന്റെ സംശുദ്ധനയനങ്ങൾക്കു് നമ്മൾ കേവലം അയോഗ്യരാണെങ്കിലും അവൾ പാപികളുടെ "സങ്കേത"മാകയാൽ നമ്മൾ ഒട്ടും ശങ്കിക്കേണ്ടതില്ല. പാപികളാണെന്നുള്ള വിനീതമായ ദൃഢബോദ്ധ്യംതന്നെ മറിയത്തിന്റെ മദ്ധ്യസ്ഥതയ്ക്കും തന്മൂലം ദൈവാനുഗ്രഹലബ്ധിക്കും നമ്മളെ പാത്രമാക്കുന്നു". വിനീതക്കു ദൈവം അനുഗ്രഹം നൽകുന്നു. നമ്മുടെ ആത്മീയ ദാരിദ്ര്യത്തെ ഏററു പറയുമ്പോൾ — നന്മയായി യഥാർത്ഥത്തിൽ ഒന്നുംതന്നെ നമുക്കില്ലെന്നു സമ്മതിക്കുമ്പോൾ— ആ മനഃസ്ഥിതി ദൈവദൃഷ്ടിയിൽ വളരെ

ഫലപ്രദമായി ഭവിക്കും. "തങ്ങളുടെ വിചാരത്തിൽ അഹംകരിക്കുന്നവരെ അവൻ ചിതറിച്ചു. ശക്തന്മാരെ സിംഹാസനത്തിൽ നിന്നും അവൻ മറിച്ചിട്ടു. താഴ്മയുള്ളവരെ ഉയർത്തി വിശപ്പുള്ളവരെ നന്മകൾ കൊണ്ട് തൃപ്തരാക്കി. ധനവാന്മാരെ വെറുതെ അയച്ചു (വി. ലൂക്കാ). നമ്മൾ പാപികളാണ്; ഇനിയും പാപത്തിൽ വീണെയ്ക്കാം. മറിയത്തിൻെറ ബലമേറിയ സഹായം പാപവിമോചനത്തിനും ജീവിതനവീകരണത്തിനും നമുക്ക് അത്യന്താപേക്ഷിതം തന്നെ. അവൾ ഒരിക്കലും നമ്മളെ ഉപേക്ഷിക്കയില്ലെന്നു ഉറപ്പായി നമുക്കറിയാം. നമ്മുടെ പ്രാർത്ഥന അവൾ അവഗണിക്കുമെന്ന് ഒരിക്കലും കേട്ടിട്ടുപോലുമില്ലെന്നു "എത്രയും ദയയുള്ള മാതാവേ" എന്ന പ്രാർത്ഥനയിൽ നമ്മൾ അനവരതം ഏററു പറയുന്നു. എത്ര കഠിനപാപത്തിൽ വീണുപോയവരായാലും മറിയത്തിൻെറ പുത്രൻ ഇങ്ങനെയുള്ളവരെ ആലിംഗനംചെയ്തു സ്വീകരിപ്പാൻ ലോകത്തിൽ വന്നതും പീഢകൾ സഹിച്ചതും കുരിശിൽ മരിച്ചതും സദാ സ്മരിക്കേണ്ടതാണല്ലോ. മറിയസുതൻ പാപികളെ ഒരിക്കൽപോലും തിരസ്കരിച്ചിട്ടില്ല; പ്രത്യുത, മഗ്ദലെനായെപ്പോലെ, സ്നേഹപൂർവ്വം സ്വീകരിക്കുന്നു. പുത്രനോടു സർവ്വപ്രകാരേണയും അനുരൂപപ്പെട്ടുന്നമാതാവും അങ്ങനെതന്നെ ചെയ്യും. നിർഭാഗ്യവശാൽ നമ്മൾ കഠിനപാപത്തിൽ ഉൾപ്പെട്ടുപോയി എന്നുവരികിൽപോലും നമ്മളെ അവയിൽ നിന്നും നല്ല കുമ്പസാരംമൂലം വിമുക്തരാകുവാനും ശുദ്ധീകരണവരപ്രസാദത്താൽഅലംകരിച്ചു യുക്തമായ പ്രായശ്ചിത്തം ചെയ്യുവാനും. പാപത്തിൻെറ അവസരങ്ങളിൽ നിന്നും സ്വയം പിന്മാറുന്നതിനും ദുരാശകളെ അമർത്തി വിജയിക്കുന്നതിനും ദുസ്സ്വഴക്കങ്ങളെ ഉപേക്ഷിക്കുവാനും മറിയം നമ്മളെ ശാക്തരാക്കും. എന്നാൽ ഇവയൊക്കെ സാധിക്കുന്നതിനു നമ്മൾ സ്വയം അപ്രാപ്തരാണ്. മറിയത്തിൻെറമദ്ധ്യസ്ഥതയാണ് നമ്മുടെ ഏകാശ്രയം. മുഴുവനായി നമ്മൾ അവളെ ഭരമേൽപിക്കുന്നപക്ഷം ബാക്കിവേണ്ടതു മറിയത്തിനറിയാം. അവൾക്കു സാധിക്കും. മക്കൾക്കു വേണ്ടതു അമ്മയ്ക്കറിയാം. ലോകത്തിൽ അധിവസിക്കുന്ന ഏവരും മറിയത്തിൻെറ സന്താനങ്ങളാണ്. പക്ഷേ അനേകരും ഇതു വേണ്ടപോലെ അറിയുന്നില്ലെന്നുമാത്രം. ക്രിസ്തു ചിന്തിയ തിരുരക്തത്തിൻെറ ഫലാനുഭവത്തിന് ഏവർക്കും അവകാശമുണ്ട്. മറിയത്തിനു ഇക്കാര്യം നന്നായി അറിയാവുന്നതുമാണ്.

"ഇപ്പോഴും ഞങ്ങളുടെ മരണനേരത്തും"(ചിലർ തെററിദ്ധരിച്ചോ അശ്രദ്ധമൂലമോ "ഇപ്പോഴും" എന്നതിനു പകരം "എപ്പോഴും" എന്നു ചൊല്ലാറുണ്ട്-അതു മാറേറണ്ടതാണ്.) "ഇപ്പോൾ" എന്നു പറഞ്ഞാൽ ഒരു വിധത്തിൽ നമ്മുടെ ലോകജീവിതകാലം മുഴുവൻ ഉൾപ്പെടുന്നു. നന്മയെ പരിശീലിച്ച് തിന്മയെ അകററി ദൈവത്തെ സേവിച്ച് സ്വർഗ്ഗം സമ്പാദിക്കുകയാണ് നമ്മുടെ ജീവിതകാലമാകുന്ന "ഇപ്പോഴ"ത്തെ കടമ. അതു ഇന്നു ഇപ്പോൾതന്നെ, ഗാഢമായി പരിചിന്തിക്കേണ്ട സംഗതിയത്രേ. പിന്നെ, നാളെ എന്നതു തീർച്ചയല്ല. നമ്മുടെ നിത്യജീവൻ അഥവാ നിത്യനാശം "ഇപ്പോൾ"എന്ന സമയവിഭാഗത്തെ ആശ്രയിച്ചിരിക്കുന്നു. ഈ പരിതസ്ഥിതിയിലാണു മറിയത്തിൻെറ സഹായഹസ്തം നമുക്കു ആലംബമാകേണ്ടതു്. ഈ കണ്ണീരിൻെറ താഴ്വരയിൽ നമ്മൾ അലഞ്ഞുതിരിയുന്നിടത്തോളം കാലം മറിയംവഴിയല്ലാതെ ഇതരമാർഗ്ഗേണ നമുക്ക് ആശ്വാസം ലഭിക്കുവാൻ സാധ്യമല്ല. "എപ്പോഴും" എന്നല്ലാതെ "ഇപ്പോഴും" എന്നു തിരുസ്സഭ നിശ്ചയിച്ചതും തക്കകാരണത്തോടു കൂടിയാണ്. ജീവിതത്തിൻെറ ഓരോ വിനാഴികയിലും, അതായതു് "ഇപ്പോഴും"എന്ന് എപ്പോഴും, ഇടവിടാതെ നവീകരിച്ചു പ്രാർത്ഥിച്ചുകൊണ്ടിരിക്കേണമെന്നത്രേ ഇതിൻെറആശയം. അങ്ങനെ ചെയ്യുവാൻ ഇപ്പോൾ നമുക്കു കഴിവുണ്ട്. സമയമുണ്ട്, സൗകര്യമുണ്ട്. അതൊന്നും ഇല്ലാതെ കേവലം അശക്തരായി സമയവും സൗകര്യവും ലഭിക്കാതെവരുന്ന സന്ദർഭം നമ്മളെ കാത്തിരിക്കുന്നു. സമയമുള്ളപ്പോൾ നമുക്ക് നന്മചെയ്യാം (വി. പൗലോസ്). വെളിച്ചമുള്ളപ്പോൾവേലചെയ്യാം. അന്ധകാരം വരുമ്പോൾ നിവൃത്തിയില്ല, പ്രാപ്തിയില്ല

ഇപ്പോഴും എന്നു നമ്മൾ എപ്പോഴും ചെയ്യുന്ന പ്രാർത്ഥന അത്യന്താപേക്ഷിതമായിരിക്കുന്നതു് ആ അന്ത്യവിനാഴികയിൽ, മരണനേരത്താണ് നമ്മുടെ പരമാന്ത്യം ആ മുഹൂർത്തത്തെ ആശ്രയിച്ചിരിക്കുന്നു. നിത്യത്വത്തിൻെറ ആ വാതുക്കൽ അജ്ഞാതമായ ഭാവിയിലേക്ക് കടക്കാനുള്ള വിനാഴിക എത്രയും ഭയംകരമായി കാണപ്പെടുമ്പോൾ സ്നേഹമേറിയ ആ മാതൃഹസ്തം നമുക്കു ആലംബമായിരിക്കേണ്ടതാണ്. ആ നാഴികയോ ദിവസമോ അറിയാത്തതിനാൽ ഉണർന്നിരിപ്പിൻ (വി. മത്തായി)-പാപഭാരം ചുമക്കുന്നവർ ഭയന്നുവിറയ്ക്കുന്ന ആ വിനാഴിക, ജീവിതത്തിൻെറ കണക്കു കേൾപ്പിക്കുവാൻ യജമാനൻ ആജ്ഞാപിക്കുന്ന നിമിഷം.

# മിഷ്യൻ ഞായർ

(ജോൺ. പി. മാത്യു പെരിയപ്പുറം, മുളക്കുളം)

"തീക്ഷ്ണതയേറിയ പ്രാർത്ഥനയും, ഉദാരമായ സംഭാവനയും" എന്ന പരിശുദ്ധ സിംഹാസനത്തിൻെറ ഉദ്ബോധനത്തെ പ്രാവർത്തികമാക്കുന്നതിന് വീണ്ടും ആ മിഷ്യൻ ഞായർ ഇതാ പ്രത്യക്ഷപ്പെടുന്നു. പ്രേഷിത തീക്ഷ്ണതയാൽ നിറഞ്ഞിരിക്കുന്ന സഭയുടെ സജീവചരിത്രത്തെ നമുക്ക് ഇതിൽക്കൂടി ദർശിക്കാം. ലോകത്തിൽ, വിശിഷ്യ ഭാരതത്തിൽ, സുവിശേഷവെളിച്ചം കത്തിക്കുവാൻവേണ്ടി മഞ്ഞും മഴയും വകവയ്ക്കാതെ, കാടും മേടും കയറി ധീരധീരം പോരാടുന്ന അനേകായിരം മിഷനറിമാരെ നമുക്കു കാണുവാൻ കഴിയും.

മിഷൻ മേഖലകളിൽ ഇതുനാളും നടന്നുകൊണ്ടിരുന്ന മഹാ സംരംഭത്തിൻെറ വിജയലക്ഷണങ്ങൾ നാം കണ്ടുകഴിഞ്ഞു. ഇതുവരെ പ്രതികൂലമായി വീശിയിരുന്ന കാററ്, ഇന്നിതാ നമുക്കനുകൂലമായി വീശുവാൻ തുടങ്ങിയിരിക്കുന്നു. ഈ സന്ദർഭത്തിൽ ഒരു സംഗതി പ്രത്യേകം നാം അനുസ്മരിക്കണം—വിശ്വാസികളായ നാം ഓരോരുത്തരും ഓരോ മിഷനറിയാണെന്നുള്ള വസ്തുത. പ്രേഷിതചൈതന്യം വിശ്വാസത്തിൽ അടിയുറച്ചുനിൽക്കുന്നു. പ്രാർത്ഥനകളും, ചില്ലിക്കാശുകളും—അഥവാ നിറഞ്ഞ ഹൃദയവും, തുറന്ന കൈകളും—കൂടി ചേർന്നാൽ മാത്രമേ നമ്മുടെ ഭൂമിയിൽ വിശിഷ്യ, ഭാരതത്തിൽ "പൊന്നും കുന്തിരിക്കവും" വിളയുകയുള്ളൂ.

ചിതലും പുഴുവും തിന്നുന്നതും, കള്ളന്മാർ മോഷ്ടിക്കുന്നതുമായ നിക്ഷേപത്തെ ഈ ലോകത്തിൽ സൂക്ഷിക്കാതെ, യഥാർത്ഥ നിക്ഷേപത്തെ നിത്യഭവനത്തിൽ സൂക്ഷിക്കുവാൻ ശ്രമിക്കുക എന്നാണല്ലോ കർത്താവ് അരുളിച്ചെയ്തിരിക്കുന്നത്. വിശാലമായ ലോകത്തെ നാം ക്രിസ്തുവിനുവേണ്ടി ഇനിയും ജയിച്ചടക്കേണ്ടിയിരിക്കുന്നു. കേരളത്തിന് ഭാരതമിഷ്യനോടുള്ള കർത്തവ്യത്തെപ്പററി ഒരു പ്രേഷിതഹൃദയത്തിനും മറക്കുവാൻ സാദ്ധ്യമല്ല

ഭാരതം ഇനിയും ഒരു അക്രൈസ്തവരാജ്യമാണ്. ഭാരതീയ മിഷ്യനറിമാർക്കു താങ്ങും തണലും നൽകേണ്ടത് കേരളീയരായ നാം തന്നെ. ഭാരതമിഷ്യൻ പ്രവർത്തനത്തെ സഹായിക്കാൻ നമുക്ക് പ്രത്യേകം ഒരു ചുമതലയുണ്ട്.

കേരളത്തിന് ഒരു മാതൃകയാണ് ഐർലണ്ട്. അഞ്ചാം നൂററാണ്ടുമുതൽ മാത്രമേ അവിടെ ക്രിസ്തീയ വെളിച്ചത്തിൻെറ പരിമളം പരക്കുവാൻ തുടങ്ങിയുള്ളൂ. എന്നാൽ ഇന്ന് ഐറിഷ് മിഷനറിമാർ കാലുകുത്താത്ത സ്ഥലം ഭൂമുഖത്തില്ല.

നമ്മുടെ മാതൃഭൂമിയെ സത്യവിശ്വാസവെളിച്ചത്തേയ്ക്കു ആനയിയ്ക്കുവാൻ സാധിച്ചാൽ അതു് ഒരു വലിയ നേട്ടമായിരിക്കും. നമ്മുടെ മിഷ്യൻ ആവശ്യങ്ങളനുസരിച്ച് സാമ്പത്തികസഹായവും, പൊതുജന പിന്തുണയും ഇനിയും ഉണ്ടാകേണ്ടിയിരിക്കുന്നു. ഇനിയും അനേകം മിഷ്യൻരംഗങ്ങൾ കേരളത്തിൻെറ ചുമതലയിൽ വരേണ്ടതാണ്. അവയെക്കൂടി നമുക്കു കേരളത്തോടൊപ്പം ഉയർത്തുവാൻ കഴിഞ്ഞാൽ മാത്രമേ നമ്മുടെ അഭിലാഷം സഫലമാകുകയുള്ളൂ.


---

"പുണ്യവാന്മാരുടെ മരണം ദൈവതിരുമുമ്പാകെ വിലയേറിയതാകുന്നു" (സങ്കീ). ഇവർ മറിയത്തിനു പ്രിയപ്പെട്ടവരുമായിരിക്കും. "നന്മനിറഞ്ഞ മറിയം പ്രാർത്ഥന"യുടെ അലൗകികമായ മേന്മയെ പ്രത്യക്ഷപ്പെടുത്തുന്ന ഒരു സംഭവത്തിൻെറ സംഗ്രഹംകൂടി ചേർത്തു ഈ ലേഖനപരമ്പര ഉപസംഹരിച്ചുകൊള്ളാം. ഒരിക്കൽ ഭക്തിവിവശയായ വിശുദ്ധ മെത്തിൽദാ മറിയത്തെ ധ്യാനിച്ചു ഇങ്ങനെ പ്രാർത്ഥിച്ചു: "അല്ലയോ ദൈവമാതാവേ, മനുഷ്യബോധത്തിൽ ഒതുങ്ങാവുന്ന ഏററവും മാധുര്യമേറിയ അഭിവാദനങ്ങളാൽ നിന്നെ സ്തുതിക്കുവാൻ എനിക്കു പ്രാപ്തിയുണ്ടെങ്കിൽ തീവ്രമായി അതു ഞാൻ ആഗ്രഹിക്കുന്നു."

ഉടനെ, ഒരു പരിചയുടെ ആകൃതിയിലുള്ള വെള്ളിത്തകിടിന്മേൽ "നന്മനിറഞ്ഞ മറിയം പ്രാർത്ഥന" സ്വർണ്ണാക്ഷരങ്ങളിൽ തെളിവായി എഴുതി മാർവിൽ പിടിച്ചുകൊണ്ടു് മറിയം പ്രത്യക്ഷയായി പറയുന്നു: "ഇതിൽ കൂടുതൽ ഹൃദ്യവും മഹനീയവുമായ ഒരു അഭിവാദനം നൽകുവാൻ ആർക്കും സാദ്ധ്യമല്ല. ആദ്യമായി ഇതു ഞാൻ ശ്രവിച്ചപ്പോൾ എനിക്കനുഭവപ്പെട്ട മധുരിമ കേവലം അവർണ്ണ്യമാണ്. ആരെങ്കിലും ഭക്തിപൂർവം ഇതാവർത്തിക്കുമ്പോൾ എൻെറ ആ മനസ്ഥിതി നവീകരിക്കപ്പെടുന്നു."

നന്മനിറഞ്ഞ മറിയം വാഴ്ത്തപ്പെട്ടവളാകട്ടെ!
നമുക്കുവേണ്ടിയെന്നും പ്രാർത്ഥിക്കട്ടെ!

## IN MEMORIAM



*Governor of Madras, Sri A. J. John,*
*died on 1-10-'57*

ഉത്തമകത്തോലിക്കനായി ജീവിച്ചുകൊണ്ട് മതേതരരാഷ്ട്രമായ ഭാരതത്തിനു് പരമാവധി സേവനം ചെയ്യാമെന്നു് സ്വജീവിതം കൊണ്ട് തെളിയിച്ച കർമ്മധീരൻ മദ്രാസ് ഗവർണ്ണർ ശ്രീ. എ. ജെ. ജോണിൻെറ നിര്യാണത്തെക്കുറിച്ചുള്ള ഒരനുശോചന പ്രമേയം

തിരുവനന്തപുരം ബെൻസിഗർ മന്ദിരത്തിൽ 1957 ഒക്ടോബർ 6-ാംതീയതി വൈകുന്നേരം ചേർന്ന തിരുവനന്തപുരം പൌരാവലിയുടെ ഈ യോഗം, മതതീക്ഷ്ണതയുള്ള ഒരു ഉത്തമകത്തോലിക്കനും, സേവനതല്പരനായ ഒരു പൊതുക്കാര്യപ്രവർത്തകനും, സത്യസന്ധനായ ഒരുന്നത രാഷ്ട്രീയനേതാവും, നീതിനിഷ്ഠനായ ഒരു ഭരണാധികാരിയും ആയിരുന്ന മദ്രാസ് ഗവർണ്ണർ ശ്രീ. എ. ജെ. ജോൺ അവർകളുടെ അപ്രതീക്ഷിതമായ അകാലനിര്യാണത്തിലുള്ള അഗാധമായ ഖേദം രേഖപ്പെടുത്തുകയും, പരേതൻെറ സന്തപ്തരായ ബന്ധുമിത്രാദികളേയും, ധർമ്മപത്നിയേയും, ഹൃദയംഗമായി അനുശോചിക്കയും, ആ ധന്യആത്മാവിൻെറ നിത്യവിശ്രാന്തിക്കായി പരമകാരുണികനെ പ്രാർത്ഥിക്കയുംചെയ്യുന്നു.

R. I. P.

# ജപമാല

(ഫാ. ജെ. കോയിൽപറമ്പിൽ)

"ആരെ വിഴുങ്ങേണ്ടു എന്നറിയാതെ സാത്താൻ അലറുന്ന സിംഹത്തെപ്പോലെ ഓടിനടക്കുന്നു; അവനെ ബന്ധിക്കുവാനുള്ള ചങ്ങലയാണ് ജപമാല" എന്നൊരു മഹാൻ പറഞ്ഞിട്ടുണ്ട്. ലപ്പാൻേറാ, യുദ്ധത്തിൽ ക്രിസ്ത്യാനികൾ ജപമാലയുടെ ശക്തിയാൽ വീരപരാക്രമികളായ തുർക്കികളെ തോല്പിച്ചോടിച്ചതും, അൽബിജെൻസ്യൻ ഇടത്തുടിൻെറ ഭീകരതകളെ ഈ ജപമാലവഴിയായി കീഴടക്കിയതും, മററുപോലുള്ള നിരവധി സംഭവങ്ങളും മേൽപറഞ്ഞ സമർത്ഥനത്തെ സാധൂകരിക്കുന്നുണ്ട്.



(ലേഖകൻ)

പ്രസാദവരദായകങ്ങളായ കൂദാശകൾ കഴിഞ്ഞാൽ ഏററവും വിശേഷമായരീതിയിൽ അനുഗ്രഹങ്ങൾ പ്രാപിക്കുന്നതിനുള്ള ഒരുപാധിയാണ് ജപമാല എന്നഭിപ്രായപ്പെടുന്നവരുമുണ്ട്. അതിനാൽ ജപമാലയെ അവർ എട്ടാമത്തെ കൂദാശ എന്നുപോലും വിളിക്കുന്നുണ്ട്. ചില രാജ്യങ്ങളിൽ മതമർദ്ദനങ്ങളുടെ കാലത്തും മററും കൂദാശസ്വീകരണത്തിനുള്ള സന്ദർഭങ്ങൾ തുലോം കുറഞ്ഞിരുന്നപ്പോഴും, ദേവാലയത്തിൽ പരസ്യമായി മതകർമ്മങ്ങൾ നടത്തുവാൻ സാധിക്കാതിരുന്നപ്പോഴും, ക്രിസ്ത്യാനികൾ തങ്ങളുടെ വിശ്വാസത്തെ കാത്തുസൂക്ഷിച്ചത് ജപമാല വഴിയായിട്ടായിരുന്നു. അയർലണ്ട്, ഫിലിപ്പൈൻസ് മുതലായ രാജ്യങ്ങളുടെ ഭൂതകാലചരിത്രങ്ങൾ ഇതിനു സാക്ഷ്യം വഹിക്കുന്നു.

ഇതിൽനിന്നെല്ലാം ഒരു ചോദ്യം ഉദിക്കുന്നുണ്ട്. ജപമാലയുടെ ഈ വൈശിഷ്ട്യത്തിനുള്ള കാരണമെന്താണ്? ചില കത്തോലിക്കാ മതവിരോധികളുടെ കണ്ണാടിയിൽകൂടി കാണുന്നതുപോലെ ഇതും വെറുമൊരു മിഥ്യയായ ഭക്താനുഷ്ഠാനമാണോ?

ജപമാലയുടെ ഉത്ഭവം ദിവ്യമാണ്. ദിവ്യജനനിതന്നെ വി. ഡോമ്മിനിക്കിന് ജപമാലഭക്തി വെളിപ്പെടുത്തിഎന്നും, ജപമാല ചൊല്ലേണ്ടവിധം അഭ്യസിപ്പിച്ചുഎന്നും വിശ്വസിക്കപ്പെടുന്നു. ദിവ്യജനനിയുടെ നിർദ്ദേശപ്രകാരം അൽബിജെൻസൻ ഇടത്തുടിനെതിരായി വി. ഡോമ്മിനിക്ക് പ്രസംഗിക്കുവാൻതുടങ്ങി. അൽബിജെൻസൻ ഇടത്തുട് ക്രിസ്തീയസഭ വിശ്വസിച്ചിരുന്ന സനാതനതത്വങ്ങളെ എല്ലാംതന്നെ നിഷേധിച്ചിരുന്നു വി. ഡോമ്മിനിക്ക് ഈ തത്വങ്ങളെ പശ്ചാത്തലമാക്കി ജനസമൂഹത്തോടു പ്രസംഗിക്കുവാൻ തുടങ്ങി. ഇടയ്ക്കിടയ്ക്ക് കർതൃപ്രാർത്ഥന, 'നന്മനിറഞ്ഞ മറിയം', ത്രിത്വസ്തുതി മുതലായ ജപങ്ങൾ ആ ജനസമൂഹത്തെക്കൊണ്ടു പല പ്രാവശ്യം ചൊല്ലിക്കുകയും ചെയ്തു അങ്ങനെ മാനസികപ്രാർത്ഥനയായ ധ്യാനവും, വാച്യപ്രാർത്ഥനകളും കൂട്ടിയിണക്കിയ ജപമാല പ്രചുരപ്രചാരമായിത്തീരുകയുംചെയ്തു.

ജപമാലയുടെ ധ്യാനവിഷയങ്ങളും, പ്രാർത്ഥനകളും എല്ലാംതന്നെ ദിവ്യവും വിശിഷ്ടതരങ്ങളുമാണ്. ജപമാലയിൽ ഏററവും പ്രധാനമായിട്ടുള്ളതാണ് നാം ധ്യാനിക്കുന്ന പതിനഞ്ചുരഹസ്യങ്ങൾ. ഇവയിൽ സന്തോഷരഹസ്യങ്ങൾ നമ്മുടെ ദിവ്യനാഥൻെറ മനുഷ്യാവതാരത്തെ സംബന്ധിച്ച സനാതനതത്വങ്ങളെപ്പററി നമ്മെ ഉൽബോധിപ്പിക്കുമ്പോൾ ദുഃഖരഹസ്യങ്ങൾ ക്രിസ്തുനാഥൻെറ രക്ഷാകരപ്രവൃത്തികളെപ്പററി നമ്മെ അനുസ്മരിപ്പിക്കുന്നു. മഹിമരഹസ്യങ്ങൾ ദിവ്യരക്ഷകൻെറ പ്രതാപമേറിയ ഉയർപ്പിനേയും അങ്ങിനെ സ്വർഗ്ഗഭാഗ്യത്തിൻെറ മഹിമകളേയും നമ്മെ ഓർമ്മിപ്പിക്കുന്നു. അതോടുകൂടി മാനവപരിത്രാണകർമ്മത്തിൽ സഹകരിച്ചദിവ്യജനനിയേയും അവളുടെ ജീവിതത്തിലെ പ്രധാന സംഭവങ്ങളേയും നമ്മുടെ ധ്യാനവിഷയമാക്കുകയുംചെയ്യുന്നു. ഇങ്ങനെ ആദ്ധ്യാത്മികമായ ആനന്ദത്തിൻേറയും, പരിത്യാഗത്തിൻേറയും, പ്രതീക്ഷയുടേയും ശരണത്തിൻേറയും വികാരങ്ങൾ നമ്മിൽ ഉൽഭൂതമാക്കി നമ്മുടെ ക്രിസ്തീയജീവിതം പ്രായോഗികമാക്കിത്തീർക്കുവാൻ ജപമാലയുടെ രഹസ്യങ്ങൾ നമ്മെ സഹായിച്ചുകൊണ്ടിരിക്കുന്നു.

ഇനി ജപമാലയിൽ നാം ചൊല്ലുന്ന ജപങ്ങളെപ്പററി പറയുകയാണെങ്കിൽ അവയും ദിവ്യമായവയാണെന്ന നമുക്ക മനസ്സിലാകും. നാം ആദ്യമായി ചൊല്ലുന്ന വിശ്വാസപ്രമാണം, ദൈവനിവേശിതവും തിരുസ്സഭ വിശ്വാസസത്യങ്ങളായി സ്വീകരിച്ചിട്ടുള്ളവയുമായ നിത്യസത്യങ്ങളുടെ ഒരു പ്രഖ്യാപനമാണ്. കർത്തൃപ്രാർത്ഥന നമ്മുടെ ദിവ്യരക്ഷകൻ തന്നെ തൻെറ ശിഷ്യഗണങ്ങളെ പഠിപ്പിച്ച അതിവിശിഷ്ടമായ പ്രാർത്ഥനയാണ്. നന്മനിറഞ്ഞ മറിയം എന്ന ജപത്തിൽ മംഗലവാർത്ത സമയത്തുണ്ടായ ദൈവദൂതാഭിവാദ്യത്തിലും, ദിവ്യജനനി തൻെറ ഇളയമ്മയായ വി. എലിസബത്തിനെ സന്ദർശിച്ചസമയത്തു പറഞ്ഞവകളിലും നിന്നെടുത്തിട്ടുള്ളവയും നമ്മുടെ പ്രധാന ആവശ്യങ്ങളിൽ ദിവ്യജനനിയുടെ സഹായം അഭ്യർത്ഥിക്കുവാൻ തിരുസ്സഭ കൂട്ടിച്ചേർത്തിട്ടുള്ളവയും ഉൾപ്പെടുന്നു. ത്രിത്വസ്തുതിയാണെങ്കിൽ നമ്മുടെ വിശ്വാസത്തിൻെറ ഒന്നാമത്തെ രഹസ്യമായ പരിശുദ്ധത്രിത്വത്തോടുള്ള സ്തുതിയുമാണ്. ഇങ്ങനെ ജപമാലയിൽ നാം ചൊല്ലുന്ന ജപങ്ങൾ എല്ലാം ഉത്ഭവത്തിലും പ്രയോഗത്തിലും ഏററവും ദിവ്യമായവതന്നെയാണ് എന്ന വ്യക്തമാകുന്നുണ്ട്.

ഇത്ര വിശിഷ്ടമായ ജപമാലയ്ക്കെതിരായി നാം കേൾക്കുന്ന ഒന്നുരണ്ട് ആക്ഷേപങ്ങളെപ്പററി നമുക്ക് അല്പമായി ചിന്തിക്കാം. അതിൽ ഒന്ന് ജപമാലയിലുള്ള ആവർത്തനത്തെപ്പററിയാണ്. ഒരു പ്രാവശ്യം ചൊല്ലിയാൽ പോരേ? എന്തിനിത്ര അധികം പ്രാവശ്യം ഈ 'നന്മനിറഞ്ഞ മറിയ'വും മററും ചൊല്ലിക്കൂട്ടുന്നു? മോൺസിഞ്ഞോർ ഷീൻ ഇതിനു മറുപടി പറയുന്നതു് വിചിത്രമായ ഒരു ദൃഷ്ടാന്തത്താലാണ്. കാമുകീകാമുകന്മാർ തമ്മിൽ പ്രേമാഭിവാദ്യങ്ങൾ ചെയ്യുന്നുണ്ട്. അതു് പല പ്രാവശ്യം പറയുന്നതുകൊണ്ട് അനാവശ്യമായ ആവർത്തനമായി അവർ കരുതുന്നുണ്ടോ? നേരെമറിച്ച് തങ്ങളുടെ പ്രേമവികാരങ്ങൾ പല പ്രാവശ്യം ആവർത്തിക്കുന്നതു് ഏററവും ആനന്ദപ്രദമായി അവർ കരുതുന്നു. ഇതുപോലെ ജപമാലയിലെ ജപങ്ങളും മററും ആവർത്തിക്കുമ്പോൾ നമ്മുടെ ഭക്തിയുടേയും സ്നേഹത്തിൻേറയും വികാരങ്ങൾ നാം പ്രകടമാക്കുകയും, അതു നമുക്കും ദിവ്യജനനിക്കും ആനന്ദപ്രദമായ ഒരു കൃത്യമായിത്തീരുകയും ചെയ്യുന്നു.

രണ്ടാമത്തെ ആക്ഷേപം ജപമാലരഹസ്യങ്ങളെപ്പററിയുള്ള ധ്യാനവും, ജപങ്ങളുടെ ഏകാഗ്രചിത്തതയോടുകൂടിയ ഉച്ചാരണവും എങ്ങിനെ സാധിക്കും എന്നുള്ളതാണ്. ഇതിന് ആത്മികപിതാക്കന്മാർ നൽകുന്ന മറുപടി ഇതാണ്. ജപമാലയിൽ സർവ്വപ്രധാനമായിട്ടുള്ളതു് രഹസ്യങ്ങളെപ്പററിയുള്ള ധ്യാനമാണ്. അതിനുവേണ്ടി കഴിയുന്നതും പരിശ്രമിക്കുക. ജപങ്ങളിൽ വേണ്ടിടത്തോളം ഏകാഗ്രചിത്തത കാണിക്കുവാൻ സാധിച്ചില്ലെങ്കിൽ തരക്കേടില്ല. പാടുള്ളവിധത്തിൽ ഈ വാചികപ്രാർത്ഥനകൾ ചൊല്ലിയാൽ മതിയായിരിക്കും. അങ്ങിനെ വലിയ വിഷമമൊന്നും കൂടാതെ ജപമാല നമുക്കു ചൊല്ലിത്തീർക്കാവുന്നതാണ്.

അതിനാൽ ദിവ്യജനനിക്ക് ഏററവും പ്രിയംകരമായ ഒരു പ്രാർത്ഥനാമാലയായി നാം ജപമാലയെ കരുതണം. ജപമാല നമ്മുടെ കുടുംബങ്ങളെ കൂട്ടിയിണക്കുന്ന ഒരു ജപശൃംഖലയായി നാം ഉപയോഗിക്കണം. "Those who pray together live together" "ഒരുമിച്ചു പ്രാർത്ഥിക്കുന്നവർ ഒരുമിച്ചു-ക്രിസ്തീയഐക്യത്തോടെ-ജീവിക്കുന്നു." അങ്ങിനെ സമാധാനപരമായ കുടുംബാന്തരീക്ഷത്തെ സൃഷ്ടിക്കുവാൻ ഒരു കുടുംബജപമാലയ്ക്കു സാധിക്കുമെന്നതിനു യാതൊരു സംശയവുമില്ല

നരകസർപ്പത്തിൻെറ തലയെ തല്ലിത്തകർക്കുവാൻ ദൈവത്താൽ നിയുക്തയായവൾ ആണ് പരിശുദ്ധ മറിയം. അവളുടെ കൊടിക്കൂറയിൻകീഴ് അണിനിരക്കേണ്ടവരായ നാം, ജപമാലയാകുന്ന വിശിഷ്ടായുധവും കൈയിലേന്തി നാരകീയശക്തികൾക്കെതിരായി സമരം ചെയ്യണം. നിർഭാഗ്യവശാൽ പ്രബുദ്ധമായ നമ്മുടെ ഈ കൊച്ചുകേരളം ഇന്നു സാത്താൻെറ നഗ്നവിളയാട്ടത്തിനിരയായിത്തീർന്നിരിക്കുകയാണ്. മനുഷ്യൻെറ മൗലികാവകാശങ്ങൾ ലംഘിക്കപ്പെടുന്നു. നമ്മുടെ കുഞ്ഞുങ്ങളുടെ പരിപാവനമായ വിദ്യാലയാന്തരീക്ഷം മലീമസമാക്കുവാനുള്ള സംരംഭങ്ങൾ ത്വരിതഗമനം ചെയ്തുകൊണ്ടിരിക്കുന്നു. നാടെങ്ങും സർവ്വത്ര അരാജകത്വവും, അസമാധാനവും, അസംതൃപ്തിയും, അരക്ഷിതാവസ്ഥയും പ്രകടമായിക്കൊണ്ടിരിക്കുന്നു. ദിവ്യരക്ഷകൻ പറഞ്ഞിട്ടുണ്ട്: "പ്രാർത്ഥനയാലും പ്രായശ്ചിത്തത്താലും മാത്രമേ ഈ

# വായന–
# ഈ പ്രസിദ്ധീകരണയുഗത്തിൽ

(T. T. George B Sc.)

ഗ്രന്ഥങ്ങൾ, മാസികകൾ, വാരികകൾ, ദിനപ്പതിപ്പുകൾ, ഇവയിലൂടെയുള്ള ഒരു വാണീ പ്രവാഹത്തിൽനീന്തിത്തുടിച്ചും ഇഴഞ്ഞുമാണ് ആധുനിക മനഷ്യൻ ജീവിയ്ക്കുന്നതു്. അച്ചടിയന്ത്രം ഏററവും വ്യാപകമായ പ്രചരണോപാധിയായിരിക്കുന്നു

പ്രതിവർഷം അച്ചടിച്ചിറക്കുന്ന ഗ്രന്ഥങ്ങളുടെയും ആനുകാലിക പ്രസിദ്ധീകരണങ്ങളുടെയും സംഖ്യ എത്രയോ വലുതാണ്. അവയിൽ എത്രയെണ്ണം ശാശ്വതമായ സാംസ്കാരിക മൂല്യങ്ങളെ അനുവാചകരിൽ അങ്കുരിപ്പിച്ചു് വളർത്തുന്നവയാണ്? വിശക്കുന്ന കുഞ്ഞിന് ഐസ്ക്രീമും മധുരപലഹാരങ്ങളും കണക്കില്ലാതെ കാലത്തും ഉച്ചയ്ക്കും വൈകിട്ടും നൽകിയാൽ എന്തു സംഭവിയ്ക്കും? പ്രസിദ്ധീകരണങ്ങൾ കൗതുകകരമാണെന്നുള്ള കാരണത്താൽ മാത്രം പാരായണം ചെയ്യപ്പെടുന്നതു് ക്രമാധികമായി മധുരാഹാരങ്ങൾ കഴിയ്ക്കുന്നതിനേക്കാൾ എത്രയേറെ ദോഷകരമല്ല? മദ്യവും വിഷവും അകത്താക്കുന്നതിനു തുല്യമല്ലേ മോടിയുള്ള ജാക്കററുകളിൽ ചുററി സഞ്ചരിയ്ക്കുന്ന പ്രസിദ്ധീകരണങ്ങളിൽ പലതിന്റേയും പാരായണം?

മനുഷ്യസഹജമായ വികാരങ്ങളെ ഇക്കിളിയിട്ടുണർത്തി തങ്ങളുടെ ഇഛയ്ക്കു വിധേയമാക്കി താളം തുള്ളിച്ചു മുതലെടുക്കുന്ന പ്രസിദ്ധീകരണ വ്യവസായികളെ സൂക്ഷിയ്ക്കേണ്ടതുണ്ടു്. സാമൂഹ്യബോധമുള്ള ജനങ്ങൾ പൊതുവേ ഇക്കാര്യം അവഗണിച്ചുകൊണ്ടുപോയാൽ സമൂഹത്തിന്റെ മാനസികാരോഗ്യത്തിന്റെ ഉറവിടത്തിൽത്തന്നെ മൊത്തം വിഷം കലർത്തപ്പെടാനിടയുണ്ടു്. ജീവിതത്തിലൊരിക്കൽ ഒരു പ്രത്യേക നിമിഷത്തിൽ ഒരു ഞെട്ടലോടുകൂടി നമ്മിൽ മിക്കവരും മനസ്സിലാക്കുന്ന ഒരു വസ്തുതയുണ്ടു്—ഒരു കാര്യം അച്ചടിക്കപ്പെട്ടു എന്ന കാരണത്താൽ മാത്രം അതു സത്യമായിരിക്കണമെന്നില്ല. "അച്ചടി എന്നെ എത്ര കബളിപ്പിച്ചു; ഇനിയും ഞാൻ സൂക്ഷിച്ചേ വായിക്കുകയുള്ളൂ" എന്ന് വിചാരിക്കുന്ന ആ നിമിഷം മാനസിക വളർച്ചയുടെ ഒരു നാഴികക്കല്ലായിത്തീരുന്നു. നാം പതിവായി നോക്കുന്ന ദിനപ്പത്രം തുടങ്ങി പല വാല്യങ്ങളിൽ പരന്നു കിടക്കുന്ന ബൃഹത് ഗ്രന്ഥങ്ങൾ വരെ പലതും നമ്മുടെ സംശയദൃഷ്ടിയിൽപ്പെടുന്നു. ഈ സന്ദർഭത്തിൽ പ്രസിദ്ധീകരണങ്ങൾക്കു വിലയിരുത്തി വകതിരിക്കുന്നതിനുള്ള മാനദണ്ഡങ്ങളുടെ ആവശ്യകത അടിയന്തിര സ്വഭാവമുള്ളതാണെന്ന് ബോദ്ധ്യമാകുന്നു.

ദൈനംദിനം എല്ലാ ദിക്കിൽനിന്നും ധർമ്മക്ഷതിയെപ്പററി ആലോചനാശീലന്മാർ പരിതപിക്കുന്നതു കേൾക്കാം. തെററിനേ ശരിയിൽനിന്നും വകതിരിക്കുന്നതിനുള്ള മാനദണ്ഡങ്ങൾതന്നെ ലോപിച്ചു ലോപിച്ചു് കണ്ടുകിട്ടാനില്ലെന്നായിട്ടുണ്ടത്രെ. ആത്മഹത്യാവാർത്തകളുടെ ഒരു ഘോഷയാത്രയുമായിട്ടാണ് ദിനപ്പത്രങ്ങൾ പുറപ്പെടുന്നതു്. മാനസികമായ സങ്കീർണ്ണതകളിൽപ്പെട്ടുഴലുന്ന മനുഷ്യർ തങ്ങളുടെ പ്രശ്നങ്ങളെ നേരിടുന്നതിനു സമർത്ഥരായിക്കാണപ്പെടുന്നു. നിരാശാഗർഭിതമായ ഭാവിയെനോക്കി അന്ധാളിക്കുന്നു. ഭ്രാന്തന്മാരും ഞരമ്പുരോഗികളും പെരുകുന്നു. യുവാക്കന്മാരും കുമാരന്മാരും കുമാരികളും ചെയ്യുന്ന അക്രമങ്ങളുടെ വാർത്തകൾ സാമൂഹ്യക്കുഴപ്പങ്ങളുടെ ഞെട്ടിപ്പിക്കുന്ന ചൂണ്ടുപലകയായി നിൽക്കുന്നു. സമൂഹത്തിന്റെ സംഘടനയിലും ജീവിതത്തിലും വന്നു

---

സാത്താനെ കീഴടക്കുവാൻ സാധിക്കയുള്ളൂ" എന്ന് നമുക്കു പ്രാർത്ഥിക്കാം-അകമഴിഞ്ഞു പ്രാർത്ഥിക്കാം-പരിത്യാഗപ്രവൃത്തികൾ ചെയ്തു് അവയെ ദൈവത്തിനു കാഴ്ചവയ്ക്കാം. ജപമാലഭക്തിക്കായി പ്രതിഷ്ഠിച്ചിട്ടുള്ള ഈ മാസത്തിൽ, ദിവ്യജനനിക്കും, തന്റെ പ്രിയസുതനും ഏററവും പ്രിയപ്പെട്ട ജപമാല പലപ്രാവശ്യം ത്യാഗബുദ്ധിയോടെ ചൊല്ലി നമ്മുടെ ഈ ആധുനികദുരിതങ്ങൾ നീങ്ങുവാനും, നാട്ടിൽ സമാധാനവും സംതൃപ്തിയും കളിയാടുവാനും നമുക്കു പ്രാർത്ഥിക്കാം. വിജയം നിശ്ചയം.

കൊണ്ടിരിക്കുന്ന കുത്തഴിയലിന്റെ കാരണമന്വേഷിച്ചുചെല്ലുമ്പോൾ ഈ കാലഘട്ടത്തിൽ ജനസാമാന്യത്തിന്റെ മേൽ പ്രസിദ്ധീകരണവ്യവസായത്തിനുണ്ടായിരിക്കുന്ന സ്വാധീനശക്തിയെ തങ്ങളുടെ ലക്ഷ്യപ്രാപ്തിക്കുവേണ്ടി ചൂഷണംചെയ്യുന്ന ആളുകളേയും സംഘടനകളേയും കണ്ടുമുട്ടുന്നു.

ഇന്നും എന്നും മനുഷ്യൻ അറിവിനുവേണ്ടി ദാഹമുള്ളവനാണു്. അറിയുന്നതിൽനിന്നുള്ള ആനന്ദമാണു് (the joy of understanding) മനുഷ്യന്റെ സർവ്വോൽകൃഷ്ടമായ സന്തോഷമെന്നു് പ്ലേറ്റോ പറഞ്ഞതു് ഇന്നും ശരിയാണു്. അറിയുവാനുള്ള നൈസർഗികമായ അഭിവാഞ്ഛയെ ചൂഷണം ചെയ്തു് മുതലെടുക്കുന്നതിനു് അച്ചടി, പ്രക്ഷേപണം മുതലായവയെ ഉപയോഗിക്കുന്നതിൽ കുറെ 'അറിവുള്ള അജ്ഞാനികൾ' തുനിഞ്ഞിറങ്ങിയിട്ടുണ്ടെന്നു മനസ്സിലാക്കുകയും ഇതേ ഉപാധികളുപയോഗിച്ചു തന്നെ ആ പരിശ്രമത്തെ തോല്പിക്കുകയും ചെയ്യേണ്ടതാണു്. ധർമ്മത്തേയും പുരോഗതിയേയും മററും നിർവ്വചിക്കുന്നതിനുള്ള അധികാരം സ്വയം ഏറെറടുത്തു് നിസ്വാർത്ഥരായ ജ്ഞാനികളേയും ആപ്തന്മാരേയും ആപ്തവചനങ്ങളേയും താറടിക്കുന്നതിൽ വ്യഗ്രത കാണിക്കുന്നവരിൽനിന്നും സാധാരണ വായനക്കാരനെ രക്ഷിക്കുന്നതിനുതകുന്ന നിരൂപണങ്ങൾ അവശ്യമായിത്തീർന്നിട്ടുണ്ടു്. വ്യക്തിസ്വാതന്ത്ര്യത്തിന്റെ സംരക്ഷകന്മാരായി ഭാവിക്കുന്ന ചിലർ മേല്പറഞ്ഞ വിധം പ്രസിദ്ധീകരണങ്ങളെ ത്യാജ്യഗ്രാഹ്യവിവേചനത്തിനു വിധേയമാക്കുന്നതിനെ പല്ലും നഖവും കൊണ്ടെതിർക്കുന്നതു കാണാം. ആർക്കും എന്തും വായിക്കുന്നതിനുള്ള സ്വാതന്ത്ര്യം പുലരണമത്രെ! സ്വന്തതാല്പര്യങ്ങൾക്കിണങ്ങുമ്പോഴൊക്കെ "നൂറുനൂറു പുഷ്പങ്ങൾ വികസിച്ചു വിലസുന്ന"തിനെ പ്രോത്സാഹിപ്പിക്കുന്നതിനിറങ്ങുകയും തങ്ങളുടെ താല്പര്യത്തിനനുഗുണമല്ലാത്ത പൂമൊട്ടുകളെ ചവുട്ടിത്തേയ്ക്കുകയും ചെയ്യുന്നതിന്റെ ഉദാഹരണങ്ങൾ സുലഭമാണു്. ഏതായാലും സുഗന്ധികളേയും ദുർഗന്ധവാഹികളേയും ഒരുപോലെ തങ്ങളുടെ തോട്ടങ്ങളിൽ വളർത്തിക്കൊള്ളണമെന്നുള്ള നിർബന്ധത്തിനു് വഴങ്ങാതിരിക്കുന്നതിനുള്ള സ്വാതന്ത്ര്യം സാധാരണ വായനക്കാരനുണ്ടായിരിക്കണം.

സമൂഹത്തിന്റെ ആരോഗ്യത്തെ കാംക്ഷിക്കുന്നവർക്കു മറക്കാനാവാത്ത ഒരു യാഥാർത്ഥ്യമുണ്ടു്—ഓരോ വ്യക്തിയും സ്വന്തം അനുഭവങ്ങളിൽനിന്നു മാത്രം പഠിക്കാമെന്നുവച്ചാൽ ഒരു പുരുഷായുസ്സുകൊണ്ടൊന്നും മനുഷ്യത്വത്തിന്റെ ഉൽകൃഷ്ടചര്യകളുടെ ബാലപാഠങ്ങൾ പോലും ഗ്രഹിക്കാൻ സാദ്ധ്യമാവുകയില്ല. ചരിത്രത്തിന്റെ ബോധപൂർവ്വമായ പഠനമാണു്, അല്ലാതെ ഇഷ്ടംപോലെ ചരിത്രം മാററിയെഴുതുന്നതല്ല സ്ഥായിയായ പ്രയോജനങ്ങൾ ഉണ്ടാക്കുന്നതിനു് സഹായിക്കുന്നതു്. ആളുകളുടേയും ജനപദങ്ങളുടേയും തെററുകൾ കണ്ടറിഞ്ഞു് സ്വജീവിതത്തിൽ അവയ്ക്കു സ്ഥാനം കൊടുക്കാതിരിക്കുന്നതാണു് ബോധപൂർവ്വമായ ചരിത്രപഠനം. ചരിത്രത്തെ മറക്കുവാനും മറിക്കുവാനും ശ്രമിക്കുന്നവർ 'പൊക്കിൾത്തണ്ടില്ലാത്ത ഒരു തലമുറയെ (a generation without a navel) സൃഷ്ടിക്കുന്നതിനു ശ്രമിക്കുന്നവരാണെന്നാണു് Aldous Huxley പറയുന്നതു്.

ടൺ കണക്കിനു പുറത്തുവരുന്ന അച്ചടിച്ച വാചകസമാഹാരങ്ങളെ വകതിരിക്കുന്നതിനുള്ള വ്യക്തമായ മാനദണ്ഡങ്ങൾ ആവശ്യമാണു്. മനുഷ്യജീവിതത്തിന്റെ പരമലക്ഷ്യം, ജന്മസാഫല്യം എന്തെല്ലാം കാര്യങ്ങളിൽ അടങ്ങിയിരിക്കുന്നുവോ അവയെ മുൻനിറുത്തി വേണം ആസ്വാദനസാമഗ്രികൾക്കു വിലകല്പിക്കുവാൻ. ഒരു കത്തോലിക്കനോടു് നീ എന്തിനായി ജീവിക്കുന്നു എന്നു ചോദിച്ചാൽ ചെറിയ വേദോപദേശത്തിൽനിന്നും അവൻ ഉദ്ധരിക്കും—ദൈവത്തെ അറിഞ്ഞു് സ്നേഹിച്ചു് തനിക്കു ശുശ്രൂഷചെയ്തു് നിത്യമായി രക്ഷപെടുവാൻ എന്നു്. എന്തൊക്കെ ഈശ്വരനെ അറിയുവാൻ സഹായിക്കുമോ അവയെ തിരഞ്ഞെടുത്തു പഠിക്കേണ്ടതാണെന്നും അങ്ങനെ ചെയ്യുന്നതിൽക്കൂടി ദൈവത്തെ സ്നേഹിക്കുവാൻ സാമർത്ഥ്യമുണ്ടാകുമെന്നും, ആ സാമർത്ഥ്യം തന്നെപ്പോലെ തന്റെ അയല്ക്കാരനെ സ്നേഹിക്കുന്നതിലാണുൾക്കൊണ്ടിരിക്കുന്നതെന്നും, ഇതൊക്കെയാണു് ജന്മസാഫല്യപ്രദമെന്നും ഉള്ള ധാരണകളുടെ അടിസ്ഥാനത്തിൽ വേണം ഒരു കത്തോലിക്കൻ വിവേചനം നടത്താൻ. ലോകം മുഴുവൻ നേടിയാലും നിത്യമായി രക്ഷപ്പെട്ടില്ലെങ്കിൽ ജീവിതം വ്യർത്ഥമാക്കിയില്ലേ?

അനാരോഗ്യകരമായ സാഹിത്യപ്രചാരത്തെ നിരുത്സാഹപ്പെടുത്തുന്നതിനോടൊപ്പംതന്നെ നല്ല സാഹിത്യം സുലഭമാക്കേണ്ടതുണ്ടു്. "സാഹിത്യം"

# കാവൽ മാലാഖയോട്

(കേക)

ഒ. അയ്യനേത്ത്

കേവലവിശുദ്ധിതൻ
    തൂവെള്ളിക്കതിർ തൂകി
കാവലായെന്നന്തികേ
    മരുവും മാലാഖയേ
ഇരവു പകലെന്നു-
    ള്ളന്തരമേലാതെ നീ
വിരവിലാരാൽ നിന്ന-
    ങ്ങനിശം കാക്കുന്നമേ.
ചേണമ്പും നവരത്ന
    ഖചിതമുടവാൾ നിൻ
പാണിയിൽപ്പേറി വിഭോ,
    പോരാളിവീരനെപ്പോൽ,
മാരകാരികളുടെ
    ഗളങ്ങളരിഞ്ഞെവ-
മമയലകറവവാ
    നൊരുങ്ങി നിൽക്കുന്നു നീ.
വിലയം വരാത്തനിൻ
    വിമലോന്മേഷമീക്കി-
ച്ചുളുലാനന്ദമധു-
    വൃരന്റെൻമനതാരിൽ.
ജീവനമ്മെന്മെയ്യതിൽ
    പകർന്നനേരം മുതൽ
ജീവേശൻ നിന്നെ മമ
    കാവൽ മാലാഖയാക്കി.
വിരുതൻ പിശാചെന്നെ
    വിനയിൽ കുരുക്കുവാൻ
വരുമ്പോൾ കരാളമാം
    കരവാൾ ചുഴററി നീ,
തുരത്തി ദൂരെയാക്കു
    ന്നാക്ഷണ, മിരുൾദിന-
കരകിരണാവലി
    കാണവേ മായുന്നില്ലേ
പാപകൂപത്തിൻ വക്കിൽ
    ഞാൻ കിടന്നുറങ്ങുമ്പോൾ
വേപഥുവാർന്നീയെന്നെ
    വിളിച്ചുണർത്തി നീ,
സ്വർഗ്ഗീയ ചിന്താമണി-
    ത്തേരതിലേറെനേരം
സ്വച്ഛന്ദം സഞ്ചരിക്കാ-
    നേകുന്നു പ്രചോദനം.
ഹാ! സുഭഗനേ, തവ-
    സേവന സന്നദ്ധതാ-
ഭാസ്സിവൻ ദർശിക്കവേ
    ഭക്തിതൻ മാധ്വീരസം
വന്നേറിവരണ്ടോരെൻ
    ഹൃദയം നിറയുന്നു.
വന്ദേഹം വിശേഷോത്തര
    വിമല വിഭൂതിയേ!

II

കരവാൾ കവച്ചു നീ
    ക്രൂരിരുൾ നീങ്ങി-
പ്രഭാകിരണം പരന്നു സം-
    പൂതമാകട്ടെ ലോകം.
നിർമ്മല വെളിച്ചത്തിൻ
    വഴി നീ തെളിക്കേണം
നിന്മലരടികണ്ടു
    സഞ്ചരിക്കട്ടെയിവൻ!

---

ജീവിതത്തിനുനേരെ തിരിച്ചുവച്ച ദർപ്പണം മാത്രമായാൽ പോരാ. മാർഗ്ഗഭ്രംശങ്ങളെ മനസ്സിലാക്കി അവയോട് ധാർമ്മികരോഷമുണ്ടാകുന്നതിനു മാത്രം ജീവിതത്തിന്റെ ദുഷിച്ച വശങ്ങളെ ചിത്രീകരിക്കുകയും കുഴഞ്ഞുമറിഞ്ഞ ജീവിതവ്യാപാരങ്ങൾക്കിടയിൽ തെററുകളെ വെറുക്കുകയും നന്മയും നീതിയും വായനക്കാരൻ കൂട്ടായിത്തീരാൻ പ്രചോദനം നൽകുകയും ചെയ്യുന്ന കൃതികൾക്ക് അഴകും ആകർഷകതയും നൽകി പ്രസിദ്ധീകരിക്കേണ്ടതും ആവശ്യമാണ്. എല്ലാ പടിയിലുമുള്ള സാമൂഹ്യപ്രതത്തകരും വിദ്യാദാനത്തിലേർപ്പെട്ടിരിക്കുന്നവരും തങ്ങളുടെ സ്വാധീനം പരമാവധി ഉപയോഗിച്ച് സൽകൃതികൾ കൂടുതൽ വായിക്കപ്പെടുന്നതിനിടയാക്കുകയും സാഹിത്യാഭാസങ്ങളുടെ പുറംപൂച്ച് വെളിപ്പെടുത്തുകയും ചെയ്ത് അച്ചടിച്ച നുണകളുടെ തിരക്കിൽപ്പെട്ടുഴലുന്ന സാമാന്യജനങ്ങളെ സഹായിക്കേണ്ടത് ഒരു പ്രധാന ചുമതലയായിക്കരുതേണ്ടതാണ്.

സത്യം, നീതി, ജനാധിപത്യം, മതം ഇവയുടെ സനാതനമായ തത്വങ്ങൾക്കും മനുഷ്യസമുദായത്തിന് സ്ഥായിയായ സൗഖ്യം പ്രദാനംചെയ്യുന്ന എല്ലാ കാര്യങ്ങൾക്കും വേണ്ടി രചിക്കപ്പെടുന്ന കൃതികൾ പ്രചരിക്കുന്നതിന്റെ തോതനുസരിച്ച് ജനതയുടെ മാനസികാരോഗ്യവും സാമൂഹ്യസൗഹാർദ്ദവും മാനുഷികബന്ധങ്ങളിലുള്ള സൗമനസ്യവും അഭിവൃദ്ധിപ്പെടുമെന്നുള്ളതിന് മനുഷ്യസംസ്കാരത്തിന്റെ ചരിത്രംതന്നെയാണു തെളിവ്.

## പുതിയ പുസ്തകം

**പൂമാല.** രചയിതാ—സൈറസ് ആലക്കാട്ടുശേരി, തുമ്പോളി. അപ്പസ്തോലിക് സെമ്മിനാരി, ആലുവാ. 1957; വശങ്ങൾ 12, വില 12 ന.പ.

സ്വർഗ്ഗാരോപിതകന്യകയുടെ കിരീടത്തിലെ പന്ത്രണ്ടുനക്ഷത്രങ്ങളുടെ പ്രതിരൂപങ്ങളാണ് പൂമാലയിലെ പന്ത്രണ്ടു ഗാനങ്ങളെന്നു പറയാം. കവിതയും ഗാനവും ഇതിൽ ഒത്തിണങ്ങിയിട്ടുണ്ട്. ലൗകായതികത്വം പകരുന്ന പാത്രങ്ങൾതന്നെ ആദ്ധ്യാത്മികത്വം പകരുവാൻ ഉപയോഗപ്പെടുത്തിയിരിക്കുന്നതു നന്നായിരിക്കുന്നു.

---


# കാർമ്മൽ

മലബാർ പ്രോവിൻസിലെ നിഷ്പാദുക കർമ്മലീത്താ ഒന്നാം സഭാസന്യാസികളുടെ മേൽനോട്ടത്തിൽ ജാനുവരി, ഏപ്രിൽ, ജൂലൈ, ഒക്ടോബർ എന്നീ മാസങ്ങളുടെ മദ്ധ്യത്തിൽ

പ്രസിദ്ധപ്പെടുത്തുന്ന

## ★ ഒരു ത്രൈമാസികം ★

ഉദ്ദേശ്യങ്ങൾ —അഗാധമായ ആദ്ധ്യാത്മികജീവിതം പോഷിപ്പിക്കുക, മരിയഭക്തി പ്രചരിപ്പിക്കുക, പ്രേഷിതപ്രവർത്തനങ്ങൾ പുലർത്തുക മുതലായവ. വരിപ്പണം ആണ്ടൊന്നിനു് മുൻകൂർ 1 രൂ.50ന.പ.

വരിപ്പണത്തിൻെറ മൂന്നിലൊന്നു് **കമ്മീഷൻ** ഏജൻറന്മാക്കു്.

കത്തിടപാടുകൾക്കുള്ള മേൽവിലാസം :

വരിപ്പണം സംബന്ധിച്ചു്.. മാനേജർ, "കാർമ്മൽ", സെൻറ് ജോസഫ്സ് പ്രസ്സ്, തിരുവനന്തപുരം-1
ലേഖനങ്ങൾ സംബന്ധിച്ചു്:—പത്രാധിപർ, കാർമ്മൽഹിൽ, തിരുവനന്തപുരം-1


---

## വിഷയവിവരം


| | | വശം |
|---|---|---|
| 1. | ആ വെല്ലുവിളി | 111 |
| 2. | ഞാൻ ഒരു സ്ത്രീ ആയിപ്പോയല്ലോ ദൈവമേ! | 113 |
| 3. | ധർമ്മപ്രവൃത്തികൾക്കു പലിശ നൂറുശതമാനം | 115 |
| 4. | അമ്മാവിയമ്മ (ഏകാങ്കം) | 118 |
| 5. | അത്ഭുതങ്ങൾ | 123 |
| 6. | പാവനസൂനം (കവിത) | 129 |
| 7. | പ്രകൃത്യാതീത ദൈവസാന്നിദ്ധ്യം | 130 |
| 8. | സ്നേഹത്തിൻെറ സമ്മാനം (കവിത) | 131 |
| 9. | ആദ്ധ്യാത്മികശൈശവത്തിൻെറ അദ്ധ്യാപിക | 133 |
| 10. | നന്മനിറഞ്ഞ മറിയം—പ്രാർത്ഥന V | 135 |
| 11. | മിഷ്യൻ ഞായർ | 138 |
| 12. | ജപമാല | 140 |
| 13. | വായന | 142 |
| 14. | കാവൽമാലാഖയോടു് (കവിത) | 144 |

Lic. No. 581 CARMEL Telephone No. 2286


## ഞങ്ങളുടെ ചില പ്രസിദ്ധീകരണങ്ങൾ

| | | രൂ. | ന. പ. |
|---|---|---|---|
| 1. | ഞാൻ കണ്ട യൂറോപ്പ് | 0 | 50 |
| 2. | ആത്മപോഷിണി | 0 | 37 |
| 3. | കർമ്മലമാതാവിനോടുള്ള പ്രാർത്ഥനകൾ | 0 | 16 |
| 4. | കർമ്മല മൂന്നാംസഭാ മാനുവൽ | 0 | 50 |
| 5. | കർമ്മലീത്താ മൂന്നാംസഭാ പ്രാർത്ഥനകൾ | 0 | 12 |
| 6. | വി. യോഹന്നാൻ ക്രൂസിൻെറ കരുതലുകൾ | 0 | 9 |
| 7. | മറിയാനുകരണം | 0 | 62 |
| 8. | സുകൃതസരണി | 1 | 87 |
| 9. | മറിയമകനീശോ | 0 | 87 |
| 10. | **Happiness for priests** | 1 | 0 |
| 11. | **A Man of God** (Biography of Archbishop Benziger) | 4 | 50 |
| 12. | പീഡകളുടെ മനുഷ്യൻ | 0 | 37 |
| 13. | സുവിശേഷസാരം | 0 | 37 |

*N. B.* പത്തിൽ കൂടുതൽ പുസ്തകം എടുക്കുന്നവർക്ക് 25% കമ്മീഷൻ. Manager

ST. JOSEPH'S PRESS, TRIVANDRUM-1

# തിരുവസ്ത്രത്തിൻെറ പ്രേഷിതകേന്ദ്രം

ഉത്തരീയഭക്തരുടെ വാസനാവൈവിധ്യത്തെ കഴിയുന്നത്ര തൃപ്തിപ്പെടുത്തുന്നതിനു് വിവിധതരത്തിലുള്ള കർമ്മലോത്തരീയങ്ങൾ ഞങ്ങൾ തയ്യാറാക്കിയിട്ടുണ്ടു്. ചെറിയ തട്ടുള്ള സാധാരണ ഉത്തരീയം ഡസനു് 75 ന. പ. വലിയ തട്ടുള്ള സാധാരണ ഉത്തരീയം ഡസനു് 94 ന. പ. ചെറിയ തട്ടും ഒരു വശത്തുമാത്രം പ്ലാസ്റ്റിക്കുമുള്ള ഉത്തരീയം ഡസനു് 94 ന. പ. വലിയ തട്ടും നീളം കൂടിയ ചരടും ഒരു വശത്തുമാത്രം പ്ലാസ്റ്റിക്കും ഉള്ളതു ഉത്തരീയം ഡസനു് 1 ക. 12 ന. പ. കറുപ്പു്, ചുവപ്പു് എന്നീ നിറങ്ങളിലുള്ള പട്ടുചരടാണു് സാധാരണയായി ഉത്തരീയത്തിനു് ഉപയോഗിച്ചിരിക്കുന്നതു്.

ഉത്തരീയഭക്തിയെ സംബന്ധിച്ച ചെറുപുസ്തകത്തിനു് 9 ന. പ. പ്രാർത്ഥനാസഹിതമുള്ളതിനു് 16 ന. പ. ഡസനു് 12 ന. പ. കമ്മീഷനും നൽകുന്നതാണു്. കച്ചവടക്കാർക്കു്, 10 ഡസൻ ഉത്തരീയമെങ്കിലും ആവശ്യപ്പെടുന്ന പക്ഷം, ഡസനു് 6 ന. പ യും, 25 ഡസൻ ആവശ്യപ്പെടുന്നപക്ഷം 12 ന. പ.യും കമ്മിഷൻ കൊടുക്കുന്നതാണു്. എന്നാൽ അവർക്കു് വി. പി. പി. ആയിട്ടേ അയച്ചുകൊടുക്കുവാൻ നിവൃത്തിയുള്ളു.

ഉത്തരീയത്തിൻെറ വില മണിഓർഡർ ആയോ ചെക്കായോ (Crossed Cheque) അയയ്ക്കാം. ചെക്കു് അയയ്ക്കുന്നവർ ദയവായി ബാങ്കു കമ്മീഷൻ കൂടെ അയച്ചുതരുവാൻ വിസ്മരിക്കരുതു്. ഉത്തരീയത്തിൻെറ വില താമസംവിനാ അയച്ചാൽമാത്രമേ പുതിയ ഉത്തരീയങ്ങൾ വീണ്ടും തയ്യാറാക്കുന്നതിനു സാധിക്കയുള്ളുന്നു. ആകയാൽ ഇക്കാര്യത്തിൽ ഏവരുടേയും സഹകരണം അഭ്യർത്ഥിച്ചുകൊള്ളുന്നു. ഉത്തരീയഭക്തരുടെ ആവശ്യാനുസരണം ഉത്തരീയം നൽകണമെന്നല്ലാതെ ലാഭമുണ്ടാക്കണമെന്ന ഉദ്ദേശ്യം ഞങ്ങൾക്കില്ല.

താഴെക്കാണുന്ന മേൽവിലാസത്തിൽ ആവശ്യപ്പെടുക.

Director, Scapular Apostolate, Carmel Hill Monastery, Trivandrum-1.


Edited by Very Rev. Fr. Eliseus O. C. D., printed and published by Rev. Br. Fidelis O. C. D., at St. Joseph's Press, Trivandrum, with permission of Eccl. Superiors.